# സി.എസ്.ററി സഭാചരിത്രം



[illegible]

[illegible]

# സി. എസ്. റ്റി. സഭാചരിത്രം

ACHARYA PALACKAL JEEVASSKENDRAM
LIBRARY
ALUVA

DHARMARAM VIDYA KSHETRAM
Central Library
BANGALORE 560 029

DHARMARAM COLLEGE
LIBRARY
BANGALORE-29

വർഗീസ് കാഞ്ഞിരത്തുങ്കൽ

DHARMARAM VIDYA KSHETRAM
LIBRARY
Ac. No. 11062534
Call No. K87 /K132

*Published by*

**C. S. T. Generalate, Mookkannoor**

# ആമുഖക്കുറിപ്പ്

കടന്നുപോയ കാലഘട്ടത്തിൻെറയും പിന്നിട്ടുപോന്ന സംഭവഗതികളുടെയും സമഗ്രവും സത്യസന്ധവുമായ വിവരണമാണല്ലൊ ചരിത്രം. ജീവിതം ഒരു തുടർപ്രക്രിയയോ അനുസ്യൂത പ്രതിഭാസമോ ആകയാൽ ഇന്നലെകളിലെ ജീവിതത്തോടു ബന്ധപ്പെട്ടാണ് ഇന്നത്തെയും നാളത്തെയും ജീവിതം നിലകൊള്ളുന്നതു്. ആ നിലയിൽ ഇന്നലത്തെ ജീവിതം എങ്ങനെയായിരുന്നുവെന്നറിയുന്നതു് ഇന്നത്തെയും നാളത്തെയും ജീവിതം കരുതലോടെ കരുപ്പിടിപ്പിക്കുവാൻ സഹായകമായിരിക്കും. അതുതന്നെയാണ്, ഇന്നലെകളെ പ്രതിപാദ്യവിഷയമാക്കുന്ന ചരിത്രത്തിൻെറ പ്രസക്തിയും പ്രാധാന്യവും. ഒരു സ്ഥാപനത്തെയോ സമൂഹത്തെയോ സംബന്ധിച്ചു പറഞ്ഞാൽ അതിൻെറ അതീതകാല ചരിത്രം അതിനോടു് ഓരോ വിധത്തിൽ ബന്ധപ്പെട്ടിട്ടുള്ളവർക്കും ഇനിയും ബന്ധപ്പെടാനിടയുള്ളവർക്കും പല പ്രകാരത്തിൽ പ്രചോദനത്തിൻെറ ഉറവിടവും മാർഗ്ഗദർശനത്തിൻെറ ദീപശിഖയുമായിരിക്കും. പൊതുജനമദ്ധ്യത്തിൽ ശരിയായ ധാരണയ്ക്കും വിലയിരുത്തലിനും കൂടി ആ ചരിത്രം പ്രയോജനപ്പെട്ടെന്നുവരാം.

സി. എസ്. ററി. സഭയുടെ ഈ ചരിത്ര പ്രസിദ്ധീകരണത്തിനു ഞങ്ങളെ പ്രേരിപ്പിച്ചതു് മുഖ്യമായും ഉപരി പരാമർശിച്ച ചിന്താഗതിയാണെന്ന് ആദ്യമെ പ്രസ്താവിച്ചുകൊള്ളട്ടെ.

1931 മാർച്ച് 19–ാം തീയതി ഔപചാരികമായി ആരംഭം കുറിച്ച സി. എസ്. ററി. സഭ, ദശവർഷങ്ങൾ നീണ്ട ചരിത്രത്തിൻെറ ഇടനാഴിയിലൂടെ പല അഗ്നിപരീക്ഷണങ്ങളെയും അതിജീവിച്ചാണ് ഇന്നു് ഈ നിലയിൽ എത്തിയിരിക്കുന്നതു്. സംഭവബഹുലമായ ഈ കാലഘട്ടത്തിനിടയ്ക്കു് പല പ്രകാരത്തിലുള്ള തട്ടും തലോടലും സഭയ്ക്കുണ്ടായിട്ടുണ്ട്. വളർച്ചയും തളർച്ചയും അനുഭവവേദ്യമായിട്ടുണ്ട്. തെററിദ്ധാരണകൾക്കും വിവാദങ്ങൾക്കും വിധേയമായിട്ടുണ്ട്. നിർണ്ണായകമായ ആ കാലഘട്ടങ്ങളിലെല്ലാം ദൈവപരിപാലനയുടെ

അദൃശ്യകരങ്ങൾ സി. എസ്. ററി. സഭയെ എങ്ങനെ കാത്തു സംരക്ഷിച്ചു മുന്നോട്ടാനയിച്ചുവെന്നും സഭയെ നേരിട്ട പ്രതിബന്ധങ്ങളെയും പ്രതിസന്ധികളെയും സഭാംഗങ്ങൾ എങ്ങനെ വിജയകരമായി തരണംചെയ്തുവെന്നും തികച്ചും യഥാതഥമായി പ്രതിപാദിക്കുവാനാണ് ഞങ്ങൾ ഇവിടെ ശ്രമിച്ചിരിക്കുന്നതു്. സംഭവങ്ങളെയും ചരിത്രസാഹചര്യങ്ങളെയും നിഷ്പക്ഷമായും ഉണ്മയുടെ തനിമയോടെയും രേഖപ്പെടുത്തുവാനല്ലാതെ, വസ്തുതകളെ വളച്ചൊടിക്കുവാനൊ യാഥാർത്ഥ്യങ്ങളെ മറച്ചുവയ്ക്കുവാനോ ഞങ്ങൾ ഉദ്യമിച്ചിട്ടില്ല. ചരിത്രവിവരണത്തിൻെറ സമർത്ഥനത്തിനും സാധുതയ്ക്കും, അനപേക്ഷണീയമായതിൽ കവിഞ്ഞുള്ള വൈയക്തിക പരാമർശനങ്ങൾ ഒഴിവാക്കുവാൻ പ്രത്യേകം ശ്രദ്ധിച്ചിട്ടുള്ള കാര്യവും എടുത്തുപറയുവാൻ ആഗ്രഹിക്കുന്നു.

സി. എസ്. ററി. സഭയുടെ താല്പര്യമനുസരിച്ച്, പ്രസിദ്ധ സാഹിത്യകാരനായ ശ്രീ. വറുഗീസ് കാഞ്ഞിരത്തുങ്കലാണ് ഈ ചരിത്രരചന നിർവഹിച്ചിരിക്കുന്നതു്. ലഭ്യമായ എല്ലാ ചരിത്രരേഖകളും പരിശോധിച്ച് യഥാസന്ദർഭം വിന്യസിച്ചും ബന്ധപ്പെട്ടവരുമായുള്ള അഭിമുഖസംഭാഷണത്തിലൂടെയും ആധികാരികമായ കത്തുകളിലൂടെയും ഓർമ്മക്കുറിപ്പുകളിലൂടെയും സമാഹരിച്ച വസ്തുതകൾ യഥാതഥം ഉൾക്കൊള്ളിച്ചും തൃപ്തികരമായ രീതിയിൽ ചരിത്രരചന നിർവഹിച്ച അദ്ദേഹത്തോട് ഞങ്ങൾക്കുള്ള നന്ദി ഇവിടെ രേഖപ്പെടുത്തുകയാണ്.

ചുരുങ്ങിയ സമയത്തിനുള്ളിൽ ഈ ഗ്രന്ഥത്തിൻെറ അച്ചടി പൂർത്തിയാക്കിത്തന്ന വിയാനി പ്രസ്സ് മാനേജുമെൻറിനോടും ഞങ്ങൾക്കുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

സി.എസ്.ററി. സഭാസ്ഥാപകനും ബാലാരിഷ്ടതകളിൽ നിന്നും സഭാശിശുവിനെ വാത്സല്യപൂർവ്വം സംരക്ഷിച്ച സ്നേഹപിതാവുമായിരുന്ന അഭിവന്ദ്യ കണ്ടത്തിൽ മാർ ആഗുസ്തീനോസ് മെത്രാപ്പോലീത്താതിരുമേനിയുടെയും, സന്ന്യാസ സാഹോദര്യത്തിൻെറ വ്യക്തിത്വവും തനിമയും നിലനിർത്തിക്കൊണ്ട് സഭാവിഭജനം യാഥാർത്ഥ്യമാക്കിയ സ്നേഹോദാരചരി

തനും ക്രാന്തദശിയുമായിരുന്ന അത്യുന്നത കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയുടെയും പാവനസ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലി അർപ്പിക്കുവാനും ഈ അവസരം ഞാൻ വിനിയോഗിക്കുന്നു.

പൈതൃകമായ സ്നേഹവാത്സല്യത്തോടെ, സി.എസ്.റ്റി. സഭയ്ക്കു രക്ഷാധികർത്തൃത്വം നല്കിക്കൊണ്ടിരിക്കുന്ന എറണാകുളം അതിരൂപതാദ്ധ്യക്ഷൻ അത്യുന്നത കർദ്ദിനാൾ മാർ ആൻറണി പടിയറ തിരുമേനിയോടുള്ള അഗാധമായ കടപ്പാടും നന്ദിയും സാദരം രേഖപ്പെടുത്തുന്നതോടൊപ്പം, സാദരസ്മരണാർഹനായ പാറേക്കാട്ടിൽ പിതാവിൻെറ കാലംമുതൽ അതിരൂപതാഭരണകാര്യാലയ ചുമതലക്കാരനെന്നനിലയിൽ സി.എസ്. റ്റി. സഭയോടു പല പ്രകാരത്തിൽ ബന്ധപ്പെടുകയും സഭയുടെ വളർച്ചയിൽ സജീവതാല്പര്യം പ്രകടിപ്പിക്കുകയും ചെയ്തുപോന്ന, നവാഭിഷിക്തനായ സഹായമെത്രാൻ അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്തു പിതാവിനോടുള്ള സ്നേഹാദരവുകൾ പ്രകാശിപ്പിക്കുകയും സി.എസ്.റ്റി. സഭയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥയായ വി. ചെറുപുഷ്പത്തിൻെറ അനർഗ്ഗളമായ അനുഗ്രഹവർഷത്തിനായി ഹൃദയപൂർവ്വം പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ട് സി.എസ്.റ്റി. സഭയുടെ ഈ പ്രഥമചരിത്ര സമ്പുടം കേരളസഭാസമക്ഷം സവിനയം സമർപ്പിച്ചുകൊള്ളുന്നു.

**ബ്ര. ജോസഫ് മുണ്ടുമൂഴിക്കര സി. എസ്. റ്റി.**
സുപ്പീരിയർ ജനറൽ

സി. എസ്. റ്റി. ജനറലേററ്
മൂക്കന്നൂർ
20–12–1992

# രണ്ടു വാക്ക്

സി. എസ്. ററി. സഭയെപ്പററി, കാര്യമായ പിടിപാടൊന്നും ഇല്ലാതിരുന്നതുകൊണ്ട്, സഭയുടെ ചരിത്രരചനാസംബന്ധമായ ചുമതല ഏറെറടുക്കണമെന്നു സഭയുടെ സുപ്പീരിയർ ജനറൽ റവ. ബ്രദർ ജോസഫ് മുണ്ടുമൂഴിക്കര സി.എസ്.ററി. ആവശ്യപ്പെട്ടപ്പോഠം അല്പം ആശങ്കയോടെയാണ് ആ സംരംഭത്തോടു സഹകരിക്കാൻ ഞാൻ സന്നദ്ധനായതു്. എന്നാൽ, ചരിത്രരചനയ്ക്കു സഹായകമായ രേഖകളും കുറിപ്പുകളും മററു വസ്തുതകളും ലഭ്യമായതോടെ ഉത്സാഹപൂർവ്വം ഞാൻ അവയുടെ പരിശോധനയിലും പഠനത്തിലും ഏർപ്പെട്ടു. കൂട്ടത്തിൽ പ്രായം ചെന്ന ഏതാനും സഭാംഗങ്ങളുമായി ആശയസംവാദവും നടത്തി. അങ്ങനെ സമാഹരിച്ച അറിവുകളുടെ അടിസ്ഥാനത്തിൽ ഈ ചരിത്രരചന പൂർത്തിയാക്കുകയും ചെയ്തു.

രേഖകളുടെയും തെളിവുകളുടെയും പശ്ചാത്തലത്തിൽ, സംഭവങ്ങഠം സ്വയം സംസാരിക്കുന്ന രീതിയിലുള്ള ഒരു രചനാശൈലിയാണ് ഞാൻ ഇവിടെ സ്വീകരിച്ചിരിക്കുന്നതു്. ഏകപക്ഷീയമായ നിഗമനങ്ങളോ സ്വകീയമായ അഭിപ്രായപ്രകടനങ്ങളോ ഒഴിവാക്കുവാൻ കഴിയുന്നതും ശ്രദ്ധിച്ചിട്ടുണ്ട്. എങ്കിലും ചരിത്രഗതിയുടെ സത്യസന്ധമായ അനാവരണത്തിനു് അനിവാര്യമായ ചില പരാമർശങ്ങഠം ചേർക്കേണ്ടതായും വന്നിട്ടുണ്ട്. ചരിത്രയാഥാർത്ഥ്യങ്ങളോടുള്ള പ്രതിബദ്ധതയുടെ പേരിൽ അതു ക്ഷന്തവ്യമായിരിക്കുമെന്നും കരുതുന്നു.

ഈ ചരിത്രരചന അനായാസകരമാക്കുവാനുള്ള എല്ലാവിധ പ്രോത്സാഹനങ്ങളും യഥാവസരം നല്കിയ ബ. സുപ്പീരിയർ ജനറലിനോടും സഭയിലെ മററ് അംഗങ്ങളോടുമുള്ള നന്ദിയും ഷഷ്ഠിപൂർത്തി കഴിഞ്ഞ സി. എസ്. ററി. സഭയുടെ ഒരു ചരിത്രം ഇതാദ്യമായി എഴുതാൻ സാധിച്ചതിലുള്ള കൃതാർത്ഥതയും കൂടി ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ.

കടുത്തുരുത്തി
15–12–1992

**വർഗീസ് കാഞ്ഞിരത്തുങ്കൽ**



സി. എസ്. ററി. സഭാസ്ഥാപകൻ

**മാർ അഗസ്ററിൻ കണ്ടത്തിൽ**



എറണാകുളം വികാരി അപ്പസ്തോലിക്ക


**മാർ ളൂയിസ് പഴേപറമ്പിൽ**



സന്ന്യാസ സാഹോദര്യത്തിന്റെ തനിമയും വ്യക്തിത്വവും
നിലനിർത്തിക്കൊണ്ട് സഭാവിഭജനം നടത്തിയ

**അത്യുന്നത കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ**

സി. എസ്. ററി. സഭയുടെ രക്ഷാധികാരി



സി. എസ്. ററി. സഭയുടെ രക്ഷാധികാരി

**അത്യുന്നത കർദ്ദിനാൾ ആൻറണി പടിയറ**




സി. എസ്. ററി. സഭയുടെ സഹ രക്ഷാധികാരി

**മാർ ജേക്കബ് മനത്തോടത്ത്**




1979-ൽ സഭാവിഭജന സമയത്തുണ്ടായിരുന്ന സഹോദരന്മാർ



സി. എസ്. ററി. സഭയ്ക്കു് പ്രതിബന്ധങ്ങളും പ്രതിസന്ധികളും നേരിട്ട അവസരത്തിൽ അവയെ വിജയപൂർവ്വം തരണംചെയ്യുന്നതിനു നേതൃത്വം നല്കുകയും പൈതൃകമായ സ്നേഹവാത്സല്യത്തോടെ രക്ഷാധികർത്തൃത്വം നൽകിക്കൊണ്ടിരിക്കുകയും ചെയ്യുന്ന താമരശ്ശേരി രൂപതാദ്ധ്യക്ഷൻ

**മാർ സെബാസ്ററ്യൻ മങ്കുഴിക്കരി**




അത്യുദാരമായ സ്നേഹത്തോടെ സി. എസ്. ററി. സഭയെ പ്രോത്സാഹിപ്പിക്കുകയും നയിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന മാനന്തവാടി മെത്രാൻ

**മാർ ജേക്കബ് തൂങ്കുഴി**



പൈതൃകമായ സ്നേഹത്തോടെ സി. എസ്. ററി. സഭയെ നയിച്ചുകൊണ്ടിരിക്കുന്ന കോതമംഗലം മെത്രാൻ

**മാർ ജോർജ്**
**പുന്നക്കോട്ടിൽ**




സി. എസ്. ററി. സഭയുടെ വളർച്ച താൽപര്യപൂർവ്വം വീക്ഷിക്കുകയും നയിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന തലശ്ശേരി മെത്രാൻ

**മാർ ജോർജ് വലിയമററം**

## സി. എസ്. റ്റി. സഭാവിഭജനശേഷം
## തെരഞ്ഞെടുക്കപ്പെട്ട സുപ്പീരിയർ ജനറാളന്മാർ




റവ. ബ്രദർ അൽഫോൻസ്
മാടശ്ശേരി C.S.T.



റവ. ബ്രദർ ബോർജിയ
അണ്ണാത്തുകുഴി C.S.T.



റവ. ബ്രദർ ഫിലിപ്പ് മൂലൻ
C.S.T.



റവ. ബ്രദർ ജോസഫ്
മുണ്ടമൂഴിക്കര C.S.T.

ഒന്ന്

# മഹത്തായ ഒരു ദാനത്തിൽ നിന്നു തുടക്കം

കുളങ്ങര ഇട്ടീരാ ഗർവാസിസ് മൂക്കന്നൂരെ ഒരു പ്രമുഖ കത്തോലിക്കകുടുംബത്തിലെ അംഗമായിരുന്നു. അവിവാഹിതനായ അദ്ദേഹം ഒരു അല്പമായ പ്രേഷിതനായി ഭക്തജീവിതം നയിക്കാൻ ആഗ്രഹിച്ചിരുന്നു. സന്ന്യാസസഹോദര പ്രസ്ഥാനത്തോടായിരുന്നു അദ്ദേഹത്തിനു് കൂടുതൽ താൽപര്യവും ആഭിമുഖ്യവും. അക്കാലത്തു് എറണാകുളം രൂപതയിൽ വേദപ്രചാര പ്രവർത്തനങ്ങളിലും അനാഥാലയ സംരക്ഷണത്തിലും മററും ഏർപ്പെട്ടിരുന്ന സേവനനിരതനായ ലൂയീസ് ബ്രദറുമായി സമ്പർക്കം പുലർത്തുവാൻ അവസരം ലഭിച്ചതാകാം സഹോദരസന്ന്യാസപ്രസ്ഥാനത്തോടു് ഗർവാസിസിനു് സവിശേഷമായ ആകർഷണം തോന്നാൻ കാരണം.

ഏതായാലും ആദർശധീരനായ ഗർവാസിസ്, തനിക്കു് അവകാശപ്പെട്ട കുടുംബസ്വത്തു് സഭയ്ക്കും സമൂഹത്തിനും ശാശ്വതനന്മ കൈവരുത്തുവാൻ ഉപകരിക്കുന്ന ഒരു സന്ന്യാസസഹോദരപ്രസ്ഥാനം ആരംഭിക്കുന്നതിനുവേണ്ടി ഒന്നിനു പിറകേ ഒന്നായി മൂന്നു ദാനാധാരങ്ങൾവഴി എറണാകുളം രൂപതാദ്ധ്യക്ഷനു കൈമാറി. സ്വന്തം വീതത്തിൽപ്പെട്ട ഏതാണ്ടു് അൻപതു് ഏക്കർ ഭൂപ്രദേശമാണ് ഗർവാസിസ് രൂപതയ്ക്കു വിട്ടുകൊടുത്തതു്.

മൂക്കന്നൂരിൽ താമസിയാതെ ഒരു സന്ന്യാസസഹോദര പ്രസ്ഥാനം സ്ഥാപിക്കണമെന്നുള്ളതായിരുന്നു ദാനാധാരത്തിലെ പ്രധാന വ്യവസ്ഥ. സഹോദരസ്ഥാപനംവഴി അനാഥസംരക്ഷണം, തൊഴിൽപരിശീലനം, ഗ്രാമവികസനം, പ്രേഷിതപ്രവർത്തനം ആദിയായ കർമ്മപരിപാടികളും പ്രായോഗികമാക്കണമെന്നു് ദാതാവു് ആഗ്രഹിച്ചിരുന്നതായി ആധാരങ്ങൾ വ്യക്തമാക്കുന്നുണ്ടു്.

## ആധാരങ്ങൾ–അടിസ്ഥാനങ്ങൾ

ചരിത്രത്തിൻെറ വിശ്വാസ്യതയ്ക്കും പ്രതിപാദ്യത്തിൻെറ പൂർണ്ണതയ്ക്കും വേണ്ടി പ്രസ്തുത ദാനാധാരങ്ങൾ മുഴുവനായി ത്തന്നെ ഇവിടെ ഉദ്ധരിക്കുകയാണ്:

I

ആയിരത്തി എൺപത്തയ്യാമാണ്ട്, മിഥുനമാസം പതി നെട്ടാം തീയതി കൊച്ചിശീമ എറണാകുളം പ്രവൃത്തിയിൽ കോവിൽവട്ടം മുറിയിൽ എറണാകുളം സുറിയാനിമെത്രാസന അരമനയിൽ ഇരിക്കും എറണാകുളം വികാരി അപ്പസ്തോ ലിക്കയായ എത്രയും പെരിയ പെരിയ ബഹുമാനപ്പെട്ട പഴേ പറമ്പിൽ മാർ ളൂയീസ് മെത്രാനച്ചൻ അവർകൾ പേർക്ക്, തിരുവിതാംകൂർ സംസ്ഥാനം ആലങ്ങാട്ട താലൂക്ക് കോതക ളങ്ങര പ്രവൃത്തി മൂക്കന്നൂരുകരയിൽ കുളങ്ങര നസ്രാണി ക്രിസ്തുമതം ഇട്ടീരായുടെ മക്കൾ, കൃഷി മുപ്പത്തൊൻപതു വയസ്സായ ഗർവാദീസും മുപ്പത്തേഴുവയസ്സായ പൌലോസും ടി കരയിൽ കുരിശുങ്കൽ നസ്രാണി ടി മതം അന്തോണി മകൻ കൃഷി നാല്പത്തിയഞ്ചുവയസ്സായ അല്പെശ്ശും കൂടി എഴു തിക്കൊടുത്ത ദാനപത്രം. താഴെ പട്ടികയിൽ പറയുന്ന 1-ാം നമ്പ് വസ്തുക്കൾ ഞങ്ങളിൽ 1-ം 2-ം-കക്ഷികളുടെ പേരിൽ പതിഞ്ഞും 2-ാം നമ്പ് വസ്തു 1-ം 2-ം കക്ഷികളുടെ വകയ്ക്കു് 3-ാം കക്ഷിപേരിൽ പണ്ടാരവക പാട്ടം പതിപ്പിച്ചും 1-ം 2-ം-കക്ഷികളുടെ വകയാകെ തറവില മുതലായതു കെട്ടി യും ഇരിക്കുന്നതും ഇതുകൾ 1-ം 2-ം-കക്ഷികളുടെ വകയായി അവർ കൈവശംവച്ചു കരം തീരുവസഹിതം അനുഭവിച്ചു വരു ന്നതും ആകുന്നു. സഹോദരന്മാരുടെ ഒരു സന്ന്യാസസഭയും അതോടുചേർന്ന് ഒരു അനാഥശാലയും സ്ഥാപിക്കുന്നതിനും അ തിൽ അനാഥപൈതങ്ങളെ ചേർത്തു വളർത്തി പരിപാലിക്കയും സഹോദരന്മാർ കാലോചിതമായ സാങ്കേതികവിദ്യാഭ്യാസം മുതലായവകളെ അഭ്യസിപ്പിക്കുകയും ചെയ്യുന്നതിനും ഒരു കര കൗശലശാലയും വിദ്യാഭ്യാസ സ്കൂളും ഏർപ്പെടുത്തി, അതിൽ, പുറമേ നിന്നും വരുന്ന മറെറല്ലാ ജാതിക്കാരുടെ കുട്ടികളെയും ചേർത്തു സഹോദരന്മാരും ആവശ്യപ്പെടുന്ന മററു് അദ്ധ്യാപകന്മാ

രെ കൂട്ടിച്ചേർത്തും പഠിപ്പിക്കുന്നതിനും നടത്തിക്കുന്നതിനും ക്രിസ്ത്യാനികളാവാൻ ആഗ്രഹമുള്ളവരെ ചേർത്തു പഠിപ്പിക്കുന്നതിനും മുഖദാവിൽ താല്പര്യമുള്ളതും അതിൽ ഞങ്ങൾക്കും ആഗ്രഹമുള്ളതും ആകയാൽ അതിലേക്കു താഴെ പട്ടികയിൽ പറയുന്ന വസ്തുക്കൾ അറുന്നൂറുരൂപ വിലവച്ചും ഞങ്ങൾക്കുള്ള സകല അവകാശബാദ്ധ്യതകളും കൈവശവും വിട്ടും ദാനമായി ഒഴിഞ്ഞു തന്നിരിക്കകൊണ്ടും പേരിൽക്കൂട്ടി കരംതീർത്തു സർവസ്വാതന്ത്ര്യമായി അടക്കി അനുഭവിച്ചുകൊള്ളുന്നതിനും പൂർണ്ണമായി സമ്മതിച്ച് ഈ ദാനപത്രം എഴുതിതന്നിരിക്കുന്നു...... വസ്തുവിവരം നമ്പ്ര് കോട്ടയം ഡിസ്ട്രിക്റ്റ് ആലങ്ങാടു സബ് ഡിസ്ട്രിക്റ്റ് ടി താലൂക്ക് കോതകുളങ്ങര പ്രവൃത്തി ടി പകുതി മൂക്കന്നൂരുകര കയിപ്രമ്പാടൻ പൌലോവും മാടശ്ശേരി വറിതും കുളങ്ങര പൌലോവും പേരിൽ പതിവുപറമ്പുകൾക്കുമേക്ക്, കിഴമേൽ വഴിക്കു വടക്ക്, തെൻവടൽ വഴിക്കു കിഴക്ക്, വരാപ്പുഴ മിഷ്യൻ വക പറമ്പിനു തെക്ക് സർവ്വേ 1003/1 നാലേക്കർ തൊണ്ണൂററിനാലുസെൻറും 1002/1 എ ലററർ അഞ്ച് ഏക്കർ അറുപത്തൊന്നു സെൻറും ടി നമ്പ്ര് സി ലററർ ആറ് ഏക്കർ പതിമൂന്നുസെൻറും 621/1 എ ലററർ അഞ്ച് ഏക്കർ ഇരുപതു സെൻറും ഉള്ള സ്ഥലങ്ങളും നമ്പ്ര് 2 ടി എലുക സർവേ 1002/1 ഡി ലററർ എട്ട് ഏക്കർ എൺപതു സെൻറുള്ള സ്ഥലവും ഉൾപ്പെടെ മുണ്ടപ്പിള്ളി പറമ്പെന്നു പറഞ്ഞുവരുന്ന ഭൂമി നിലമലമരമടക്കവും പുരയും ആകുന്നു. എന്ന് ടി ഗർവാദീസ് (ഒപ്പ്) ടി പൌലോസ് (ഒപ്പ്) ടി അല്ലെശ്രു (ഒപ്പ്) സാക്ഷി 1–പഴങ്ങനാടുകര തരകൻ കുടിപ്പറമ്പിൽ പാക്കും ആലുക്ക പൈലി കുഞ്ഞവര (ഒപ്പ്) 2– വാപ്പാലശേരികര പാലാട്ടി വറിയതു കൊച്ചുകുഞ്ഞിപൌലോ (ഒപ്പ്) ചൊമായ മങ്ങലത്തു പരമീശ്വരൻ കത്താവ് കൈപ്പട–വെട്ടുതിരുത്തില്ല.

–ആലങ്ങാട്ട് സബ് റജിസ്ട്രാഫീസ് 1085 മിഥുനമാസം 20–ാം തീയതിയിലെ 1–ാം പുസ്തകം 22–ാം വാല്യം 254 മുതൽ 256 വരെ വശങ്ങളിൽ 3587–ാം നമ്പരായി രജിസ്റ്റർചെയ്തു—

1910–ലാണു് ഈ ദാനാധാരം രജിസ്റ്റർ ചെയ്തതു്. ഈ ദാനാധാരം സംബന്ധിച്ച് ദാതാവായ ഗർവാസിസ് പലവട്ടം എറണാകുളം അരമനയിൽ ചെന്നു് മെത്രാനച്ചനുമായി

ആശയവിനിമയം നടത്തിയിരിക്കണം. അനാഥബാലന്മാരുടെ സംരക്ഷണം, കൈത്തൊഴിൽ പരിശീലനം, പ്രേഷിതപ്രവർത്തനം ഇത്യാദികാര്യങ്ങളുടെ നിർവഹണത്തിനുപകരിക്കുന്ന ഒരു സഹോദരപ്രസ്ഥാനം ഉടലെടുക്കുന്നതിൽ മെത്രാൻ തിരുമേനിക്കും ഏറെ താല്പര്യമുണ്ടെന്നു നേരിട്ടു ഗ്രഹിക്കാൻ കഴിഞ്ഞതുകൊണ്ടാവാം ആദ്യത്തെ ആധാരത്തിലെന്നപോലെ തുടർന്നു 1911-ൽ നടത്തിയ രണ്ടാമത്തെ ദാനപത്രകൈമാററത്തിലും അക്കാര്യങ്ങൾ ആവർത്തിച്ചുറപ്പിച്ചിരിക്കുന്നതു്.

## II

ആയിരത്തി എൺപത്താറാമാണ്ട് കന്നിമാസം ഇരുപത്തിഒൻപതാം തീയതി കൊച്ചിശീമ എറണാകുളം പ്രവൃത്തിയിൽ കോവിൽവട്ടം മുറിയിൽ എറണാകുളം സുറിയാനി മെത്രാസന അരമനയിൽ ഇരിക്കും എറണാകുളം വികാരി അപ്പസ്തോലിക്കയായ എത്രയും പെരിയ പെരിയ ബഹുമാനപ്പെട്ട പഴേപറമ്പിൽ മാർ ളൂയീസ് മെത്രാനച്ചൻ അവർകൾ പേക്ക് തിരുവിതാംകൂർ സംസ്ഥാനത്തും കോതകുളങ്ങര പ്രവൃത്തിയിൽ മൂക്കന്നൂരുകരയിൽ കുളങ്ങര നസ്രാണി ക്രിസ്തുമതം ഇട്ടീരായുടെ മക്കൾ കൃഷി നാല്പതുവയസ്സായ ഗർവാദീസും മുപ്പത്തേഴവയസ്സായ പൌലോസും ടി കരയിൽ കുളങ്ങര നസ്രാണി മാത്തു മകൻ ടി മതം കൃഷി മുപ്പത്തിയഞ്ചുവയസ്സായ പൌലോവുംകൂടി എഴുതിക്കൊടുത്ത ദാനപത്രം. താഴെ പട്ടികയിൽ പറയുന്നതിൽ സർവേ 651/1 എ നമ്പ് ഭൂമിഞങ്ങളിൽ 1-ം, 2-ം- കക്ഷികളുടെ വകയും 1-ാം പേരുകാരന്റെ പേരിൽ കിട്ടിയ 1290-ാം നമ്പ് പട്ടയത്തിൽകൊണ്ടും സർവേ 1002/1 ഇ ലററർ ഭൂമി 1 -ം, 2-ം കക്ഷികളുടെ ചിലവിന്മേൽ ദേഹണ്ഡം ചെയ്തും അവരുടെ വകയ്ക്കായി 3-ാം കക്ഷി പേരിൽ പതിപ്പിച്ചും ടിയാന്റെ പേരിൽ കിട്ടിയ 1298-ാം നമ്പ് പട്ടയത്തിൽ കൊള്ളിച്ചും ഇരിക്കുന്നതും 1-ം, 2-ം കക്ഷികൾ കൈവശംവച്ചു കരവും കുടിശ്ശിഖയും തീർത്തു് അനുഭവിച്ചുവരുന്നതും ആകുന്നു. സഹോദരന്മാരുടെ സന്ന്യാസസഭയ്ക്കും അതോടുചേർന്നു് അവരുടെ നടത്തലിൻകീഴ് ഒരു അനാഥശാലയും സ്ഥാപിക്കു

ന്നതിനു വേണ്ടി 1085-ലെ 3587-ാം നമ്പ്ര് ആധാരംമൂലം തന്നിട്ടുള്ളതിനും പുറമേ ആ ഉപയോഗത്തിലേക്കായി താഴെ പറയുന്ന വസ്തുക്കരം മുന്നൂറു സർക്കാർരൂപ വിലവച്ചു ഞങ്ങരം ക്കുള്ള സകല അവകാശബാധ്യതകളും പരിഛേദം വിട്ടും ഒഴിഞ്ഞു ദാനമായി കൈവശപ്പെടുത്തി തന്നിരിക്കുന്നതിനാൽ, ആയതു പേരിൽ കൂട്ടി കരംതീത്തു് അടക്കി അനുഭവിച്ചുകൊള്ളുന്നതിനു പൂർണ്ണമായി സമ്മതിച്ചു് ഈ ദാനപത്രം എഴുതിത്തന്നിരിക്കുന്നു. വസ്തുവിവരം കോട്ടയം ഡിസ്ട്രിക്റ്റ് ആലങ്ങാട്ട സബ്ഡിസ്ട്രിക്റ്റ് ടി താലൂക്കു് കോതകുളങ്ങര പ്രവൃത്തി ടി പകുതി മൂക്കന്നൂരു കരയിൽ 3-ാം കക്ഷി മുതൽപേരുടെ പേരിൽ പതിവുള്ള പറമ്പുകരംക്കു മേക്കു്, ചരിയംപറമ്പുകരംക്കു വടക്കു്, തെൻവടൽ വഴിക്കു കിഴക്കു്, മാടശ്ശേരി പൌലോ വറിയതു മുതൽ പേരു പേരിൽ പതിവുപറമ്പിനു തെക്കു് പണ്ടാരവക പാട്ടം സർവ്വേ 651/1 എ ലററർ ഏഴേക്കർ മുപ്പത്തൊൻപതു സെൻറും 1002/1 ഇ ലററർ ആറേക്കർ എഴുപത്തഞ്ചുസെൻറും ഉള്ള ഭൂമികരം നിലഫലമരമടക്കം ആകുന്നു. എന്നു് ടി ഗർവാദീസ് (ഒപ്പ്) ടി പൌലോസ് (ഒപ്പ്) ടി പൌലോ (ഒപ്പ്) സാക്ഷി 1-ഇഞ്ചയ്ക്കു വറിയതു് ഉതുപ്പ് (ഒപ്പ്) 2-മാടശ്ശേരി വറിയതു ചാക്കു (ഒപ്പ്). തെക്കെമഠത്തിൽ രാമചന്ദ്രൻ കൈയ്പട (വെട്ടുതിരുത്തില്ല).

-ആലങ്ങാട്ട സബ്രജിസ്ട്രാഫീസ് 1086 കന്നി 29-ാം തീയതിയിലെ 1-ാം പുസ്തകം 4-ാം വാല്യം 377-ം 378-ം വശങ്ങളിൽ 521-ാം നമ്പരായി രജിസ്റ്റർ ചെയ്തു—

കുളങ്ങര ഗർവാസീസ് മുതൽപേക്കു കുടുംബസ്വത്തു നിയമപ്രകാരം ഭാഗഉടമ്പടിവഴി തിരിച്ചുകിട്ടിയതു് 1913-ലെ 2925-ാം നമ്പർ രജിസ്ററർ കരണം മുഖേനയായിരുന്നു. അതുകൊണ്ടാണു് ആ തീയതിക്കു മുമ്പു നടന്ന, മുൻദാനാധാരങ്ങരം രണ്ടിലും ഗർവാസീസിനു പുറമേ അദ്ദേഹത്തിൻെറ താൽപര്യപ്രകാരം കൂട്ടവകാശികളായവരും കക്ഷിചേരേണ്ടിവന്നതു്. എന്നാൽ, മൂന്നാമത്തെ ആധാരം ആളോഹരിവീതം നിർണ്ണയിച്ചു് രജിസ്ററർ കരണം നടത്തിയതിനു ശേഷമായതുകൊണ്ടാണു് ദാതാവായ ഗർവാസീസ് മാത്രം അതിൽ കക്ഷിയായാൽ മതിയെന്നു വന്നതു്. അഞ്ചേകാൽ ഏക്കറോളം സ്ഥലം വീണ്ടും ദാനമായും ഉദ്ദിഷ്ടലക്ഷ്യമായ സഹോദരസന്ന്യാസാശ്രമ

മത്തിനും അനാഥശാലയ്ക്കും താല്ക്കാലികമായി ഉപയോഗപ്പെട്ടുത്താവുന്ന, സാമാന്യം സൗകര്യപ്രദമായ സ്വന്തം കെട്ടിടവും ഒൻപതേക്കർ സ്ഥലവും തീറർത്ഥം പററിക്കൊണ്ടുമാണ് ഈ ആധാരം നടത്തിയിരിക്കുന്നതു്. രണ്ടാമത്തെ ആധാരം കഴിഞ്ഞു് നാലു വർഷത്തിനുശേഷമാണ് ഈ കരണം നടക്കുന്നതു്, അതായതു് 1915-ൽ.

## III

ആയിരത്തിതൊണ്ണൂറാമാണ്ടു കന്നിമാസം പതിന്നാലാം തീയതി കൊച്ചിശീമ എറണാകുളം പ്രവൃത്തിയിൽ കോവിൽ വട്ടം മുറിയിൽ എറണാകുളം സുറിയാനി മെത്രാസന അരമനയിൽ ഇരിക്കും എത്രയും പെരിയ പെരിയ ബഹുമാനപ്പെട്ട പഴേപറമ്പിൽ മാർ ളൂയീസ് മെത്രാനച്ചൻ അവർകൾ പേക്ക് കോതകുളങ്ങര പ്രവൃത്തിയിൽ മൂക്കന്നൂർ കരയിൽ കുളങ്ങര നസ്രാണി ഇട്ടീര മകൻ സ്വസ്ഥം നല്പത്തഞ്ചു വയസ്സായ ഗർവാദീസ് എഴുതിക്കൊടുത്ത ആധാരം. താഴെ പട്ടികയിൽ പറയുന്ന വകകൾ 88-ലെ 2925-ാം നമ്പ്ര് ഭാഗ ഉടമ്പടിപ്രകാരം എനിക്കു ഭാഗത്തിൽ സിദ്ധിച്ചു ഞാൻ കൈവശംവച്ചു കരം തീർത്തു് അനുഭവിച്ചു വരുന്നതാകുന്നു. ഇപ്രകാരമുള്ള പട്ടികവസ്തുവകകളിൽ സർവേ 1002/1 എ ലററിൽ തെക്കുവശം അഞ്ചു് ഏക്കർ പതിനേഴ സെൻറു സ്ഥലം (സന്ന്യാസസഹോദരന്മാരുടെ, ആശ്രമവും മററും സ്ഥാപിക്കുന്നതിനായി മുഖദാവിലേക്കു മുൻദാനം തന്നിരിക്കുന്നതിൻെറ ഉപയോഗാത്ഥം) ഇരുനൂററിഎൺപതു ബ്രിട്ടീഷുരൂപാ വില വച്ചു ദാനമായിട്ടും ശേഷം സ്ഥലവും കെട്ടിടവും കൂടി തൊള്ളായിരത്തിഎൺപതു ബ്രിട്ടീഷ് രൂപ വില സമ്മതിച്ചു തീറായിട്ടും എഴുതിതന്നു. തീറുവില താഴെപറയുംപ്രകാരം ബോധ്യംവന്നു പട്ടികവകകൾ സകല അവകാശബാധ്യതകളും വിട്ടും ദാനവും തീറുമായി ഒഴിഞ്ഞു കൈവശപ്പെടുത്തി തന്നിരിക്കുന്നതിനാൽ വകകൾ നടത്തിച്ചും പേരിൽകൂട്ടി കരംകൊടുത്തും അടക്കി അനുഭവിച്ചുകൊള്ളുന്നതിനു പൂർണ്ണമായി സമ്മതിച്ചും പുരയുടെ താക്കോലുകൾ ഇതൊന്നിച്ചുവച്ചും ഈ ആധാരം എഴുതിതന്നിരിക്കുന്നു. തീറുവില പററിയതിൻ വിവരം: പട്ടികവകകളിൽ സ്ഥാപിച്ചു പറവട്ടത്തു പടിഞ്ഞാറേ മനയ്ക്കൽ നാരായണൻ

LIBRARY



പരമേശ്വരൻ നമ്പൂരിക്കു് ഇന്നേദിവസം ഞാൻ എഴുതി രജിസ്റ്റർ ചെയ്യിച്ചുകൊടുത്തിരിക്കുന്ന ഈടുപണയാധാരപ്രകാരം കൊടുത്തു ആധാരം മടക്കിവാങ്ങുന്നതിനു വകനിറുത്തി പററുരൂപാ എഴുനൂററുപത്തേഴു് അണ ഒൻപതു പൈ നാലു്. മെത്രാനച്ചൻ അവറുകളോടു മുൻപററുരൂപാ മുപ്പത്തിരണ്ടു് അണ ആറു് പൈ എട്ടു് മൂക്കന്നൂരുപള്ളി വികാരി വേഴപ്പറമ്പിൽ മാണി യൗസേപ്പു കത്തനാരച്ചൻ കൈവഴി രൊക്കം വാങ്ങിയ രൂപ ഒരുനൂററി എൺപതു്. ഈ വിവരത്തിൻപടി പററു ബ്രിട്ടീഷു രൂപാ തൊള്ളായിരത്തി എൺപതു്. വസ്തുവിവരം: കോട്ടയം ഡിസ്ട്രിക്ററ് അങ്കമാലി സബ്ഡിസ്ട്രിക്ററ് ആലങ്ങാടു താലൂക്കു കോതകുളങ്ങര പകുതി മൂക്കന്നൂരു കരയിൽ ഞാൻ മുതൽപേർ മററെക്കാടൻ ചെറിയതു ഔസേപ്പിനു തീറുകൊടുത്തിരിക്കുന്ന സ്ഥലത്തിനും ടിയാനു ഭാഗത്തിൽ കിട്ടിയിരിക്കുന്ന സ്ഥലത്തിനും മേക്കു്, കരമററം നിലത്തിനും മുഖദാവിൽ നിന്നു തീറുവാങ്ങിയിരിക്കുന്ന സ്ഥലത്തിനും വടക്കു്, വഴിക്കു കിഴക്കു്, മാടശ്ശേരി ചാക്കുവും പുതുശ്ശേരി പൌലോവും വക പുരയിടങ്ങൾക്കു തെക്കു പണ്ടാരവക പാട്ടം സർവേ 1002/1 എ ലററർ എട്ടേക്കർ എൺപത്തഞ്ചു സെൻറും 1051/4 അഞ്ചേക്കർ നാല്പത്തിയാറു സെൻറും വിസ്തീർണ്ണമുള്ള കരമററവും നീരോലിയും പുരയിടങ്ങൾ ഒന്നായി കിടപ്പുസ്ഥലത്തിൽ 1002/1 എ ലറററിലെ വടക്കുകിഴക്കെ അററം പുതുശ്ശേരി ചാക്കു പൌലോവിൻെറ പുരയിടത്തോടു ചേർന്നു പതിന്നാലു സെൻറു സ്ഥലം ടി പൌലോവിനു കൊടുത്തുപോയതു കഴിച്ചു ശേഷം പതിന്നാലു് ഏക്കർ പതിനേഴ സെൻറു സ്ഥലവും അറുപത്തൊന്നു കോൽ നാലു വിരൽ കിഴത്തറ ചുററിൽ കല്ലും മരവുംകൊണ്ടു പണിയിപ്പിച്ചിട്ടുള്ളതുമായ കെട്ടിടവും അതോടു ചേർന്നുള്ള കുട്ടിക്കെട്ടും ആകുന്നു. എന്നു ടി ഗർവാദീസ് (ഒപ്പ്) സാക്ഷി 1–മാടശ്ശേരി പൌലോചാക്കു (ഒപ്പ്) 2–പറമ്പി വക്കി പൈലി (ഒപ്പ്) പടിഞ്ഞാറേവാര്യത്തു ശംകരവാര്യർ കൈപ്പട (ഒപ്പ്)–(വെട്ടുതിരുത്തുകളുടെ യാദാസ്തു പകത്തിയിട്ടില്ല).

–അങ്കമാലി സബ്രജിസ്ട്രാഫീസ് 1090 കന്നി 14–ാം തീയതിയിലെ 1–ാം പുസ്തകം 1–ാം വാല്യം 229 മുതൽ 231 വരെ വശങ്ങളിൽ 162–ാം നമ്പരായി രജിസ്റ്റർ ചെയ്തു—.

ACHARYA PALACKAL ... ASSKENDRAM
LIBRARY
9940



## പ്രതീക്ഷാപൂർവ്വം കാത്തിരിപ്പ്

ഒന്നാമത്തെ ദാനപത്രം വഴി മുപ്പത്തൊന്ന് ഏക്കറോളം സ്ഥലം ലഭ്യമായതോടെ, ദാതാവിൻെറ അഭീഷ്ടമനുസരിച്ചു തന്നെ മൂക്കന്നൂരു് ഒരു സഹോദരസന്ന്യാസപ്രസ്ഥാനവും അനാഥശാല ഉരുപ്പെടെയുള്ള ഏതാനും അനുബന്ധസ്ഥാപനങ്ങളും സമാരംഭിക്കുന്നതു് ആശാസ്യവും ശ്രേയസ്കരവുമായിരിക്കുമെന്നു് എറണാകുളം വികാരി അപ്പസ്തോലിക്കാ മാർ ളൂയീസ് പഴേപറമ്പിൽ മെത്രാനച്ചനു് ബോധ്യമായിരിക്കണം. ഭാവിയിൽ വിപുലമായ വികസനസാദ്ധ്യതയുള്ള ആ പ്രസ്ഥാനത്തിൻെറ ഉപരിസൗകര്യം ലാക്കാക്കി ക്രാന്തദർശിയായ ആ രൂപതാദ്ധ്യക്ഷൻ വരാപ്പുഴ രൂപതവകയായി മൂക്കന്നൂർ ഭാഗത്തുണ്ടായിരുന്ന ഏതാനും ഏക്കർ സ്ഥലം കൂടി 1911–ൽത്തന്നെ തീറുവാങ്ങി നിർദ്ദിഷ്ട സ്ഥാപനവളപ്പിനോടു കൂട്ടിച്ചേർക്കുകയുണ്ടായി.

ഇങ്ങനെ തൊട്ടുതൊട്ട്, ശേഖരമായി എഴുപതേക്കറോളം സ്ഥലം അപ്രതീക്ഷിതമായി ഒത്തുകിട്ടിയതു പ്രസ്ഥാനത്തിൻെറ സ്വയംപ്രേരകമായ തുടക്കത്തിനും സുഗമമായ പുരോഗതിക്കും സഹായകമായിരിക്കുമെന്നു ബന്ധപ്പെട്ടവരെല്ലാം കരുതി സന്തോഷിച്ചു. മൂക്കന്നൂരിൽ നിർദ്ദിഷ്ടരീതിയിൽത്തന്നെ ഒരു സഹോദരസഭയും അനാഥശാലയും മററും സ്ഥാപിക്കുന്നതിൽ എറണാകുളം വികാരിയാത്തിൻെറ മേലദ്ധ്യക്ഷനായ മാർ ളൂയീസ് മെത്രാനച്ചൻ തല്പരനാണെന്നു് ഏറെക്കുറെ വ്യക്തമായതോടെ ഗർവാസീസും മററും വർദ്ധിച്ച ശുഭാപ്തിവിശ്വാസപൂർവ്വം കാത്തിരുന്നു.

വലിയ കാര്യങ്ങളുടെ തുടക്കത്തിനു ദൈവം പലപ്പോഴും ചെറിയവരെ ഉപകരണങ്ങളും ഉപദാനങ്ങളുമാക്കാറുള്ളതുപോലെ മൂക്കന്നൂരിൽ സഹോദരസന്ന്യാസസ്ഥാപനം എന്ന നൂതന പ്രസ്ഥാനത്തിൻെറ ആശയം കുളങ്ങര ഗർവാസീസ് എന്ന അല്മായസഹോദരനിലാണു ദൈവം അങ്കുരിപ്പിച്ചതെന്നു തോന്നുന്നു. സുവിശേഷപ്രോക്തവും ക്രിസ്തുകേന്ദ്രീകൃതവുമായ ഉപവിയുടെ കൂട്ടായ്മയെ ജീവിതസാക്ഷ്യംവഴി സാക്ഷാത്കരിക്കുന്ന സന്ന്യാസസാഹോദര്യത്തിൻെറ മഹത്ത്വവും മാധുര്യവും ആ വിരക്തചിത്തൻ സ്വന്തം ഭാവനയിൽ കണ്ടിരിക്കാം. മററു

ജീവിതാന്തസ്സിലിരിക്കുന്നവരെ അപേക്ഷിച്ച് എവിടെയും എപ്പോഴും ആക്കും സമാശ്വാസത്തിൻെറയും സേവനത്തിൻെറയും കൈത്തിരിനാളം പകർന്നുകൊടുക്കുവാൻ സന്ന്യാസസഹോദരന്മാക്കുള്ളത്ര സാധ്യതയും സന്നദ്ധതയും മററെങ്ങും ദൃശ്യമല്ലെന്നും അദ്ദേഹത്തിനു തോന്നിയിരിക്കാം.

ദ്വിതീയ ക്രിസ്തു എന്നറിയപ്പെടുന്ന, മഹാവിശുദ്ധനായ ഫ്രാൻസിസ് അസ്സീസിയും നീഗ്രോവംശജനായ വിശുദ്ധ മാർട്ടിൻ ഡി പോറസും നിത്യാരാധനാപ്രസ്ഥാനത്തിൻെറ പ്രണേതാവായ വി. പാസ്ക്കലും മററും സന്ന്യാസസഹോദരന്മാരായിരുന്നുവെന്ന വസ്തുതയും ആ സന്ന്യാസസഹോദര പക്ഷീയനെ ആകർഷിച്ചിരിക്കാം.

വൈദികാവൈദികഭേദമെന്യെ, ദൈവദൃഷ്ടിയിൽ സന്ന്യാസവൃത്തിക്കുള്ള സമുൽകൃഷ്ടതയെക്കുറിച്ചും ആ സഭാസ്നേഹി ബോധവാനായിരുന്നിരിക്കാം. ദൈവത്തിനും മനുഷ്യനും ശുശ്രൂഷചെയ്യുവാൻ സ്വയം അപ്പിക്കപ്പെട്ടവർ, ദൈവത്തിനുവേണ്ടി ലോകത്തെ ത്യജിച്ചവർ, ദൈവത്തിനായി ലോകത്തെ നേടുന്നവർ, ലോകത്തെ സ്വന്തം ഉള്ളിൽ കുടിയിരുത്താതെ ലോകത്തിലുള്ളവക്കുവേണ്ടി സ്വന്തമെന്നപോലെ അധ്വാനിക്കുന്നവർ, ലോകത്തോടുള്ള ദൈവത്തിൻെറ അനന്തകാരുണ്യവും പക്ഷവും വിളംബരംചെയ്യുന്ന ദൈവത്തിൻെറ ഉപകരണങ്ങൾ, ദൈവത്തെയും ലോകത്തെയും കൂട്ടിയിണക്കുന്ന കണ്ണികൾ, കുടുംബം ഉപേക്ഷിച്ച് കുടുംബങ്ങളുടെ രക്ഷയ്ക്കായി ഇറങ്ങിത്തിരിച്ചവർ, സ്വന്തം വ്യക്തിത്വത്തെ ശൂന്യവത്കരിച്ചുകൊണ്ട് മനുഷ്യവ്യക്തിത്വത്തെ വാനോളം ഉന്നമിപ്പിക്കുന്നവർ! ഇത്ര ധന്യവും മഹനീയവുമായ ഒരു സന്ന്യസ്തസമൂഹം സ്വന്തം നാട്ടിൽ ഉടലെടുക്കുന്നതു് ഏതുകൊണ്ടും ശുഭോദർക്കമായിരിക്കുമെന്നു ഗർവാസീസ് പ്രഭൃതികൾ ഉറച്ചു വിശ്വസിച്ചു.

രണ്ട്

# സ്ഥാപകൻ ഒരുങ്ങുന്നു

മൂക്കന്നൂർ കേന്ദ്രമാക്കി ഉദ്ദിഷ്ടരീതിയിൽ സഹോദര സന്ന്യാസ പ്രസ്ഥാനവും അനുബന്ധസ്ഥാപനങ്ങളും സമാരംഭിക്കുവാൻ പഴേപറമ്പിൽ ലൂയീസ് മെത്രാനച്ചനു സാഹചര്യസൗകര്യം ലഭ്യമായില്ല. എങ്കിലും, സഹോദരസംഘത്തിന്റെ അനുബന്ധഘടകമായി ഉദ്ദേശിച്ചിരുന്ന അനാഥശാല എറണാകുളത്ത് അരമനപ്രാന്തത്തിൽത്തന്നെ പ്രവർത്തനക്ഷമമാക്കുന്നതിനു മെത്രാനച്ചൻ നടപടി സ്വീകരിക്കുകയുണ്ടായി എന്നുള്ള കാര്യം പ്രസ്താവ്യമാണ്.

1900-ന്റെ ആദ്യദശകത്തിൽ എറണാകുളം പെററിസെമിനാരി റെക്ടറായിരുന്ന കണ്ടത്തിൽ ബ. ആഗസ്തീനോസച്ച(പിന്നീടു സഹായമെത്രാൻ)നെയാണ് അനാഥശാലയുടെ നടത്തിപ്പുകാരനായി ലൂയീസ് മെത്രാനച്ചൻ നിയോഗിച്ചതു്. റെക്ടറച്ചനു് സെമിനാരിയിലെ കാര്യങ്ങൾക്കു പുറമേ മെത്രാനച്ചന്റെ സെക്രട്ടറി എന്ന നിലയിലുമുള്ള കൃത്യാന്തര ബാഹുല്യം നിമിത്തം അനാഥശാലയുടെ ദൈനംദിന പ്രവർത്തനങ്ങളിൽ ശ്രദ്ധപതിപ്പിക്കുവാൻ കഴിയാതെവന്നതുകൊണ്ട് ബ്രദർ ലൂയീസ് പുല്ലേലി എന്ന സന്ന്യാസസഹോദരനാണ് ആ ചുമതല നിർവഹിച്ചുപോന്നതു്. കൊരട്ടി ഇടവകാംഗവും കർമ്മലീത്താസഭയിൽ ചേർന്ന ഒരു സന്ന്യാസസഹോദരനുമായ അദ്ദേഹം സ്വതന്ത്രവും തീക്ഷ്ണവുമായ പ്രേഷിതപ്രവർത്തനവും വ്യാപകമായ ജീവകാരുണ്യശുശ്രൂഷകളും ലക്ഷ്യമാക്കി മാന്നാനം ആശ്രമാധികാരികളുടെ അനുവാദത്തോടെ എറണാകുളത്തു വരികയും എറണാകുളം മെത്രാനച്ചന്റെ നിർദ്ദേശാനുസരണം സാമൂഹ്യസേവന സംരംഭങ്ങളിൽ വ്യാപൃതനായിരിക്കുകയും ചെയ്തുവരവെയാണ് അദ്ദേഹത്തിന്റെയും കൂടി താല്പര്യപ്രകാരം അനാഥശാലയുടെ ചുമതലക്കാരനായി നിയമിക്കപ്പെടുകയുണ്ടായതു്.

കണ്ടത്തിൽ ആഗ്ഗസ്തീനോസച്ചൻ എറണാകുളം സഹായമെത്രാനായി ഉയർത്തപ്പെട്ടതോടെ അനാഥശാലയുടെ നടത്തിപ്പിൻെറ മുഴവൻ ചുമതലയും ബ്രദർ ലൂയീസിൽ അർപ്പിതമായി.

ഇതിനിടെ മൂക്കന്നൂരിൽ അനാഥശാല തുടങ്ങുന്നതിനെപ്പററി ഇടവക വികാരിയായിരുന്ന വേഴപ്പറമ്പിൽ ജോസഫച്ചനും സ്ഥലംദാതാവായ ശ്രീമാൻ ഗർവാസീസും ഇരുപിതാക്കന്മാരുടെയും പക്കൽ തുടരെയെന്നോണം നിവേദനം നടത്തിക്കൊണ്ടുമിരുന്നു. കാർഷികവൃത്തിയിൽനിന്നും ഇതരജീവികാവ്യാപാരങ്ങളിൽനിന്നും വിരമിച്ച് ഏറെക്കുറെ സന്ന്യാസോന്മുഖമായ സ്വസ്ഥവൃത്തിയായി കഴിഞ്ഞിരുന്ന ഗർവാസീസ് സ്വന്തമായി പണികഴിപ്പിച്ചിരുന്ന കെട്ടിടംപോലും അനാഥശാലയുടെ താത്കാലികോപയോഗത്തിനായി വിട്ടുകൊടുത്തതും മറെറാരു പ്രേരകഘടകമായിരുന്നു.

ഈ അനുകൂലഘടകങ്ങളുടെ സ്വാഭാവികസമ്മർദ്ദം കൊണ്ടാവാം, 1914 ജൂൺ 13-ാം തീയതി, എറണാകുളത്തു പ്രവർത്തിച്ചുപോന്ന അനാഥശാല ഭാഗികമായി മൂക്കന്നൂരും പ്രവർത്തനം ആരംഭിച്ചു. എറണാകുളത്ത് ഹോളിഫാമിലി അനാഥശാല എന്ന പേരാണ് നല്കപ്പെട്ടിരുന്നതെങ്കിലും മൂക്കന്നൂർ സമാരംഭിച്ച അനാഥശാലയ്ക്കു 'തിരുഹൃദയ അനാഥശാല' എന്ന പേരാണു നല്കിയതു്. അന്നു തിരുഹൃദയത്തിരുനാറം ആയിരുന്നതുകൊണ്ടാണ് തിരുഹൃദയത്തോടു ബന്ധപ്പെടുത്തി അനാഥമന്ദിരത്തിനും പേരിട്ടതു്. എറണാകുളം അരമനയിൽനിന്നും കൊടുത്തയച്ച ഈശോയുടെ തിരുഹൃദയത്തിൻെറ ഒരു വലിയ ചിത്രം സംപൂജ്യമായി പ്രതിഷ്ഠിച്ചുകൊണ്ടായിരുന്നു മന്ദിരത്തിൻെറ ആശീർവാദവും ഉദ്ഘാടനകർമ്മവും നിർവ്വഹിച്ചതു്. തിരുഹൃദയലുത്തിനിയായുടെ ആലാപനത്തോടുകൂടി മൂക്കന്നൂർ വികാരി ബ. വേഴപ്പറമ്പിലച്ചൻ പരിപാടികളിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

വേഴപ്പറമ്പിലച്ചൻ മാനേജരായും ബ്രദർ ലൂയീസ് പുല്ലേലി മുഖ്യചുമതലക്കാരനായും മൂക്കന്നൂർ തിരുഹൃദയ അനാഥശാല പ്രവർത്തനം തുടർന്നു. പഴേപറമ്പിൽ മെത്രാനച്ചൻെറ

അനുമതി നേടിക്കൊണ്ടു് കുളങ്ങര ഗർവാസീസും കുറേക്കാലം അനാഥമന്ദിരത്തിൽത്തന്നെ താമസമാക്കി.

മെത്രാനച്ചൻെറ നിർദ്ദേശാനുസരണം ബ്രദർ ലൂയീസ് എറണാകുളം അനാഥശാലയിൽ നിന്നു് ഏതാനും കുട്ടികളെ മൂക്കന്നൂരേക്കു കൊണ്ടുപോന്നു. എറണാകുളം ഹോളിഫാമിലി അനാഥമന്ദിരത്തിൻെറ ചുമതല, ബ്രദർ ലൂയീസിനു പകരം കർമ്മലീത്താ സന്ന്യാസിയായിരുന്ന ഫ്രാൻസിസ് എന്ന മറെറാരു ബ്രദറും ഏറെറടുത്തു.

അർപ്പിതമനസ്കനും ഉത്സാഹശാലിയുമായ ബ്രദർ ലൂയീസിൻെറ ചുമതലയിൽ മൂക്കന്നൂർ തിരുഹൃദയ അനാഥശാല സാമാന്യം തൃപ്തികരമായി നടന്നുവരവെ, 1919-ഡിസംബർ 9-ാം തീയതി പഴേപറമ്പിൽ ലൂയീസ് മെത്രാനച്ചൻ ദിവംഗതനായി. അദ്ദേഹത്തിൻെറ പിൻഗാമിയായി വാഴിക്കപ്പെട്ട, കണ്ടത്തിൽ മാർ ആഗുസ്തീനോസ് തിരുമേനിയും അനാഥശാലകളുടെ കാര്യത്തിൽ സവിശേഷ താൽപര്യം പ്രകടിപ്പിച്ചു. അനാഥശാലയുടെ പ്രവർത്തനം കാര്യക്ഷമമായും ഏകോപിതമായും നടത്തിക്കൊണ്ടുപോകുന്നതിനു സ്വീകരിക്കേണ്ട കർമ്മപദ്ധതികളെക്കുറിച്ചും തിരുമേനി അവഗാഢം ചിന്തിച്ചു.

അതിൻെറ ഭാഗമായി 1920-ൽ എറണാകുളത്തെ അനാഥമന്ദിരം നിർത്തലാക്കിക്കൊണ്ടു് അതിലെ അന്തേവാസികളെ മുഴുവൻ മൂക്കന്നൂർ തിരുഹൃദയമന്ദിരത്തിലേക്കു മാററി. അതോടെ അവിടത്തെ അംഗസംഖ്യ വർദ്ധിച്ചു. അതു് പൂർണ്ണതോതിൽ പ്രവർത്തനസജ്ജമായി. മൂക്കന്നൂർപള്ളി വികാരിയായിരുന്ന നെററിക്കാടൻ തോമസ് അച്ചനായിരുന്നു സംയോജിത അനാഥമന്ദിരത്തിൻെറ പുതിയ മാനേജർ. എറണാകുളത്തെ അനാഥമന്ദിരത്തിൻെറ നടത്തിപ്പു ചുമതല വഹിച്ചിരുന്ന ബ്രദർ ഫ്രാൻസിസിനെ മൂക്കന്നൂർ മന്ദിരത്തിൽ ബ്രദർ ലൂയീസിൻെറ സഹായിയായും നിയമിച്ചു.

## യാത്രയിൽനിന്നു പ്രചോദനം

എറണാകുളം വികാരിയാത്തിനെയും കണ്ടത്തിൽ പിതാവിനെയും സംബന്ധിച്ചിടത്തോളം അത്യന്തം പ്രാധാന്യം

അർഹിക്കുന്ന സംഭവങ്ങളാണ് തുടർന്നു നടന്നത്. പരിശുദ്ധ സിംഹാസനത്തിൽനിന്നു് സീറോ മലബാർ ഹയരാക്കി അനു വദിക്കുകയും ഹയരാക്കിയുടെ ആസ്ഥാനവും അതിരൂപതയുമായി എറണാകുളം വികാരിയാത്തു് ഉയർത്തപ്പെടുകയും മാർ അഗസ്റ്റിൻ കണ്ടത്തിൽ സുറിയാനി ഹയരാക്കിയുടെ പ്രഥമ മെത്രാപ്പോലീത്തയായി അവരോധിക്കപ്പെടുകയും ചെയ്തു. പതിനൊന്നാം പീയൂസ് മാർപാപ്പയുടെ പ്രതിനിധിയായി ആർച്ചു ബിഷപ്പ് ലെപ്പീസിയെ വിസിററർ അപ്പസ്തോലിക്കയെന്ന നിലയിൽ 1924 നവംബർ 16-ാം തീയതി എറണാകുളത്തുവച്ചു് ഹയരാക്കി സ്ഥാപനത്തിൻെറ ഔദ്യോഗിക ചടങ്ങുകൾക്കു നേതൃത്വം നല്കുകയും അഭിനവമെത്രാപ്പോലീത്തായെ സ്ഥാനികചിഹ്നമായ പാല്യം അണിയിക്കുകയും ചെയ്തു. കേരള സുറിയാനി സഭയ്ക്കു ലഭിച്ച മഹാനുഗ്രഹത്തിനു ഹേതുഭൂതനായ പതിനൊന്നാം പീയൂസ് മർപാപ്പയെ സന്ദർശിച്ചു്, നേരിട്ടു നന്ദിപറയുന്നതിനായി അഭിവന്ദ്യമെത്രാപ്പോലീത്താ 1925 ആദ്യപാദത്തിൽ റോമിനുപോയി.

റോമിൽവച്ചു രണ്ടു തവണ പരിശുദ്ധപിതാവിനെ സന്ദർശിച്ചു സംഭാഷണം നടത്തുവാനും ആശീർവ്വാദാനുഗ്രഹങ്ങൾ നേടുവാനും സാധിച്ചതിനു പുറമേ, വി.കൊച്ചുത്രേസ്യയുടെ ഒരു പ്രത്യേക ഭക്തൻ കൂടിയായിരുന്ന തിരുമേനിയെ സംബന്ധിച്ചിടത്തോളം, ചെറുപുഷ്പഭക്തിക്കു കൂടുതൽ ഉത്തേജനമരുളാൻ പോന്ന ഒരസുലഭാവസരവും സംലഭ്യമായി. ലോകത്തിൻെറ ചെറുപുഷ്പമായ ലിസ്യുവിലെ കൊച്ചുത്രേസ്യയെ സ്വർഗ്ഗത്തിലും ഭൂമിയിലും മഹത്ത്വീകരിക്കപ്പെട്ട മഹാവിശുദ്ധയായി പതിനൊന്നാം പീയൂസ് മാർപാപ്പ പ്രഖ്യാപിച്ച 1925 മെയ് 17-ാം തീയതിയിലെ നാമകരണചടങ്ങിൽ, കർദ്ദിനാൾ സംഘത്തോടും ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നെത്തിയ മുന്നൂറിൽപ്പരം മെത്രാന്മാരോടും സഹസ്രാനുസഹസ്രം ഭക്തജനങ്ങളോടുമൊപ്പം ആദ്യന്തം ഭാഗഭാക്കാകുവാൻ കണ്ടത്തിൽ തിരുമേനിക്കു ഭാഗ്യം ലഭിച്ചു. ആരുടെയും കണ്ണും കരളും കവരുന്നതായിരുന്ന അന്നത്തെ ഭക്ത്യാദരപ്രകടനങ്ങളും വർണ്ണോജ്ജ്വലമായ കുസുമദീപാലങ്കാരങ്ങളും ദീപാശോഭാപ്രദർശനങ്ങളും ചെറുപുഷ്പാനുസ്മരണപരിപാടികളും. വി. കൊച്ചുത്രേസ്യയുടെ ജീവിതസന്ദേശങ്ങളെയും സുകൃതമാതൃകകളെയും പററി ആഴ

മായും അവഗാഢമായും ചിന്തിക്കാൻ വത്തിക്കാനിലെ ഈ ചെറുപുഷ്പഭക്തിമയാന്തരീക്ഷം കണ്ടത്തിൽ പിതാവിനു് അവസരം നല്കി. കുടുംബങ്ങളിൽ അനുരഞ്ജനത്തിൻെറ അന്തരീക്ഷം നിലനിത്തുന്നതിനും ദൈവവിളി വളത്തുന്നതിനും പ്രാർത്ഥനാപ്രേഷിതത്വം നടപ്പാക്കുന്നതിനും ചെറുപുഷ്പത്തിൻെറ കുടുംബജീവിതമാതൃക വളരെയേറെ സഹായിക്കുമെന്നു തിരുമേനിക്കു ബോധ്യമായി. ദിവ്യമണവാളനായ ഈശോനാഥൻെറ അന്തികത്തണയുവാൻ ആദ്ധ്യാത്മികശിശുത്വത്തിൻേറതായ, സ്വന്തം കുറുക്കുവഴി കണ്ടെത്തിയ, സഹനത്തിൻെറ ആ വീരരക്തസാക്ഷിണിയെ യഥായോഗ്യം ആദരിക്കുവാനും ആ ധന്യയോഗിനിയുടെ മഹനീയ മാതൃകയും മാദ്ധ്യസ്ഥ്യവും വഴി വ്യാപകമായ കുടുംബനവീകരണത്തിനുവേണ്ടി യത്നിക്കുവാനും തക്ക ഒരു സന്ന്യാസസ്ഥാപനം തൻെറ രൂപതയിൽ സമാരംഭിക്കുന്നതിൻെറ സാധ്യതയേയും സാംഗത്യത്തെയും കുറിച്ചും തിരുമേനി ബോധവാനായി.

കണ്ടത്തിൽ തിരുമേനി ഈ റോമായാത്രയോടനുബന്ധിച്ചു പല പാശ്ചാത്യനാടുകളും സന്ദശിച്ച കൂട്ടത്തിൽ അയർലണ്ടിലും പര്യടനം നടത്തുകയുണ്ടായി. ഈ പര്യടനവേളയിൽ ഐറീഷ് ക്രിസ്ത്യൻ ബ്രദേഴ്സ് എന്ന സന്ന്യാസസഹോദരസമൂഹവുമായി സമ്പക്കം പുലത്തുവാൻ തിരുമേനിക്കു സന്ദർഭം ലഭിച്ചു. ഐറീഷ് സഹോദരസഭക്കാർ നടത്തിയിരുന്ന പല വിദ്യാഭ്യാസസ്ഥാപനങ്ങളും തൊഴിൽപരിശീലനകേന്ദ്രങ്ങളും ഇതരജീവകാരുണ്യപ്രസ്ഥാനങ്ങളും മെത്രാപ്പോലീത്താ സന്ദർശിച്ചു. ആ സ്ഥാപനങ്ങരം കാര്യക്ഷമമായും പ്രശംസാർഹമായും നടത്തിക്കൊണ്ടു പോകുന്നതിൽ ഐറീഷ് സഹോദരസഭ പ്രകടിപ്പിച്ചിരുന്ന ആസൂത്രണപാടവവും സംഘാടകചാതുര്യവും അർപ്പണമനോഭാവവും കണ്ടത്തിൽ തിരുമേനിയെ അത്യധികം ആകർഷിച്ചു. ഐറീഷ് ക്രിസ്ത്യൻ ബ്രദേഴ്സിൻെറ വക സ്കൂളിലെ ഒരു പൂവ്വവിദ്യാത്ഥിയെന്ന നിലയിൽ ഐറീഷ് പ്രസിഡൻറുമായും ബ്രദേഴ്സിനു് വളരെയടുത്ത സ്നേഹബന്ധമുണ്ടായിരുന്നു. ആ സ്വാധീനത്തിൻെറ സൗകര്യത്തിൽ കണ്ടത്തിൽ തിരുമേനിക്കും ഔദ്യോഗികമായ നടപടിക്രമങ്ങളൊന്നും കൂടാ

തെ, ഐറീഷ് പ്രസിഡൻറ് കോസ്ഗ്രേവു (Kosgrave) മായി സൗഹാർദ്ദസംഭാഷണം നടത്താൻ സാധിച്ചു. ആ സിവിൽ ഭരണാധിപൻ മെത്രാപ്പോലീത്തായുടെ മുമ്പിൽ മുട്ടുകുത്തി തിരുവാഴി ചുംബിച്ചുകൊണ്ടാണ് അദ്ദേഹത്തെ സ്വീകരിച്ചത് എന്നുള്ളതും പ്രസ്താവ്യമാണ്.

വിജയകരമായ വിദേശപര്യടനം പൂർത്തിയാക്കി, അഭിവന്ദ്യ മെത്രാപ്പോലീത്ത എറണാകുളത്തു തിരിച്ചെത്തിയശേഷം തൻെറ യാത്രാനുഭവങ്ങൾ വിലയിരുത്തിയ കൂട്ടത്തിൽ ഐറീഷ് ക്രിസ്ത്യൻ ബ്രദേഴ്സിൻെറ കർമ്മമാതൃകയിൽ, സാമ്പ്രത്രിക മിഷൻ മദ്ധ്യസ്ഥയായ വി. കൊച്ചുത്രേസ്യയുടെ രക്ഷാധികർതൃത്വത്തിൽ ഒരു സഹോദരസന്ന്യാസസഭയ്ക്കു രൂപം കൊടുക്കുന്നതിനെപ്പററി താല്പര്യപൂർവ്വം ചിന്തിച്ചു. റോമിൽവച്ചു തിരുമേനിക്കുണ്ടായ ശ്വാസകോശസംബന്ധമായ അസുഖം ഔഷധചികിത്സകൊണ്ടെന്നതിനേക്കാൾ വി. കൊച്ചുത്രേസ്യയുടെ മാദ്ധ്യസ്ഥ്യശക്തികൊണ്ടാണു ശമിച്ചതെന്ന ബോധ്യം തൻെറ സ്വർഗ്ഗീയമദ്ധ്യസ്ഥയുടെ തിരുനാമത്തിൽ ഒരു പ്രസ്ഥാനത്തിനു തുടക്കം കുറിക്കണമെന്നുള്ള തിരുമേനിയുടെ ആശയത്തിനു മറെറാരു പ്രേരകമായി.

താൻ ഉദ്ദേശിക്കുന്ന രീതിയിൽ ഒരു പ്രസ്ഥാനം ഉടലെടുത്താൽ സന്ന്യാസാർത്ഥികളായ സഹോദരന്മാർക്ക് ഒരേ ആവൃതിക്കുള്ളിൽ ഒരേ ജീവിതക്രമം അനുഷ്ഠിച്ചുകൊണ്ടും ഒരേ കൂട്ടായ്മയിൽ സ്നേഹം പങ്കുവച്ചുകൊണ്ടും വൈയക്തിക പുണ്യപൂർണ്ണത കൈവരുത്തുവാൻ കഴിയുമെന്നുള്ളതിനു പുറമേ, വ്യക്തിപരമായ സിദ്ധികളും സാധനകളും അഭിരുചികളും അഭിഭാവങ്ങളും സമാഹരിച്ചു കുടുംബനവീകരണം ഗ്രാമവികസനം തുടങ്ങിയ സംഘടിതയത്നങ്ങളിലൂടെ സഭയ്ക്കും സമൂഹത്തിനും ഉപരി നന്മകൾ ഉരുവാക്കുവാൻ കഴിയുമെന്നും അഭിവന്ദ്യപിതാവു് മനസ്സിൽ കണ്ടു.

കോട്ടയത്തും പരിസരപ്രദേശങ്ങളിലും 'നല്ലയിടയനെ' പിന്തുടർന്നു്, ഏകാഗ്രതീവ്രമായ പ്രേഷിതപ്രവർത്തനങ്ങളിൽ വ്യാപൃതനായിരുന്ന, പാലയ്ക്കൽ റോക്കി ബ്രദ

റിൻെറ കർമ്മസാഫല്യത്തെക്കുറിച്ചുള്ള കേൾവിയും എറണാകുളം അതിരൂപതയിൽ അനാഥശാലാപ്രവത്തനങ്ങളിൽ മുഴുകിയിരുന്ന പുല്ലേലി ളൂയീസ് ബ്രദറിൻെറ തളരാത്ത സന്നദ്ധതയും മൂക്കന്നൂരു് താപസോചിതജീവിതം നയിച്ചിരുന്ന കുളങ്ങര ഗർവാസീസിൻെറ പ്രാത്ഥനാപൂവ്വമായ സമീപനങ്ങളും തൻെറ പ്രണതശിഷ്യനും മൂക്കന്നൂർപള്ളി വികാരിയുമായ പാണാട്ടു ബ. തോമസച്ചൻെറ ഹിതാനുവത്തനതീക്ഷ്ണതയും കുശാഗ്രധിഷണയും നേതൃത്വസിദ്ധികളും കണ്ടത്തിൽ പിതാവിൻെറ കരങ്ങൾക്കു് കൂടുതൽ കർമ്മാവേശവും പ്രതീക്ഷകൾക്കു കൂടുതൽ രൂപഭദ്രതയും നല്കിയിരിക്കാം.

മൂന്ന്

# സഭാസ്ഥാപനവും പ്രാരംഭപ്രവർത്തനങ്ങളും

മൂക്കന്നൂരിൽ വി. കൊച്ചുത്രേസ്യയുടെ നാമത്തിൽ ഒരു സഹോദരസഭ (Brothers Congregation) ആരംഭിക്കുന്നതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ അഭിവന്ദ്യ കണ്ടത്തിൽ പിതാവ്, മൂക്കന്നൂർപള്ളി വികാരി പാണാട്ടു ബ. തോമ്മാച്ചനുമായി ചർച്ചചെയ്തു തീരുമാനിച്ചു. മെത്രാപ്പോലീത്ത നേരിട്ടുകണ്ടു സമ്മതം നല്കുന്ന സഹോദരാർത്ഥികളെ മെത്രാപ്പോലീത്തായുടെ പ്രതിനിധിയെന്ന നിലയിൽ സഭയിലേക്കു സ്വീകരിച്ച് സ്ഥാപകപിതാവു നിർദ്ദേശിക്കുന്ന രീതിയിൽ അവർക്കു പ്രാരംഭപരിശീലനം നല്കുന്നതിനു് ബ. പാണാട്ടച്ചനെത്തന്നെ പിതാവു ചുമതലപ്പെടുത്തി. മൂക്കന്നൂർ അനാഥശാലയുടെ മാനേജർ എന്ന സ്ഥാനവും അദ്ദേഹത്തിനുണ്ടായിരുന്നു.

മെത്രാപ്പോലീത്താ തിരുമേനിയുടെ നിർദ്ദേശാനുസരണം, സഭാസ്ഥാപനം സംബന്ധിച്ചുള്ള അറിയിപ്പ് 'കഥാചന്ദ്രിക' മാസികയിലും ഇടവകപ്പള്ളികളിലും മററും പരസ്യപ്പെടുത്തിയതനുസരിച്ചും ബ്രദർ ലൂയീസിൻെറയും മററും ശ്രമഫലമായും ആരക്കുഴപ്പള്ളി ഇടവകയിൽപ്പെട്ട കച്ചിറയിൽ ജോസഫ്, നെല്ലിമററം ഇടവക നെടുമ്പുറം ജോസഫ്, ഞാറയ്ക്കൽ ഇടവക മാമ്പിള്ളി വക്കി, ആരക്കുഴ ഇടവക കൊച്ചുകുന്നുമ്പുറത്ത് ഔസേപ്പ് എന്നീ യുവാക്കൾ അവരവരുടെ ഇടവകവികാരിമാരുടെ ശുപാർശകളോടുകൂടി സഹോദരസന്ന്യാസാർത്ഥികളായി മൂക്കന്നൂരെത്തി. നിയമാനുസരണം കണ്ടത്തിൽ പിതാവ് അവരെ പുതിയ സഭാംഗങ്ങളായി സ്വീകരിക്കുകയും പിതാവിൻെറ നിർദ്ദേശപ്രകാരം മൂക്കന്നൂർ അനാഥശാലാമാനേജർ ബ. പാണാട്ടച്ചൻ അനാഥശാലയിൽ താമസിപ്പിച്ചുകൊണ്ട് പുതിയ ജീവിതശൈലിയുടെ ചിട്ടകളും ക്രമങ്ങളും ഉദ്ദേശ്യലക്ഷ്യങ്ങളും ക്രമശ്ശഃ അവർക്കു വിശദീകരിച്ചു കൊടുക്കുകയും ചെയ്തു.

മൂക്കന്നൂർ പള്ളിയിൽ താമസിച്ചുകൊണ്ടു്, വികാരിയുടെ ചുമതലകൾക്കുപുറമേ, അനാഥശാലയുടെ മേൽനോട്ടവും പുതിയതായി വന്നുചേൎന്ന സഹോദരന്മാരുടെ ദൈനംദിനകാര്യങ്ങളിലും കൂടി വേണ്ടത്ര ശ്രദ്ധ ചെലുത്തുക ബുദ്ധിമുട്ടെന്നു കണ്ടതുകൊണ്ടു് 1931 ഫെബ്രുവരി 28–ാം തീയതി മുതൽ മൂക്കന്നൂർ പള്ളിവികാരി സ്ഥാനം ഒഴിഞ്ഞു് ബ. പാണാട്ടച്ചൻ മൂക്കന്നൂർ അനാഥശാലാ മാനേജർ, സഹോദരസംഘത്തിന്റെ ഡയറക്ടർ എന്നീ സ്ഥാനങ്ങൾമാത്രം തുടർന്നുകൊള്ളുവാൻ മെത്രാപ്പോലീത്താതിരുമേനി കല്പനപ്രകാരം അനുവദിച്ചു. അതനുസരിച്ചു് അദ്ദേഹവും അനാഥശാലയിൽ സ്ഥിരതാമസമാക്കി.

## ഔപചാരികമായ ആരംഭം

1931 മാർച്ചു് 19. സഹോദരന്മാർക്കുവേണ്ടി മൂന്നുദിവസം മുമ്പു് ആരംഭിച്ച സന്ന്യാസപ്രവേശനധ്യാനം രാവിലെ സമാപിച്ചു. കറുകുററിപ്പള്ളി അസ്തേന്തി മണിയങ്കോട്ട ബ. ജോണച്ചനായിരുന്നു ധ്യാനഗുരു.

ധ്യാനഗുരുവിന്റെ സമാപനപ്രസംഗത്തെത്തുടർന്നു് മൂക്കന്നൂർപള്ളി അസ്തേന്തി ഞായപ്പള്ളിൽ ബ. പത്രോസച്ചൻ മുഖ്യകാർമ്മികനും പാണാട്ട ബ. തോമസച്ചനും മണിയങ്കോട്ട ബ. ജോണച്ചനും സഹകാർമ്മികരുമായി ആഘോഷമായ പാട്ടുകുർബാന നടന്നു. അനന്തരം യോഗാർത്ഥികളായ സഹോദരന്മാർ ദിവ്യകാരുണ്യ സന്നിധിയിൽ മുട്ടുകുത്തി, സന്ന്യാസാന്തസ്സിൽ പ്രവേശിച്ചു് ദൈവികശുശ്രൂഷ ചെയ്യുന്നതിനുള്ള തങ്ങളുടെ ആഗ്രഹവും പ്രതിജ്ഞയും രേഖപ്പെടുത്തി ബ. ഡയറക്ടറച്ചനെ ഏല്പിച്ചു. അദ്ദേഹം സഭാസ്ഥാപകനായ കണ്ടത്തിൽ പിതാവിനുവേണ്ടി ആ പ്രതിജ്ഞാപത്രങ്ങൾ സ്വീകരിച്ചുകൊണ്ടു് സന്ദർഭോചിതമായ ഒരു ലഘുപ്രസംഗം നടത്തി. അതോടെ രാവിലത്തെ ചടങ്ങുകൾ അവസാനിച്ചു.

വൈകുന്നേരം വി. കുർബാനയുടെ വാഴ്വും ലാക്–ആലാഹാ സ്തോത്രാലാപനവും ഉണ്ടായിരുന്നു. തിരുനാൾ പ്രദക്ഷിണത്തിനുശേഷം അനാഥശാലാങ്കണത്തിൽ ഒരു അനുമോദനയോഗവും ചേർന്നു. മണിയങ്കോട്ടു ബ. ജോണച്ചനായിരുന്നു യോഗാദ്ധ്യക്ഷൻ. ഡയറക്ററർ ഫാ. തോമസ് പാണാട്ടു്

സദസ്സിനു സ്വാഗതം ആശംസിച്ചു. അന്നത്തെ മൂക്കന്നൂർപള്ളി വികാരി, മെത്രാപ്പോലീത്താ തിരുമേനിയുടെ പിതൃവ്യൻ, കണ്ടത്തിൽ ബ. കുര്യാക്കോസച്ചൻ സന്ന്യാസജീവിതത്തെപ്പററി സാമാന്യം ദീർഘമായ ഒരു പ്രസംഗം ചെയ്തു. കൂട്ടത്തിൽ സന്ന്യാസം സ്വീകരിച്ച സഹോദരന്മാരെ പ്രത്യേകം അനുമോദിക്കുകയുമുണ്ടായി.

രണ്ടാഴ്ചയ്ക്കുശേഷം സന്ന്യാസാർത്ഥികളായ സഹോദരന്മാരുമൊന്നിച്ച് ഡയറക്ടറച്ചൻ അരമനയിൽ ചെന്നു വന്ദ്യപിതാവിനെ സന്ദർശിച്ചു. സഹോദരന്മാരുടെ സന്ന്യാസപ്രതിജ്ഞാപത്രങ്ങൾ മെത്രാപ്പോലീത്താ തിരുമേനിയെ ഏല്പിച്ചു. സഹോദരന്മാരുമായി നേരത്തെ വരാൻ കഴിയാഞ്ഞതിന് ഡയറക്ടറച്ചൻ പിതാവിനോടു മാപ്പപേക്ഷിച്ചു.

മെത്രാപ്പോലീത്താ തിരുമേനിയുടെ താല്പര്യമനുസരിച്ച് സഹോദരസംഘം അന്ന് അരമനയിൽ താമസിക്കുകയും പിറേറദിവസം രാവിലെ വന്ദ്യപിതാവ് സ്വകാര്യചാപ്പലിൽ അർപ്പിച്ച ദിവ്യബലിയിൽ സംബന്ധിക്കുകയും വന്ദ്യപിതാവിൻെറ കരങ്ങളിൽ നിന്നുതന്നെ വി. കുർബാന സ്വീകരിക്കുകയും ചെയ്തു.

വിശ്രമസമയത്തു വീണ്ടും പിതാവ് സഹോദരസംഘത്തിനു സന്ദർശനം അനുവദിച്ചു. തദവസരത്തിൽ പിതാവ് അവർക്കു വളരെ വിലയേറിയ ഉപദേശങ്ങൾ നല്കി. കർത്താവിൻെറ കുരിശുവഹിച്ചുകൊണ്ട് അവിടുത്തെ അനുഗമിക്കുവാനും മേലധികാരികളുടെ ആജ്ഞ അനുസരിച്ച് എവിടെയും പോയി എന്തു ജോലിയും ചെയ്യുവാനും സഹോദരന്മാർ സന്നദ്ധരായിരിക്കണമെന്നു പിതാവു നിർദ്ദേശിച്ചു. തങ്ങളെത്തന്നെയും മററുള്ളവരെയും പുണ്യപ്പെടുത്താനായിരിക്കണം എപ്പോഴും ഉന്നംവയ്ക്കേണ്ടതെന്നും തിരുമേനി ഉപദേശിച്ചു. കൂടാതെ ഓരോരുത്തരും കഴിവുപോലെ ഓരോ സംഖ്യ പത്രമേനിയായി കൊണ്ടുവരാൻ ഉത്സാഹിക്കണമെന്നും അതിൻെറ ആദായം കൊണ്ടും സ്വന്തം പ്രയത്നത്താലും സ്വന്തം സംരക്ഷണത്തിനുള്ള വക കണ്ടെത്തുന്നതിനു പുറമേ, സഭ വകയായി പുതിയ സ്ഥാപനങ്ങൾ ഉണ്ടാകുവാനും സാമൂഹ്യസേവനപ്രസ്ഥാനങ്ങൾ നടത്തുവാനും പരിശ്രമിക്കണമെന്നും സ്ഥാപകപിതാവ് ആഗ്രഹം പ്രകടിപ്പിച്ചു.

അനന്തരം പിതാവു ഡയറക്ടറച്ചനുമായി സംസാരിച്ച ശേഷം വി.കൊച്ചുത്രേസ്യായെ ഈ സഹോദരസഭയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥയും സംരക്ഷകയുമായി തിരഞ്ഞെടുത്തിരിക്കുന്നതായും സഹോദരന്മാരെ ചെറുപുഷ്പസഹോദരന്മാരെന്നും അവരുടെ ആശ്രമത്തെ ചെറുപുഷ്പാശ്രമമെന്നും നാമകരണം ചെയ്യുന്നതായും പ്രഖ്യാപിച്ചു. തുടർന്നു പൈതൃകാശീർവ്വാദം നല്കി സഹോദരസംഘത്തെ മൂക്കന്നൂരേയ്ക്കു യാത്രയാക്കി.

അങ്ങനെ എറണാകുളം അതിമെത്രാസനമന്ദിരത്തിൽവച്ച് അഭിവന്ദ്യമെത്രാപ്പോലീത്താ തിരുമേനി മൂക്കന്നൂർ ചെറുപുഷ്പ സഭയെന്ന സഹോദരസന്ന്യാസപ്രസ്ഥാനത്തെ അക്ഷരാർത്ഥത്തിൽ ഒരു ചരിത്രയാഥാർത്ഥ്യമാക്കി സ്ഥാപിച്ചു.

## ബ. പാണാട്ടച്ചൻ സ്ഥാപകനോ?

ചെറുപുഷ്പസഭയുടെ പ്രാരംഭകാല ഡയറക്ടറും പിൽക്കാലത്തു സുപ്പീരിയറും സുപ്പീരിയർ ജനറലുമായിരുന്ന പാണാട്ടു ബ. തോമസച്ചൻ (ബ. ബസീലിയൂസച്ചൻ) സഭാസ്ഥാപകനായ കണ്ടത്തിൽ പിതാവിന്റെ ഇംഗിതവും ചൈതന്യവും ലക്ഷ്യനിർദ്ദേശങ്ങളും ഉൾക്കൊണ്ടുകൊണ്ടും സഭാംഗങ്ങളുടെ കലവറയില്ലാത്ത സഹകരണത്തോടും അഭ്യുദയകാംക്ഷികളുടെ പ്രോത്സാഹനീയമായ പിൻതുണയോടു കൂടിയും അസാധാരണമായ സ്വന്തം ശേഷിയും ശേമുഷിയും പ്രയോഗിച്ചും സഭയുടെ വളർച്ചയ്ക്കുവേണ്ടി വിലപ്പെട്ട സംഭാവനകൾ അർപ്പിച്ചിട്ടുണ്ട് എന്നുള്ളതു് അനിഷേധ്യമായ വസ്തുതയാണ്. അക്കാര്യത്തിൽ സഭാംഗങ്ങളുടെ മുഴുവൻ കൃതജ്ഞതാദരങ്ങൾക്ക് ആ ആചാര്യോത്തമൻ അർഹനുമാണ്.

എന്നാൽ, മൂക്കന്നൂർ സഹോദരസഭയുടെ സ്ഥാപകൻ പാണാട്ടച്ചനാണെന്നുള്ള ചിലരുടെ വാദഗതി ചരിത്രവസ്തുതകൾക്കു നിരക്കാത്തതും സ്വാഭാവിക നിഗമനങ്ങൾക്കു വിരുദ്ധവുമാണെന്നു പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

ഈ പ്രസ്താവത്തിന് ഉപോദ്ബലകമായി, ബ. പാണാട്ടച്ചൻ തന്നെ വ്യത്യസ്ത സന്ദർഭങ്ങളിൽ എഴുതിയിട്ടുള്ള കത്തുകൾ സ്വയം സംസാരിക്കുന്ന രേഖകളെന്ന നിലയിൽ ഇവിടെ ഉദ്ധരിക്കുന്നതു് സമുചിതമായിരിക്കുമെന്നു കരുതുന്നു.

കണ്ടത്തിൽ മാർ ആഗുസ്തീനോസ് മെത്രാപ്പോലീത്താസ്റ്റ് 1946 ജൂൺ 26-ാം തീയതി ബ. പാണാട്ടച്ചൻ എഴുതിയ കത്ത്:

1

എറണാകുളം മെത്രാപ്പോലീത്താച്ചൻ തിരുമനസ്സിലെ സന്നിധിയിൽ പാണാട്ട് തോമ്മാ കത്തനാർ താഴ്മയായി ബോധിപ്പിക്കുന്ന അപേക്ഷ.

ഒരു സന്യാസസഭയുടെ അംഗമായി ജീവിക്കണമെന്നുള്ള എൻെറ ആഗ്രഹം അനുദിനം ശക്തിപ്പെട്ടു വരികയാണ്. കന്യാവ്രതവും അനുസരണവും ഇടവക വൈദികജീവിതത്തിലും അനുവർത്തിക്കപ്പെടുന്നുണ്ടല്ലോ. ദാരിദ്ര്യം സംബന്ധിച്ചേ പ്രത്യേകം വ്യവസ്ഥചെയ്യേണ്ടതുള്ളൂ. അതിനാൽ എനിക്ക് ഈ ജൂൺമാസം മുതൽക്കുണ്ടാകുന്ന കുർബാനധർമ്മം മുതലായ എല്ലാ വരുമാനങ്ങളും വന്ദ്യപിതാവു സ്ഥാപിച്ചിരിക്കുന്ന ചെറുപുഷ്പ സന്യാസസഭയിലേക്ക് വരവു ചേർക്കുവാനും എൻെറ ആവശ്യങ്ങൾ സഭയിൽനിന്നു നടത്തിത്തരുവാനും അങ്ങനെ ദാരിദ്ര്യത്തെയും പ്രവൃത്തിയിൽ അനുഷ്ഠിക്കുവാനും വന്ദ്യപിതാവ് ദയവായി അനുവദിക്കണമെന്നു താഴ്മയായി അപേക്ഷിക്കുന്നു.

മുൻവകയായി കുറച്ചു വസ്തുക്കളും പണവും എനിക്കുള്ളതു് എൻെറ തെസ്തുമെന്തു പ്രകാരം സഭയ്ക്കായി വച്ചിരിക്കുന്നതും അവയുടെ ആദായം മിക്കവാറും സഭ അനുഭവിച്ചുകൊണ്ടിരിക്കുന്നതുമാകുന്നു. ഞാൻ ക്രമപ്രകാരം വ്രതാനുഷ്ഠാനം ചെയ്യുമ്പോഴത്തേക്ക് ഇവയെ സംബന്ധിച്ചും നിയമാനുസൃതം പ്രവർത്തിച്ചുകൊള്ളാം.

എന്നു്, അങ്ങേ മോതിരം മുത്തി വാഴു അപേക്ഷിക്കുന്ന എളിയ മകൻ, പാണാട്ടു തോമ്മാ ക. (ഒപ്പ്)

മൂക്കന്നൂർ ചെറുപുഷ്പാശ്രമം
1946 ജൂൺ 26.

ചെറുപുഷ്പ സഭാസ്ഥാപകൻ കണ്ടത്തിൽ തിരുമേനിയാണെന്നു പാണാട്ടച്ചൻതന്നെ സന്ദർഭം ആവശ്യപ്പെടാതിരുന്നിട്ടുപോലും സ്വയം ഏററുപറയുന്നതായി മേലുദ്ധരിച്ച കത്തിൽനിന്നു വ്യക്തമാകുന്നുണ്ടല്ലോ.

2

ചെറുപുഷ്പാശ്രമം, മൂക്കന്നൂർ

1954 ഒക്ടോബർ 8

ഏററം പ്രിയ വന്ദ്യപിതാവേ,

ഇന്നു വൈകുന്നേരം പുണ്യവതിയുടെ തിരുനാറം കൊടി യേറി. ഘോരമാരിയാണ് ഇന്നു വൈകുന്നേരം ഉണ്ടായതു്. അതു് എല്ലാവക്കുമായി പുണ്യവതി ചെയ്ത ഒരനുഗ്രഹവൃഷ്ടി യാണ്. തിരുനാളിൻെറ മംഗളങ്ങറം പിതാവിനു സമർപ്പിക്കു കയും ഈ ദിവസങ്ങളിൽ, പിതാവു സ്ഥാപിച്ചതും ഈ എളിയ വൻ വളർത്തുന്നതുമായ ചെറുപുഷ്പ സന്യാസസഭയുടെ പേർക്ക് പിതാവിനുവേണ്ടി ഞങ്ങളുടെ സ്വർഗ്ഗീയമദ്ധ്യസ്ഥ യോടു പ്രത്യേകം പ്രാർത്ഥിക്കുന്നതാണെന്നു് ഉറപ്പുപറയുകയും ചെയ്യുന്നു.

ഇന്നു ഞങ്ങളുടെ Constitution കാനോനികമായി അംഗീക രിച്ചതിൻെറ ഏഴാം വാർഷികവുമാണ്. ഈ സ്മരണയെ അടിസ്ഥാനപ്പെടുത്തിയും പിതാവിനുവേണ്ടി ഞങ്ങറം പ്രാർ ത്ഥിക്കുന്നതാണ്.

വാഴ അപേക്ഷിക്കുന്ന എളിയ മകൻ

(ഒപ്പ്)

ഫാ. ബസേലിയൂസ് സി. എസ്. ററി.

സി. എസ്. ററി. സഭാസ്ഥാപകൻ അഭിവന്ദ്യ കണ്ട ത്തിൽ പിതാവാണെന്നു് ഈ കത്തിലും എടുത്തുപറയുന്നുണ്ട ല്ലോ. ഫാ. ബസേലിയൂസ് എന്നതു് ബ. പാണാട്ടച്ചൻ സി. എസ്. ററി. സഭയിൽ ചേർന്നപ്പോറം സ്വീകരിച്ച സന്ന്യാസ നാമമാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

ഫാ. ബസേലിയൂസ് എറണാകുളം മെത്രാപ്പോലീത്താ കാർഡിനൽ ജോസഫ് പാറേക്കാട്ടിൽ തിരുമേനിക്ക് എഴുതി യ ഒരു കത്തിലെ പ്രസക്ത ഭാഗങ്ങളാണ് ചുവടെ ചേർത്തി രിക്കുന്നതു്:--

3

ചെറുപുഷ്പ പഠനാലയം, ആലുവാ
11-12-1963

വന്ദ്യപിതാവേ,

...............

...............

ഞാൻ ഈ എഴുത്തയക്കുന്നതു് ഒരു പ്രത്യേക സംഗതി ബോധിപ്പിക്കാനാണ്. ഒരു പുതിയ സഭയുടെ ആദ്യത്തെ Constitution അതിൻെറ സ്ഥാപകനാണു് എഴുതുന്നതു്. അദ്ദേഹത്തിനല്ലേ അതിൻെറ പ്ലാൻ നിശ്ചയമുള്ളൂ. കാലംചെയ്ത പിതാവാണ് ഈ സഭയുടെ സ്ഥാപകൻ. എന്നാൽ അതിൻെറ പ്രവർത്തനത്തിന് എന്നെയാണു ചുമതലപ്പെടുത്തിയതു്......

എന്നു് അങ്ങേ ആശീർവാദം അപേക്ഷിക്കുന്ന

എളിയമകൻ, ഫാ. ബസേലിയൂസ് സി. എസ്. ററി. (ഒപ്പ്)

സി. എസ്. ററി. യുടെ സ്ഥാപകൻ കാലംചെയ്ത കണ്ടത്തിൽ പിതാവാണെന്നുള്ള ചരിത്രവസ്തുത, പിൻഗാമിയായ പാറേക്കാട്ടിൽ പിതാവിനെ അനുസ്മരിപ്പിക്കുന്ന ഈ കത്തിൽ സഭയുടെ നൈയാമിക സ്ഥാപകനല്ലാത്ത സ്ഥിതിക്കു് സഭയുടെ Constitution രൂപപ്പെടുത്തുവാൻ താൻ അനർഹനാണെന്നുള്ള നിയമവശം ബ. ബസേലിയൂസച്ചൻ ഭംഗ്യന്തരേണ ധ്വനിപ്പിക്കുന്നുമുണ്ടു്.

1974 സെപ്ററംബർ മാസത്തിൽ ബ. ബസേലിയൂസച്ചൻ സി. എസ്. ററി. സഭാംഗങ്ങൾക്ക് അയച്ച ഈ സർക്കുലർ ഏറെ ചിന്താർഹവും ശ്രദ്ധേയവുമാണ്:-

4

ഏററം പ്രധാനപ്പെട്ട സംഗതികൾപോലും കാലാന്തരത്തിൽ വിസ്മൃതിയിൽ പെടാറുണ്ടു്. അങ്ങനെ ഒരു ദുഃസ്ഥിതി നമുക്കു വരാതിരിപ്പാൻവേണ്ടി എല്ലാ സഭാംഗങ്ങളുടെയും അറിവിനായി ഇതെഴുതുന്നതാകുന്നു.

മൂക്കന്നൂർ നമ്മുടെ മാതൃഭവനത്തോടു ചേർന്നു നമ്മുടെ കൈവശാനുഭവത്തിൽ ഇരിക്കുന്നതും ഉദ്ദേശം അൻപതേ

ക്കർ വിസ്തീർണ്ണം വരുന്നതുമായ സ്ഥലം എറണാകുളം അതിരൂപതയ്ക്കു ദാനംവഴിയും തീറുവഴിയും സിദ്ധിച്ചതും 1953–ലെ ഒരു തീരുമാനപ്രകാരം നമ്മുടെ സഭയുടെയും അനാഥശാലയുടെയും ഉപയോഗത്തിനുവേണ്ടി അതിരൂപതയിൽ നിന്നു നമുക്ക് അവകാശപ്പെടുത്തി തന്നിരിക്കുന്നതുമാകുന്നു. അതുപോലെ മൂക്കന്നൂരിൽ ഇപ്പോഴുള്ള കെട്ടിടങ്ങളിൽ ചിലതു് അതിരൂപതയുടെ സഹായത്തോടുകൂടിയും ചിലതു് സഭയുടെ സ്വന്തം ചെലവിലും പണിയിച്ചിട്ടുള്ളവയുമാകുന്നു. നാം അവയെല്ലാം യഥാക്രമം മാതൃഭവനമായും അതിനോടുചേർന്നുള്ള സ്ഥാപനങ്ങൾക്കുവേണ്ടിയും ഉപയോഗിക്കുകയും ചെയ്യുന്നു.

ഇന്നു നാം മൂക്കന്നൂർ ആശ്രമത്തേയും ദേവാലയത്തേയും അവയോടു ചേർന്നുള്ള പെററിസെമിനാരി, നൊവീഷ്യേററ് ഹൗസ്, അനാഥശാല, ഹൈസ്കൂൾ, ആശുപത്രി, വ്യവസായ സ്ഥാപനങ്ങൾ, തോട്ടങ്ങൾ എന്നിവയേയും കാണുമ്പോൾ അഭിമാനംകൊള്ളും. എന്നാൽ, അവയെല്ലാം അവിടവിടെ നമുക്കുണ്ടാകുന്നതിനുള്ള കാരണം പരേതനായ അഭിവന്ദ്യ കണ്ടത്തിൽ പിതാവു ദയവായി സ്ഥാപിച്ച നമ്മുടെ സന്യാസസഭയോടുള്ള അവിടുത്തെ സ്നേഹവും സഭയെപ്പററിയുള്ള പ്രതീക്ഷയുമാണെന്നു് നാം സദാ നന്ദിപൂർവ്വം സ്മരിക്കണം......

സഭാസ്ഥാപകനായ അഭിവന്ദ്യ കണ്ടത്തിൽ പിതാവിനോടു സഭാംഗങ്ങൾക്കുണ്ടായിരിക്കേണ്ട നിസ്സീമമായ കടപ്പാടും അവിസ്മരണീയമായ നന്ദിയും സകാരണം ചൂണ്ടിക്കാണിക്കുന്ന ഈ സർക്കുലറിൽ സഭാസ്ഥാപകൻെറ ചൈതന്യവും ലക്ഷ്യവും സഭയുടെ ആദ്യകാല തീക്ഷ്ണതയും അഭംഗം നിലനിർത്തേണ്ടതു് സ്ഥാപകപിതാവിനോടു കൂറും വിശ്വസ്തതയും പുലർത്തുവാൻ ആവശ്യമാണെന്നു സൂചിപ്പിക്കുന്നതായി കാണാം.

മൂക്കന്നൂർ സി. എസ്. ററി. സഹോദരസഭയുടെ സ്ഥാപകൻ എറണാകുളം മെത്രാപ്പോലീത്താ ആയിരുന്ന കണ്ടത്തിൽ മാർ ആഗ്സ്തീനോസ്. തിരുമേനിയാണെന്നു് അസന്ദിഗ്ദ്ധമായി പാണാട്ടച്ചൻതന്നെ പലതവണ പ്രസ്താവിച്ചിരിക്കെ, ആ പദവി അദ്ദേഹത്തിൻെറ തലയിൽ കെട്ടിവയ്ക്കാൻ ശ്രമിക്കുന്നതു് ആ ആര്യചരിതൻെറ സത്യസന്ധതയ്ക്കുതന്നെ കളങ്കം കലർത്തുകയായിരിക്കും എന്നേ പറയേണ്ടതുള്ളൂ.

നാല്

# സഭ വളരുന്നു

സഹോദരസഭ രൂപംപ്രാപിച്ചതോടെ, മൂക്കന്നൂരെ അനാഥശാലയുടെയും മററു വികസനപ്രവർത്തനങ്ങളുടെയും നടത്തിപ്പു സംബന്ധിച്ചുള്ള കാര്യങ്ങളിലും മാനേജരച്ചൻെറ നിർദ്ദേശമനുസരിച്ച് സഹോദരന്മാർ വ്യാപൃതരായി. അതോടെ, അനാഥശാലയുടെ ചുമതല വഹിച്ചുപോന്ന ളൂയീസ് ബ്രദറിനെ മെത്രാപ്പോലീത്താ തിരുമേനി തിരിച്ചുവിളിച്ചു. ബ. പാണാട്ടച്ചൻ മാനേജർസ്ഥാനം ഏറെറടുത്ത് ഏറെറനാരം കഴിയുംമുമ്പേ ളൂയീസ് ബ്രദറിൻെറ സഹപ്രവർത്തകനായിരുന്ന ബ്രദർ ഫ്രാൻസിസും മൂക്കന്നൂർ വിട്ടുപോയിരുന്നു.

## ആദ്യത്തെ നൊവീഷ്യേററ്

1932 ഡിസംബർ 16-ാം തീയതി സഹോദരന്മാരുടെ ആദ്യത്തെ നൊവീഷ്യേററ് ആരംഭിച്ചു. നൊവീഷ്യേററു കാലം രണ്ടുവർഷമായിരുന്നു. ആദ്യവർഷത്തെ നൊവിഷ്യേററു ഗുരു ബ. പാണാട്ടച്ചനും രണ്ടാം വർഷത്തെ ഗുരു വാഴക്കുളം ഇടവക നമ്പ്യാപറമ്പിൽ (തയ്യിൽ) ബ. ജോർജച്ചനും ആയിരുന്നു. 1933 മെയ് 9-ാം തീയതി അഭിവന്ദ്യ മെത്രാപ്പോലീത്ത സെക്രട്ടറി പുതുശ്ശേരി ബ. വറുഗീസച്ചനുമൊന്നിച്ച് അനാഥശാലയിൽ ആഗതനായി. നൊവീഷ്യേററിൻെറ പ്രഥമഘട്ടം കഴിയുന്നമുറയ്ക്കു യോഗാർത്ഥികരംക്കു സഭാവസ്ത്രം നല്കുന്നതു സംബന്ധിച്ചുള്ള നടപടികരംക്കുവേണ്ടി ആയിരുന്നു തിരുമേനിയുടെ ആഗമനം.

മെത്രാപ്പോലീത്താതിരുമേനി സന്ന്യാസപരിശീലനം നടത്തുന്ന സഹോദരന്മാരെ ഓരോരുത്തരെയും പ്രത്യേകമായി വിളിച്ചുവരുത്തി, അവരുടെ സന്ന്യാസദൈവവിളിയെപ്പററിയും മററും സംസാരിച്ചു. അടുത്ത ജൂൺ 23-ാം തീയതി തിരുഹൃദയത്തിരുനാരം ദിവസം സഹോദരന്മാർക്കു സഭാവസ്ത്രം നല്കുവാൻ അനുവദിക്കുന്നുവെന്നും പിതാവ് അറിയിച്ചു. സഹോദ

രന്മാർക്കു നല്കേണ്ട സഭാവസ്ത്രം ഏതുരീതിയിൽ, എങ്ങനെ ക്രമപ്പെടുത്തണമെന്നും അതിൻെറ പ്രത്യേകതകറം എന്തൊക്കെ യായിരിക്കണമെന്നുംകൂടി നിർദ്ദേശം നല്കിയശേഷം അഭിവന്ദ്യപിതാവ് എറണാകുളത്തേയ്ക്കു മടങ്ങി.

കണ്ടത്തിൽ തിരുമേനി കല്പിച്ചനുവദിച്ച പ്രകാരം സഹോദരന്മാർക്കു സഭാവസ്ത്രം നല്കുന്നതിൻെറ പ്രാരംഭമായി മൂന്നു ദിവസത്തെ മഴവൻധ്യാനം ജൂൺ 19–ാം തീയതി വൈകുന്നേരം ആരംഭിച്ചു. മൂക്കന്നൂർ പള്ളിവികാരി ചിറയ്ക്കൽ ബ. ഇസഹാക്കച്ചനായിരുന്നു ധ്യാനഗുരു.

ജൂൺ 23–ാം തീയതി രാവിലെ എറണാകുളം അതിരൂപതയുടെ വികാരി ജനറൽ മോൺസിഞ്ഞോർ തോമസ് നെടുങ്കല്ലേൽ അവർകളുടെ മുഖ്യകാർമ്മികത്വത്തിൽ രണ്ടു വൈദികരുടെ സഹകരണത്തിൽ സ്തപസ്സുകുർബാന നടന്നു. അനന്തരം സന്ന്യാസവസ്ത്രം സ്വീകരിക്കുവാനുള്ള അപേക്ഷാപത്രങ്ങറം നവസന്ന്യാസികളായ സഹോദരന്മാർ മുഖ്യകാർമ്മികനെ ഏല്പിച്ചു. തുടർന്ന് അദ്ദേഹം സന്ന്യാസവസ്ത്രം സ്വീകരിക്കാനുള്ള ഓരോ സഹോദരൻെറയും പേരുവിളിച്ച് അറംത്താരയുടെ മുമ്പാകെവച്ച് അവർക്ക് സന്ന്യാസവസ്ത്രം നൽകി. തദവസരത്തിൽ സന്ന്യാസജീവിതത്തിൻെറ അർത്ഥവും പ്രാധാന്യവും വ്യക്തമാക്കുന്ന ഒരു ലഘുപ്രസംഗവും അദ്ദേഹം നടത്തി.

സഭാവസ്ത്രം നല്കപ്പെട്ട കച്ചിറ മത്തായി ജോസഫ്, ബ്രദർ ബനഡിക്റ്റ് എന്നും നെടുമ്പുറം വറിയതു് ജോസഫ്, ബ്രദർ അർസേനിയൂസ് എന്നും ഉള്ള സന്ന്യാസനാമങ്ങറം സ്വീകരിച്ചു.

ഏതാനും വൈദികരും നവസന്ന്യാസികളുടെ ബന്ധുജനങ്ങളുമടക്കം ഒട്ടുവളരെപ്പേർ ഈ മംഗളകർമ്മങ്ങറംക്കു ദൃക്സാക്ഷ്യം വഹിച്ചു. ചെറുപുഷ്പസഭയിലെ ആദ്യസഹോദരന്മാർക്കു സന്ന്യാസവസ്ത്രം നൽകുന്നതിനുള്ള ബഹുമതി തനിക്കു ലഭിച്ചതിൽ താൻ അത്യന്തം കൃതാർത്ഥനും വന്ദ്യമെത്രാപ്പോലീത്താ തിരുമേനിയോടു കൃതജ്ഞനുമാണെന്നു് വികാരി ജനറാളച്ചൻ വൈകുന്നേരത്തെ വിടവാങ്ങൽ പ്രസംഗത്തിനിടയിൽ പ്രസ്താവിച്ചു.

## യോഗാർത്ഥികൾ വീണ്ടും

ആദ്യസഹോദരന്മാരുടെ നൊവീഷ്യേററ് കാലഘട്ടത്തിൽത്തന്നെ പുതിയ സഹോദരന്മാർ യോഗാർത്ഥികളായി സഭയിൽ ചേർന്നു. തെക്കൻ ജോസഫ്, പാനികുളം ഗീവറുഗീസ്, വലിയപടിക്കൽ ജോൺ, പാലാട്ടി പൈലി, മൂലൻ ദേവസ്സി എന്നിവർ യോഗാർത്ഥി പരിശീലനം ആരംഭിച്ചു.

ഈ യോഗാർത്ഥികളുടെ സന്ന്യാസപ്രവേശനാപേക്ഷ ബ. ഡയറക്ടറച്ചൻ എറണാകുളം അരമനയിൽ എത്തിക്കുകയും അതിൻെറ ഓരോ പ്രതി അരമനമുദ്രയും കച്ചേരി നമ്പരും രേഖപ്പെടുത്തിച്ച് ആശ്രമത്തിൽ സൂക്ഷിക്കുന്നതിനായി വാങ്ങിക്കൊണ്ടു പോരുകയും ചെയ്തു.

ആദ്യത്തെ നൊവീഷ്യേററ് പൂർത്തിയാക്കിയ സഹോദരന്മാർ 1938 ഫെബ്രുവരി 2-ാം തീയതി അന്നത്തെ എറണാകുളം വികാരി ജനറൽ മോൺസിഞ്ഞോർ ജോർജ്ജ് വല്യാറമ്പത്തു് അവർകളുടെ സന്നിധിയിൽ നിയമാനുസൃതം പ്രഥമ വ്രതവാഗ്ദാനം നടത്തി.

യോഗാർത്ഥികളായി ചേർന്ന സഹോദരന്മാർക്ക് അന്നുതന്നെ വികാരി ജനറാളച്ചൻ സഭാവസ്ത്രം നല്കി. യോഗാർത്ഥികളിൽ തെക്കൻ ജോസഫ്, ബ്രദർ ഫ്രാൻസിസ് സാലസ് എന്നും പാനികുളം ഗീവറുഗീസ്, ബ്രദർ വിൻസെൻറ് എന്നും വലിയപടിക്കൽ ജോൺ, ബ്രദർ അഗസ്റ്റിൻ എന്നും പാലാട്ടി പൈലി, ബ്രദർ ജോൺ ബോസ്ക്കോ എന്നും മൂലൻ ദേവസ്സി, ബ്രദർ ഫിലിപ്പ് എന്നുമുള്ള സന്ന്യാസനാമങ്ങൾ സ്വീകരിച്ചു.

അനാഥശാലയുടെ അസിസ്റ്റൻറു മാനേജർമാരായി അരമനയിലെ കല്പനപ്രകാരം മാറിമാറി നിയമിക്കപ്പെട്ട ഫാ. ജോൺ പിണക്കാട്ട്, ഫാദർ (പിന്നീടു മോൺസിഞ്ഞോർ) കുര്യാക്കോസ് ചിറമേൽ എന്നിവർ സഹോദരന്മാർക്കു യോഗാർത്ഥി പരിശീലനം നൽകുന്നതിൽ ഡയറക്ടറച്ചനെ യഥാകാലം സഹായിച്ചുപോന്നു.

## രണ്ടാമത്തെ നൊവീഷ്യേററ്

1939 മെയ് 23-ാം തീയതി സഹോദരന്മാർക്കായുള്ള രണ്ടാമത്തെ നൊവീഷ്യേററ് ആരംഭിച്ചു. പുത്തൻകരിയിൽ ബ. ജോണച്ചനായിരുന്നു നൊവീഷ്യേററ് ഗുരു.

നൊവീഷ്യേററിൻെറ ആരംഭത്തിൽ ബ്രദർ ഫ്രാൻസിസ് സഭവിട്ടുപോവുകയും നടുവിലേടത്തു വറുഗീസ്—ബ്രദർ

സ്റ്റനിസ്ലാവോസ് —പുതിയതായി നൊവീഷ്യേററിൽ ചേരുകയും ചെയ്തു. ഇങ്ങനെ അഞ്ചുപേരായി ആരംഭിച്ച നൊവീഷ്യേററിനിടയ്ക്ക് ബ്രദർ അഗസ്റ്റിൻ പിൻവാങ്ങിയതുകൊണ്ട് ഫിലിപ്പ് വിൻസെൻറ്, ജോൺബോസ്കോ, സ്റ്റനിസ്ലാവോസ് എന്ന നാലു സഹോദരന്മാർ മാത്രമാണ് നൊവീഷ്യേററ് പൂർത്തിയാക്കിയതു്. അവർ നാലുപേരും 1940 മെയ് 23–ാം തീയതി മോൺസിഞ്ഞോർ ജോർജ്ജ് വല്യാറമ്പത്തു് അവർകളുടെ മുമ്പാകെ ആദ്യവ്രതവാഗ്ദാനം നടത്തി.

## മൂന്നാമത്തെ നൊവീഷ്യേററ്

സാമുവൽ പുത്തൻകുളം, പൗലോസ് മുണ്ടയ്ക്കൽ എന്നീ സഹോദരന്മാർക്കുവേണ്ടി 1941 ജനുവരി 1–ാം തീയതി മൂന്നാമത്തെ നൊവീഷ്യേററ് ആരംഭിച്ചു. ബ്രദർ ഫിലിപ്പ് ആയിരുന്നു നൊവീഷ്യേററ് ഗുരു. ഡയറക്ടറച്ചൻെറയും അനാഥശാലയുടെ അസിസ്റ്റൻറ് മാനേജരായി സേവനം അനുഷ്ഠിച്ചുപോന്ന മണവാളൻ ജോസഫച്ചൻെറയും തോട്ടുങ്കൽ മാത്യു അച്ചൻെറയും മററും സഹായസഹകരണങ്ങളും ലഭ്യമായിരുന്നു. 1942 ജനുവരി 1–ാം തീയതി നൊവീഷ്യേററ് പൂർത്തിയായ മുറയ്ക്കു തയ്യിൽ ബ. ജോർജച്ചൻെറ മുമ്പാകെ നവസന്ന്യാസികൾ ആദ്യവ്രതവാഗ്ദാനം നടത്തി. ബ്രദർ സാമുവൽ പുത്തൻകുളം ഉണ്ണിയീശോയുടെ സാമുവൽ എന്നും ബ്രദർ പൗലോസ്, കൊച്ചുളൂയീസ് എന്നുമുള്ള സന്ന്യാസനാമങ്ങളാണ് തദവസരത്തിൽ സ്വീകരിച്ചതു്.

## നാലാമത്തെ നൊവീഷ്യേററ്

1944 നവംബർ 18–ാം തീയതി നാലാമത്തെ നൊവീഷ്യേററിനു തുടക്കമായി. തോട്ടത്തിൽ വക്കി, പവ്വത്തിൽ ജോർജ്, മാടശ്ശേരി ജോൺ, മാടപ്പിള്ളി ജോസഫ്, അറയ്ക്കത്തറ ഐസക്ക് എന്നിവർ നൊവീഷ്യേററ് പൂർത്തിയാക്കി. ഡയറക്ടർ ഫാ. തോമസ് പാണാട്ട് ആയിരുന്നു നിയമപ്രകാരമുള്ള നൊവീഷ്യേററ് ഗുരു. സഹായത്തിനു ബ്രദർ ഫിലിപ്പും ഉണ്ടായിരുന്നു. 1945 നവംബർ 18–ാം തീയതി വികാരിജനറാൾ മോൺസിഞ്ഞോർ മാത്യു പോത്തനാമൂഴി അവർകളുടെ സന്നിധിയിലാണ് നവസന്ന്യാസികൾ ആദ്യവ്രതവാഗ്ദാനം നടത്തി സന്ന്യാസവസ്ത്രം സ്വീകരിച്ചതു്. തോട്ടത്തിൽ വക്കി, ബ്രദർ മൈക്കിൾ എന്നും പവ്വത്തിൽ ജോർജ്, ബ്രദർ ഫ്രാൻസിസ് സാലസ് എന്നും മാടശ്ശേരി ജോൺ, ബ്രദർ അൽഫോൻസ് എന്നും മാടപ്പള്ളി ജോസഫ്, ബ്രദർ ഫ്രാൻസിസ്

അസ്സീസി എന്നും അറയ്ക്കത്തറ ഐസക്ക്, ബ്രദർ ബർണാർഡ് എന്നും സന്ന്യാസനാമം സ്വീകരിച്ചു.

സഭയുടെ പ്രാരംഭകാലത്തെ അപര്യാപ്തതകളും അരിഷ്ടതകളും വിപരീതമായി പ്രതികരിച്ചതുകൊണ്ടാവും സഭയിലെ ആദ്യത്തെ വ്രതാർത്ഥികളായ ബ്രദർ ബനഡിക്ററിൻെറയും ബ്രദർ അർസേനിയൂസിൻെറയും പ്രഥമവ്രതവാഗ്ദാന സമർപ്പണത്തിനു് അഞ്ചുവർഷത്തിലേറെ കാലവിളംബം നേരിട്ടെങ്കിലും തുടർന്നുള്ള നൊവിഷ്യേററുകളും വ്രതവാഗ്ദാനസമർപ്പണങ്ങളും യഥാസമയങ്ങളിൽത്തന്നെ നടക്കുകയുണ്ടായി എന്നുള്ളതു ശ്രദ്ധേയമാണു്.

ഇങ്ങനെ 1945 ആയതോടെ ചെറുപുഷ്പ സഹോദരസഭയിൽ ആദ്യവ്രതംചെയ്ത സഹോദരന്മാരുടെ എണ്ണം പതിമ്മൂന്നായി ഉയർന്നു.

ഈ കാലയളവിലെല്ലാം സഭയുടെ നയപരമായ എല്ലാ കാര്യങ്ങളിലും അഭിവന്ദ്യപിതാവിൻെറ ഉപദേശങ്ങളും നിർദ്ദേശങ്ങളും അനുഗ്രഹാശംസകളും യഥാസന്ദർഭം മുൻകൂട്ടിത്തന്നെ തേടിയിരുന്നു. മെത്രാപ്പോലീത്താ തിരുമേനിയുടെ അറിവും സമ്മതവും കൂടാതെ സഭാസംബന്ധമായ യാതൊരു പുതിയ നീക്കവും നടത്തിയിരുന്നില്ല. സഭയുടെയും അനുബന്ധസ്ഥാപനങ്ങളുടെയും വളർച്ചയിൽ പിതാവിനു പ്രത്യേകമായ താല്പര്യവും വാത്സല്യോദാരമായ സമീപനവും ഉണ്ടായിരുന്നെന്നും എടുത്തുപറയേണ്ടതുണ്ടു്. അഭിവന്ദ്യപിതാവും പിതാവിൻെറ പ്രാതിനിധ്യം വഹിച്ചുകൊണ്ടു്, അതതുകാലത്തെ വികാരി ജനറാൾമാരും ആണ്ടിൽ പലവട്ടം മൂക്കന്നൂർ സ്ഥാപനങ്ങൾ സന്ദർശിച്ചിരുന്നുവെന്നുള്ളതുതന്നെ ആ പൈതൃകപരിരക്ഷാദീക്ഷയ്ക്കു മതിയായ തെളിവാണല്ലോ.

വന്ദ്യപിതാവിൻെറ നാമഹേതുകത്തിരുനാൾ സഭാംഗങ്ങൾ അർഹിക്കുന്ന ആദരവോടും പൂജ്യതയോടുംകൂടി ആണ്ടുതോറും ആഘോഷിക്കുമായിരുന്നു. അതിനുള്ള വിപുലവും സമുചിതവുമായ ഒരുക്കങ്ങൾ വളരെ മുൻകൂട്ടിത്തന്നെ ആരംഭിക്കാറുണ്ടായിരുന്നു. തിരുനാൾദിവസം രാവിലേതന്നെ ഡയറക്ടറച്ചൻെറ നേതൃത്വത്തിൽ സഭയുടെ ഒരു പ്രതിനിധിസംഘം എറണാകുളം അരമനയിലെത്തി വന്ദ്യപിതാവിനു തിരുനാൾ മംഗളങ്ങൾ ആശംസിക്കുകയും ഉപഹാരങ്ങൾ അർപ്പിക്കുകയും ചെയ്യുക പതിവായിരുന്നു.

സഭാംഗങ്ങളായ സഹോദരന്മാർ വ്യവസ്ഥാപിതമായ സന്ന്യാസജീവിതക്രമാനുഷ്ഠാനങ്ങൾക്കു പുറമേ, അനാഥശാലയുടെ നടത്തിപ്പിലും സഭയുടെ ആഭിമുഖ്യത്തിൽ സമാരംഭിച്ചിരുന്ന തൊഴിൽപരിശീലനപ്രവർത്തനങ്ങളിലും ഇതര ഗ്രാമവികസനപരിപാടികളിലും കാർഷികസംരംഭങ്ങളിലും താല്പര്യപൂർവ്വം പങ്കെടുക്കുകയും അവരവർക്ക് അഭിരുചിയുള്ള മേഖലകളിൽ ഉപരിവൈദഗ്ദ്ധ്യം നേടുവാനുള്ള പരിശ്രമങ്ങളിൽ വ്യാപൃതരാകുകയും ചെയ്തുപോന്നു.

## സഭയ്ക്ക് മത്തുങ്കൽ ശാഖ

ചെറുപുഷ്പ സഭാസ്ഥാപകനായ കണ്ടത്തിൽ മെത്രാപ്പോലീത്ത അദ്ദേഹത്തിന്റെ ജന്മ ഇടവക ചെമ്പിൽപള്ളിക്കു പടിഞ്ഞാറു ഭാഗത്തായ മത്തുങ്കൽ എന്ന സ്ഥലത്തു കണ്ടത്തിൽ കുടുംബംവകയായുണ്ടായിരുന്ന രണ്ടേക്കറോളം സ്ഥലവും ഒരു കെട്ടിടവും വി.എസ്തപ്പാനോസിന്റെ നാമത്തിലുള്ള ഒരു കപ്പേളയും, കുട്ടികൾക്കുവേണ്ടി ഒരു അഭയമന്ദിരവും നടത്തുന്നതിനായി ചെറുപുഷ്പസഭയെ ഏല്പിച്ചു. അതനുസരിച്ച് ചെറുപുഷ്പസഭയുടെ ആദ്യത്തെ ശാഖാഭവനം മത്തുങ്കൽ പ്രവർത്തനം ആരംഭിച്ചു. ബ്രദർ അർസേനിയൂസ് ആയിരുന്നു മത്തുങ്കൽ ഭവനത്തിന്റെ നടത്തിപ്പുകാരനായി നിയുക്തനായത്. അനാഥബാലന്മാർക്കു വേണ്ടി ഒരു ബാലസദനം സ്ഥാപിക്കുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങളിൽ അദ്ദേഹം വ്യാപൃതനായി. അക്കൂട്ടത്തിൽ അവശക്രിസ്ത്യാനികളുടെ ജീവിതനവീകരണ യത്നങ്ങളിലും പുതിയ മാനസാന്തരപരിശ്രമങ്ങളിലും ദത്തശ്രദ്ധനായി.

ചെമ്പിൽ പള്ളിയിൽനിന്നും മെയിൻറോഡിൽനിന്നും ഒററപ്പെട്ടനിലയിൽ പടിഞ്ഞാറേ കായലോരത്തു സ്ഥിതിചെയ്തിരുന്നതുകൊണ്ടും ഗതാഗതസൗകര്യങ്ങളുടെ അപര്യാപ്തതകൊണ്ടും ദേവാലയസന്ദർശനത്തിനും അനുദിന ദിവ്യബലിയിൽ സംബന്ധിക്കുന്നതിനും ആ സ്ഥലത്ത് വലിയ ബുദ്ധിമുട്ട് അനുഭവപ്പെട്ടു. ചേറുനിറഞ്ഞ കൈത്തോടുകളും ഓരുമുട്ടുകളും ചകരിക്കുഴികളും നീന്തിയും തുടിച്ചും വേണമായിരുന്നു ചെമ്പിൽപള്ളിയിൽ ചെന്നുപററുവാൻ. എന്നും രാവിലെ അങ്ങോട്ടും തിരിച്ചു മത്തുങ്കലേയ്ക്കുമുള്ള യാത്ര വളരെ ക്ലേശകരമായിരുന്നു എന്നു പറയേണ്ടതില്ലല്ലോ.

അഞ്ച്

# സഭ വഴിത്തിരിവിൽ

ചെറുപുഷ്പസന്ന്യാസ സഭയുടെ 1933–ലെ നിയമപുസ്തകത്തിൽ ഒന്നാംനമ്പർ നിയമത്തിൽ, ഈ ചെറുപുഷ്പസന്ന്യാസസഭ ബ്രദേഴ്സിനു മാത്രമായി സ്ഥാപിക്കപ്പെട്ടിരിക്കുന്ന സന്ന്യാസസഭയാണെന്നും വൈദികർ ഈ സമൂഹത്തിലെ അംഗങ്ങളായി സ്വീകരിക്കപ്പെടുന്നതല്ലെന്നും വ്യവസ്ഥപ്പെടുത്തിയിരുന്നു. മാത്രമല്ല, ഈ നിയമപുസ്തകത്തിലെ 31–ാം നിയമമനുസരിച്ച് ഈ സമൂഹത്തിൽ അംഗങ്ങളായി ചേരുന്ന അർത്ഥികളെ വൈദികപഠനത്തിന് അയയ്ക്കുന്നതല്ലെന്നും കൂടി അസന്ദിഗ്ദ്ധമായി വ്യക്തമാക്കിയിരുന്നു.

എങ്കിലും, സഭാംഗങ്ങളുടെ ആത്മീയാവശ്യങ്ങളും ദേവാലയാനുഷ്ഠാനങ്ങളും മററും സുഗമമായും സൗകര്യപ്രദമായും നിർവഹിക്കുന്നതിനു സഭയിൽ ഏതാനും വൈദികരെക്കൂടി ഉൾപ്പെടുത്തുന്നതു് ആശാസ്യമായിരിക്കുമെന്നുള്ള ആശയം സഭാംഗങ്ങളിൽ ചിലർക്കുണ്ടായി. മുത്തുങ്കൽ ആശ്രമത്തിലെ അനുഭവങ്ങളുടെ വെളിച്ചത്തിൽ ബ്രദർ അർസേനിയൂസ്, ഈ ആവശ്യത്തെ അനുകൂലിച്ചുകൊണ്ടു് ബ. പാണാട്ടച്ചൻെറ പേർക്കു് ഒരു കത്തു് അയയ്ക്കുകയും ചെയ്തിരുന്നു.

ചെറുപുഷ്പസഭാസ്ഥാപകൻെറ ലക്ഷ്യവും നിയമവ്യവസ്ഥകളും നടപടിക്രമങ്ങളും അതനുസരിച്ച് സഹോദരന്മാർക്കു വേണ്ടി മാത്രമായി സ്ഥാപിക്കപ്പെട്ട ഒരു സഭ ആണെങ്കിലും വൈദികവിദ്യാർത്ഥികളെക്കൂടി അംഗങ്ങളായി ചേർത്ത് സഭ പുനഃസംഘടിപ്പിക്കുകയും വിപുലപ്പെടുത്തുകയും ക്രമേണ ഒരു വൈദികസഭയായി രൂപാന്തരപ്പെടുത്തുകയും ചെയ്യണമെന്നുള്ളതായിരുന്നു സഭാസുപ്പീരിയറായി അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനി നിയോഗിച്ച ബ. പാണാട്ടച്ചൻെറ മനസ്സിലിരുപ്പ്. 'രോഗി ഇച്ഛിച്ചതും വൈദ്യൻ കല്പിച്ചതും പാൽ' എന്നു പറഞ്ഞതുപോലെ ബ്രദർ അർസേനിയൂസിൻെറ ഈ

ആഗ്രഹപ്രകടനം, വൈദികരെക്കൂടി സഭയിൽ പ്രവേശിപ്പിക്കുവാനുള്ള അച്ചന്റെ അഭിലാഷത്തിന് ഒരു പിൻബലമാവുകയും ചെയ്തു.

1945 ജൂൺ 8–ാം തീയതി തിരുഹൃദയതിരുനാൾ ദിനത്തിൽ ബ. പാണാട്ടച്ചൻ മൂക്കന്നൂർ സഹോദരസഭയിൽ വൈദികരെക്കൂടി ചേർക്കുവാൻ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അഭിവന്ദ്യ കണ്ടത്തിൽ പിതാവിനു നിവേദനം സമർപ്പിച്ചു.

അതിരൂപതയിൽ വിൻസെൻഷ്യൻ സഭയെന്ന ഒരു വൈദികസന്ന്യാസസഭയുള്ള സ്ഥിതിക്ക് വൈദികർ അംഗങ്ങളായുള്ള മറ്റൊരു സന്ന്യാസസഭയുടെ പ്രസക്തിയെപ്പറ്റി മെത്രാപ്പോലീത്താതിരുമേനിയുടെ വികാരി ജനറൽ മോൺ. മാത്യു പോത്തനാമൂഴിയും സെക്രട്ടറി മോൺ. വറുഗീസ് പുതുശ്ശേരിയും മററും സന്ദേഹം പ്രകടിപ്പിച്ചു. സഹോദരന്മാരുടെ ആത്മീയാവശ്യങ്ങളുടെ സുഗമമായ നിർവ്വഹണത്തിനാണ് വൈദികരെക്കൂടി ചേർക്കുന്നതു് എന്നു പാണാട്ടച്ചൻ വിശദീകരണം നൽകി. വൈദികാംഗങ്ങളുടെ എണ്ണം സഹോദരാംഗങ്ങളുടെ എണ്ണത്തിൽ കുറവായിരിക്കുവാൻ പ്രത്യേകം നിഷ്കർഷിക്കുന്നതാണെന്നും അദ്ദേഹം ഉറപ്പുകൊടുത്തു. അതിന്റെ അടിസ്ഥാനത്തിൽ അവഗാഢമായ പരിചിന്തനങ്ങൾക്കു ശേഷം സഹോദരസഭയെന്ന ചെറുപുഷ്പസഭയുടെ വ്യക്തിത്വത്തിനും തനിമയ്ക്കും കോട്ടം തട്ടാത്തവിധത്തിൽ സഭാംഗങ്ങളുടെ ആത്മീയ ശുശ്രൂഷ നടത്തിക്കൊടുക്കുന്നതിനു് ഏതാനും വൈദികരെക്കൂടി സഭയിൽ ചേർത്തുകൊള്ളുവാൻ മെത്രാപ്പോലീത്താ തിരുമേനി അനുവദിക്കുകയും ചെയ്തു.

"ബ്രദേഴ്സിന്റെ ആത്മീയാവശ്യങ്ങൾ നടത്താൻ ഏതാനും വൈദികരെ ആവശ്യമാണ്. ഇപ്പോൾ അച്ചന്മാർ കുറവായതുകൊണ്ടു പത്തോ പന്ത്രണ്ടോ കുട്ടികളെ എടുത്തു പഠിപ്പിക്കുക. കുറേപ്പേർ പോയാലും അഞ്ചാറുപേരെയെങ്കിലും കിട്ടും. അതുമതി." ഇതായിരുന്നു അഭിവന്ദ്യപിതാവിന്റെ സുചിന്തിതമായ തീരുമാനം. 1945 ഡിസംബർ 27–ാംതീയതിയായിരുന്നു നിർണ്ണായകമായ ഈ അനുമതിലബ്ധിയുണ്ടായതു്.

1950 മാർച്ച് 4–ാം തീയതിയിലെ ഡയറിക്കുറിപ്പിൽ അഭിവന്ദ്യപിതാവ് ഇക്കാര്യം സംബന്ധിച്ചെടുത്ത ഉറച്ച നിലപാട് ഇങ്ങനെ ആവർത്തിച്ചിട്ടുമുണ്ട്:

''മൂക്കന്നൂർനിന്നു പാണാട്ടച്ചൻവന്നു് പട്ടത്തിനു് 5 പേരെ ഇക്കൊല്ലം വിടേണ്ടുന്ന കാര്യം പറഞ്ഞു. വി. ജി., സെക്രട്ടറി ഇവരും ഉണ്ടായിരുന്നു...ഇതു് സഹോദരന്മാരുടെ സഭയാണു്, അച്ചന്മാരുടേതല്ല എന്നു വീണ്ടും വീണ്ടും ഊന്നിപ്പറഞ്ഞു. Sp· Fathers മുതലായതിനാണു് അച്ചന്മാർ, അല്ലാതെ ഭരിക്കാനല്ല. ആകെ 12-ൽ കൂടരുതു് എന്നും കണിശമായി പറഞ്ഞിട്ടുണ്ടു്. സഹോദരന്മാർ പലസ്ഥലങ്ങളിലുംപോയി വാസനയനുസരിച്ചു പഠിച്ചു് Experts ആകണമെന്നും ഇങ്ങനെ അവർ ഈ അതിരൂപതയിൽ പലവിധത്തിലും ഉപകാരപ്രദമായിത്തീരണമെന്നുമാണു് എൻെറ ഉദ്ദേശം.''

അഭിവന്ദ്യമെത്രാപ്പോലീത്തായുടെ ഔദ്യോഗിക തീരുമാനങ്ങൾക്കാധാരമായി ബ. പാണാട്ടച്ചൻ മെത്രാപ്പോലീത്തായുടെ പ്രൈവററ് സെക്രട്ടറിയായിരുന്ന മോൺ. തോമസ് മൂത്തേടൻ അവർകളെക്കൊണ്ടു് ഇംഗ്ലീഷിൽ ടൈപ്പു ചെയ്യിച്ചു് പിതാവിനു സമർപ്പിച്ച അപേക്ഷയുടെ പ്രസക്ത ഭാഗം താഴെ ചേർക്കുന്നു.

"As I desire to admit also candidates for priesthood into the 'Congregation of Brothers of the Little Flower' now existing at Mookkannoor. I request your grace to be kind enough to allow me to do so and to impart your grace's blessings.''

''മൂക്കന്നൂർ ഇപ്പോൾ പ്രവർത്തിച്ചുവരുന്ന ചെറുപുഷ്പ സഹോദരസഭയിൽ വൈദികാർത്ഥികളെക്കൂടി ചേർക്കുന്നതിനു് ആഗ്രഹിക്കുന്നതിനാൽ അപ്രകാരം ചെയ്യുന്നതിനു് എന്നെ അനുവദിപ്പാറാകണം.

വന്ദ്യപിതാവിൻെറ അനുഗ്രഹത്തിനായി അപേക്ഷിച്ചുകൊണ്ടു്.''

ഈ അപേക്ഷ സ്വീകരിച്ചു് അതിൻെറ അടിയിലായി "With my approbation and blessing'' എന്നു സ്വന്തം കൈപ്പടയിൽ എഴുതി ഒപ്പുവച്ചു് ഒരു പ്രതി അരമനഫയലിൽ സൂക്ഷിക്കുവാനും ഒരു പ്രതി പാണാട്ടച്ചനെ ഏല്പിക്കുവാനും പിതാവു നിർദ്ദേശിക്കുകയും ചെയ്തു.

അതിരൂപതയുടെ ഔദ്യോഗികജിഹ്വയായ 'എറണാകുളം മിസ്സം' മാസികയുടെ 1946 ജനുവരി ലക്കത്തിൽ ഇതു സംബന്ധിച്ചുള്ള ഔദ്യോഗിക വിജ്ഞാപനവും പ്രസിദ്ധപ്പെടുത്തിയിരുന്നു:–

"മൂക്കന്നൂർ ചെറുപുഷ്പ സഹോദരസംഘത്തിൽ പട്ടക്കാരെക്കൂടി അംഗങ്ങളായി ചേർത്തു് വികസിപ്പിക്കത്തക്കവണ്ണം വന്ദ്യപിതാവ് തിരുമനസ്സുകൊണ്ടു് 1945 ഡിസംബർ 27–ാം തീയതി നല്കിയ കല്പനയാൽ അനുവദിച്ചിരിക്കുന്നു."

## വൈദികാർത്ഥികൾ സഹോദരസഭയിൽ

ചെറുപുഷ്പസഭയിൽ വൈദികാർത്ഥികളെയും സ്വീകരിക്കുന്നതാണെന്നു പത്രപരസ്യങ്ങളിലൂടെയും മററുവഴികളും അറിഞ്ഞ് പലരും മൂക്കന്നൂരേക്ക് അപേക്ഷ അയച്ചു. അപേക്ഷകരിൽ നിന്നു പന്ത്രണ്ടുപേരെ തിരഞ്ഞെടുത്തു. ഇവരുടെ അഭ്യസനം സുകരമാക്കുന്നതിനും പരിശീലനം കാര്യക്ഷമമാക്കുന്നതിനും സഹോദരസഭാംഗങ്ങൾ സസന്തോഷം സഹായിക്കുകയും ആത്മാർത്ഥതാപൂർവ്വം സഹകരിക്കുകയും ചെയ്തു.

കൂടുതൽ വൈദികാർത്ഥികൾ, എസ്. എസ്. എൽ. സി. കഴിഞ്ഞു് സെമിനാരിപ്രവേശനത്തിന് അർഹത നേടിയ സാഹചര്യത്തിൽ ചെറുപുഷ്പസഭയ്ക്കു സ്വന്തമായി ഒരു പെററിസെമിനാരി അനുവദിക്കണമെന്നുള്ള അഭ്യർത്ഥന ബ. പാണാട്ടച്ചൻ മെത്രാപ്പോലീത്താസമക്ഷം സമർപ്പിച്ചു. അതനുസരിച്ച്, ചെറുപുഷ്പസഭയുടെ ആഭിമുഖ്യത്തിൽ മൂക്കന്നൂരിൽ ഒരു പെററിസെമിനാരിക്ക് പിതാവ് അനുമതി നല്കുകയും തച്ചിൽ ബ. ഫ്രാൻസിസച്ചനെ പെററിസെമിനാരിയുടെ ആദ്യത്തെ റെക്ടറായി നിയമിച്ചു കല്പനയാവുകയുംചെയ്തു. അതിൻപ്രകാരം 1948 മെയ് 31–ാം തീയതി മൂക്കന്നൂർ പെററിസെമിനാരി നിലവിൽവന്നു. എട്ടു വൈദികവിദ്യാർത്ഥികൾ അവിടെ പരിശീലനാർത്ഥികളുമായി.

## സഭയുടെ നിയമസംഹിത

പുതിയ സാഹചര്യത്തിൽ ചെറുപുഷ്പസഭയ്ക്കു വൈദികാംഗങ്ങൾക്കുകൂടി അനുയോജ്യമായ രീതിയിൽ ഒരു നിയമ

സംഹിത തയ്യാറാക്കി സമർപ്പിക്കുവാൻ അഭിവന്ദ്യമെത്രാപ്പോലീത്താ സുപ്പീരിയറച്ചനോട് ആവശ്യപ്പെട്ടു. ബ്രദർ മൈക്കിൾ, ബ്രദർ സാമുവൽ എന്നിവരുടെ സഹായത്തോടുകൂടി ബ. പാണാട്ടച്ചൻ സഭയുടെ നിയമസംഹിതയ്ക്കു രൂപം നല്കി. 1947 സെപ്റ്റംബർ 30–ാം തീയതി പാണാട്ടച്ചനും ബ്രദർ മൈക്കിളും ഒരുമിച്ച് അരമനയിലെത്തി സഭയുടെ നിയമസംഹിതയുടെ കരടുരൂപം പിതാവിനു സമർപ്പിച്ചു. സൂക്ഷ്മപരിശോധനയ്ക്കുശേഷം ചില ഭേദഗതികളോടെ (വ്രതാനുഷ്ഠാനങ്ങളുടെ കാലാവധി സംബന്ധിച്ച്) 1947 ഒക്ടോബർ 8–ാം തീയതി അഭിവന്ദ്യ കണ്ടത്തിൽ പിതാവ് ചെറുപുഷ്പസഭയുടെ നിയമസംഹിത അംഗീകരിക്കുകയും ആയതു സുപ്പീരിയറച്ചനെ ഏല്പിക്കുവാൻ ചെറുപുഷ്പസഭയിലെ അംഗവും അരമനക്കച്ചേരിയിൽ നോട്ടറിയായി സേവനം അനുഷ്ഠിച്ചിരുന്നയാളുമായ ബ്രദർ അസ്സീസിയെ ചുമതലപ്പെടുത്തുകയും ചെയ്തു.

മൂക്കന്നൂർ ചെറുപുഷ്പസഭ വൈദികരും സഹോദരന്മാരും അംഗങ്ങളായുള്ള ഒരു സഭയാണെന്ന് പ്രസ്തുത നിയമസംഹിതയുടെ എട്ടാം അനുച്ഛേദത്തിൽ നിർവചിച്ചിരുന്നു. പ്രധാന സുപ്പീരിയർ സ്ഥാനമൊഴികെ ബാക്കിയുള്ള എല്ലാ സ്ഥാനങ്ങളും ജോലികളും സഹോദരന്മാർക്കും അവകാശപ്പെട്ടതായിരിക്കും എന്നും ആലോചനാസംഘത്തിലും സഹോദരന്മാർക്ക് അർഹതപ്പെട്ട പ്രാതിനിധ്യം ഉറപ്പുവരുത്തണമെന്നും 15, 17 താളുകളിൽ നിഷ്കർഷിച്ചിരുന്നു. സഭാപ്രവേശനത്തിന് വൈദികാർത്ഥികൾക്കും സഹോദരാർത്ഥികൾക്കും തുല്യനിലയിൽ പ്രോത്സാഹനം ലഭ്യമാക്കണമെന്നും അംഗസംഖ്യയിൽ സമാനത പാലിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നതായിരുന്നു 31, 34 വകുപ്പുകൾ. പൗരോഹിത്യധർമ്മാനുഷ്ഠാനമൊഴികെയുള്ള സഭാകാര്യങ്ങളിലൊന്നുംവൈദികരും സഹോദരന്മാരും തമ്മിൽ യാതൊരു വിവേചനവും ഉണ്ടായിരിക്കുന്നതല്ലെന്നും ഇരുവിഭാഗവും ഏകോദരസഹോദരന്മാരെപ്പോലെ വർത്തിക്കണമെന്നും 36–ാം വകുപ്പു അനുശാസിച്ചിരുന്നു.

ഈ നിയമസംഹിതയുടെ വെളിച്ചത്തിലും ഇതു നടപ്പാക്കാൻ നിയുക്തനായിരിക്കുന്ന ബ. സുപ്പീരിയറച്ചൻ പ്രത്യേക

മായി നല്കിയ ഉറപ്പുകളുടെയും വാഗ്ദാനങ്ങളുടെയും അടിസ്ഥാനത്തിലും വൈദിക വിഭാഗത്തിനൊപ്പം സഭയിൽ തങ്ങളുടെയും താല്പര്യങ്ങളും ഭാഗധേയങ്ങളും ഭദ്രമായി സംരക്ഷിക്കപ്പെടുമെന്നുള്ള വിശ്വാസത്തോടും പ്രതീക്ഷയോടുംകൂടി സഭയിലെ സഹോദരന്മാർ ഏകയോഗധാരണയിൽ മുന്നോട്ടു നീങ്ങി.

## ഒന്നാം സംയുക്ത നൊവീഷ്യേററ്

ചെറുപുഷ്പസഭാ സുപ്പീരിയർ ഫാ. തോമസ് പാണാട്ട് 1946 ജൂൺ 26-ാം തീയതി എറണാകുളം മെത്രാപ്പോലീത്താ കണ്ടത്തിൽ മാർ ആഗുസ്തീനോസ് തിരുമേനിക്കെഴുതിയ കത്തിൽ ചെറുപുഷ്പ സന്ന്യാസസഭയിലെ ഒരംഗമാകുവാൻ താൻ അതിയായി ആഗ്രഹിക്കുകയാണെന്നും തന്റെ ആഗ്രഹനിവൃത്തിക്ക് അനുമതി തരുമാറാകണമെന്നും പ്രത്യേകം നിവേദിപ്പിച്ചിരുന്നു. നിയമാനുസൃതമായ വ്രതാനുഷ്ഠാനങ്ങൾ നടത്തി സഭയിൽ യഥാവിധി അംഗത്വം സ്വീകരിച്ചു കൊള്ളുവാൻ പിതാവ് അനുമതിയും നല്കി.

അതനുസരിച്ച് 1949 മെയ് 17-ാം തീയതി നൊവീഷ്യേററ് ആരംഭിച്ചു. വൈദികാർത്ഥികളും സഹോദരാർത്ഥികളുമടങ്ങിയ സംയുക്ത നൊവീഷ്യേററ് ആയിരുന്നു അത്. ഇതിനും മെത്രാപ്പോലീത്താ തിരുമേനിയുടെ പ്രത്യേകാനുവാദം വാങ്ങിയിരുന്നു.

ഈ നൊവീഷ്യേററിലെ ഒരു വ്രതാർത്ഥിയായിരുന്ന സഭാ സുപ്പീരിയർ ബ. പാണാട്ടച്ചൻ നൊവീസ് മാസ്റ്ററും കൂടിയായിരുന്നുവെന്നുള്ളത് ഈ നൊവീഷ്യേററിന്റെ ഒരു സവിശേഷതയായിരുന്നു. ഒരാൾ ഒരേ സമയം നൊവീസും നൊവീസ് മാസ്റ്ററും എന്നതു വിചിത്രമായി തോന്നാമെങ്കിലും നൊവീസ് മാസ്റ്റർ പലകാര്യങ്ങളിലും ബ്രദർ അസ്സീസിയുടെ സഹായം തേടിയിരുന്നുവെന്ന് ഓർക്കണം.

പ്രസിദ്ധ ധ്യാനപ്രസംഗകനായ ഫാ. മാത്യു മങ്കുഴിക്കരി നവസന്ന്യാസികൾക്കുവേണ്ടി ഒരു മാസം നീണ്ടുനിന്ന പ്രാരംഭ ധ്യാനം 1949 ജൂൺ 7-ാം തീയതി ആരംഭിച്ചു. 1950 മെയ് 17-നു സമാപിച്ച എട്ടു ദിവസത്തെ വ്രതപൂർത്തീകരണധ്യാനം

നടത്തിയതു് മോൺ. വർഗീസ് കവലക്കാട്ട് ആയിരുന്നു. ധ്യാനത്തിന്റെ അന്ത്യദിനത്തിൽ നൊവീഷ്യേററ് കപ്പേളയിൽ വച്ച് ബ. കവലക്കാട്ടച്ചന്റെ മുമ്പാകെ ബ. പാണാട്ടച്ചൻ പ്രഥമ വ്രതവാഗ്ദാനം നടത്തി ഫാ. ബസേലിയൂസ് എന്ന സന്ന്യാസനാമം സ്വീകരിച്ചു. തുടർന്ന് ആശ്രമദേവാലയത്തിൽ ബസേലിയൂസച്ചന്റെ മുഖ്യ കാർമ്മികത്വത്തിൽ നടന്ന കുർബാനയുടെ തുടക്കത്തിൽ മററു നവസന്ന്യാസികളും സന്ന്യാസവസ്ത്രം സ്വീകരിക്കുകയും ദിവ്യകാരുണ്യസ്വീകരണത്തിനു മുമ്പായി വ്രതവാഗ്ദാനം നടത്തുകയും ചെയ്തു.

സഭാ സുപ്പീരിയർ ബ. ബസേലിയൂസച്ചനെ കൂടാതെ ഏഴു വൈദികാർത്ഥികളും രണ്ടു സഹോദരാർത്ഥികളുമാണ് അന്നു വ്രതവാഗ്ദാനം നടത്തി സന്ന്യാസനാമധാരികളായതു്. വൈദികാർത്ഥികളായ പുതുമന ജോസഫ്, ക്രിസ്റ്റഫർ എന്നും മാത്യു ഓലിക്കൽ, ഫ്രാൻസിസ് സേവ്യർ എന്നും ജേക്കബ് വാത്തിക്കുളം, അക്വീനാസ് എന്നും ജേക്കബ് വണ്ടലത്തുകരി, നോർബർട്ട് എന്നും ജോസഫ് കിളിയന്തറ, തെയോഫിൻ എന്നും എമ്മാനുവേൽ അറയ്ക്കത്തോട്ടം, അംബ്രോസ് എന്നും അഗസ്ററിൻ നാൽപ്പാട്ട്, മാർട്ടിൻ എന്നുമുള്ള സന്ന്യാസസംജ്ഞകളാണ് സ്വീകരിച്ചതു്. സഹോദരവിഭാഗത്തിൽപ്പെട്ട മാത്യു കോയിക്കര, ബ്രദർ ബർക്കുമാൻസ് എന്നും ജോസഫ് ഗോപുരൻ, ബ്രദർ സ്റ്റീഫൻ എന്നും സന്ന്യാസനാമങ്ങൾ സ്വീകരിച്ചു.

## വീണ്ടും സംയുക്ത നൊവീഷ്യേററ്

ഫാ. തോമസ് പയ്യപ്പിള്ളി, ഫാ. തോമസ് പീച്ചാട്ട് എന്നീ റെക്ടർമാരുടെ കീഴിൽ പെററിസെമിനാരി ശിക്ഷണം പൂർത്തിയാക്കിയ അഞ്ചു വൈദികാർത്ഥികളുടെയും സന്ന്യാസാർത്ഥികളായ മൂന്നു സഹോദരന്മാരുടെയും സംയുക്ത നൊവീഷ്യേററ് 1952 മെയ് 17-ാം തീയതി ആരംഭിച്ചു. സുപ്പീരിയർ ബ. ബസേലിയൂസച്ചനായിരുന്നു നൊവീസ് മാസ്റ്റർ. നവസന്ന്യാസികൾ എട്ടു പേരും നൊവിഷ്യേററ് പൂർത്തിയാക്കി 1953 മെയ് 18-ാം തീയതി സന്ന്യാസവ്രതവാഗ്ദാനം നടത്തി. അന്നുതന്നെ അവർക്ക് സഭാവസ്ത്രവും നൽകപ്പെട്ടു.

വൈദികാർത്ഥികളായ അഞ്ചുപേരിൽ കോക്കാട്ട് ജോസഫ്, ഡൊമിനിക്ക് എന്നും പറമ്പി തോമസ്, സെറാഫിൻ എന്നും എടക്കുന്നത്തു ജോർജ്, ഇഗ്നേഷ്യസ് എന്നും കിഴക്കേൽ ജോസഫ്, ക്രിസോസ്റ്റോം എന്നും പാലാട്ടി സെബാസ്റ്റ്യൻ, കമീല്ലസ് എന്നും സന്ന്യാസനാമം സ്വീകരിച്ചു. സഹോദരാർത്ഥികളായ തോട്ടപ്പുറം പൈലി, ബ്രദർ ഗബ്രിയേൽ എന്നും കൊണ്ടോടിക്കരി ജോസഫ്, ബ്രദർ ജറോം എന്നും എടശ്ശേരിപ്പറമ്പിൽ വറുഗീസ്, ബ്രദർ പീയൂസ് എന്നുമുള്ള സന്ന്യാസനാമങ്ങളാണ് സ്വീകരിച്ചതു്.

## ബസേലിയൂസച്ചൻ–സുപ്പീരിയർ ജനറൽ

1952 നവംബർ 21–ന നിലവിൽ വന്ന പുതിയ പൗരസ്ത്യ സന്ന്യാസ കാനോൻനിയമമനുസരിച്ച് സന്ന്യാസസഭകളുടെ സുപ്പീരിയർ ജനറലിനു് അതതു സഭയിൽ പത്തുവർഷത്തെ വ്രതജീവിതം ഉണ്ടായിരിക്കണമെന്നും അദ്ദേഹം നിത്യവ്രതം ചെയ്ത സഭാംഗമായിരിക്കണമെന്നും വ്യവസ്ഥ വന്നു. ഈ വ്യവസ്ഥകളിൽ നിന്ന് തനിക്ക് ഒഴിവ് (Exemption) അനുവദിച്ചു തരണമെന്ന് ബസേലിയൂസച്ചൻ പൗരസ്ത്യതിരുസംഘത്തിലേക്ക് അപേക്ഷ സമർപ്പിച്ചു. പത്തുവർഷത്തെ വ്രതജീവിതമെന്ന മിനിമം യോഗ്യതയിൽനിന്ന് ബസേലിയൂസച്ചനെ ഒഴിവാക്കിയും നിത്യവ്രതവാഗ്ദാനം നടത്തിക്കൊള്ളുവാൻ അനുവദിച്ചും പൗരസ്ത്യതിരുസംഘം സെക്രട്ടറി കർദ്ദിനാൾ ടിസ്സറാൻറ തിരുമേനിയുടെ കല്പന എറണാകുളം സഹായമെത്രാൻ മാർ ജോസഫ് പാറേക്കാട്ടിൽ തിരുമേനി വഴി ബസേലിയൂസച്ചനു ലഭിച്ചു. അതനുസരിച്ച് പാറേക്കാട്ടിൽ തിരുമേനിയുടെ സന്നിധിയിൽ ബ. ബസേലിയൂസച്ചൻ നിത്യവ്രതവാഗ്ദാനം നടത്തി സഭയുടെ സുപ്പീരിയർ ജനറൽ സ്ഥാനത്തിന് അർഹത നേടി. ആ നിലയിൽ 1961 വരെ അദ്ദേഹം സുപ്പീരിയർ ജനറലായി തുടർന്നു.

## വൈദികാർത്ഥികൾക്കു മുൻതൂക്കം

ചെറുപുഷ്പസഭയിൽ വൈദികാർത്ഥികളുടെ എണ്ണം പന്ത്രണ്ടായി പരിമിതപ്പെടുത്തണമെന്നതായിരുന്നല്ലോ സ്ഥാപകപിതാവിൻെറ പ്രാഥമിക വ്യവസ്ഥ. അതിൻപ്രകാരം

പന്ത്രണ്ടുപേക്കു പ്രവേശനം നല്കിക്കഴിഞ്ഞിട്ടും തൃപ്തിവരാതെ കൂടുതൽ വൈദികാർത്ഥികളെ തേടിപ്പിടിച്ചു ചേർത്തു് സഭയിൽ വൈദികരുടെ എണ്ണം വർദ്ധിപ്പിക്കുവാനാണു് സുപ്പീരിയർ ജനറൽ ആഗ്രഹിച്ചതെന്നു തോന്നുന്നു. ഏതായാലും വൈദികാർത്ഥികളുടെ രംഗപ്രവേശത്തോടെ സഭയിൽ സഹോദരാർത്ഥികളുടെ ആഗമനം താരതമ്യേന ശുഷ്കിച്ച നിലയിലായി എന്നതാണു് വസ്തുത. വൈദികവിഭാഗത്തിനു കൂടുതൽ പരിഗണനയും പ്രോത്സാഹനവും ലഭിക്കുന്നതായും തങ്ങൾക്കു് അവഗണനയും അവമതിയും അനുഭവപ്പെടുന്നതായും സഹോദരവിഭാഗത്തിനു തോന്നിത്തുടങ്ങി.

സന്ന്യാസദൈവവിളിയെ സംബന്ധിച്ചിടത്തോളം വൈദികാവൈദിക ഭേദചിന്തയോ വിവേചനമോ അപ്രസക്തവും സുവിശേഷചൈതന്യ വിരുദ്ധവുമാണെന്നുള്ള കേവലയാഥാർത്ഥ്യം വേണ്ടത്ര അളവിൽ ബോധിപ്പിക്കപ്പെടുകയുണ്ടായില്ലെന്നും കരുതേണ്ടിയിരിക്കുന്നു. വൈദികാർത്ഥികൾക്കുവേണ്ടിയുള്ള അന്വേഷണത്വരയിൽ സഹോദര ദൈവവിളി കണ്ടെത്തുവാനുള്ള ശ്രമം പിന്തള്ളപ്പെട്ടുപോയി എന്നുള്ളതാണു് അനുഭവം.

കണ്ടത്തിൽ പിതാവു് സ്വന്തം ഡയറിയിൽ 1954 ഫെബ്രുവരി 24 ബുധനാഴ്ച എന്നു തീയതിവച്ചു് എഴുതിയിരിക്കുന്ന ദിനസരിക്കുറിപ്പു് ഈ വിഷയം സംബന്ധിച്ചു് ഏറെ വെളിച്ചം പകരുന്നതാണു്.

പ്രസക്തഭാഗം താഴെ ഉദ്ധരിക്കുന്നു:

Book (117a) 24 Feb. 1954 Wednesday.

"ഉച്ചയ്ക്കുമുൻപു് പാണാട്ടച്ചൻ മൂക്കന്നൂരെ ചെറുപുഷ്പ സഹോദരന്മാരുടെ സഭയിൽ ഇനിയും പട്ടത്തിനു കുട്ടികളെ ചേർക്കുന്നതിനു നിർബന്ധിച്ചു് എന്നോടു പറയുകയുണ്ടായി. സഹോദരന്മാരെ വർദ്ധിപ്പിക്കണമെന്നും, അവരെ ഓരോ വിഷയങ്ങൾ പഠിപ്പിക്കത്തക്കവണ്ണം മററു സ്ഥലങ്ങളിൽ അയച്ചു് അഭ്യസിപ്പിക്കണമെന്നും പറഞ്ഞിരുന്നിട്ടും പട്ടക്കാരുടെ സഭയാക്കാൻ നിർബന്ധം പിടിക്കയാണു്. 12 പേരെ മാത്രമേ പട്ടത്തിനു് എടുത്തു പഠിപ്പിക്കാവൂ എന്നാണു് നിശ്ചയിച്ചിട്ടുള്ളതു്. സഹോദരന്മാർ വദ്ധിക്കട്ടെ എന്നു പറഞ്ഞിട്ടു് അതിനു

വേണ്ട ശ്രമങ്ങൾ ചെയ്യാതെ ഇതുംകൊണ്ട് (പട്ടക്കാരെയുണ്ടാക്കാൻ) നിർബന്ധമായി നടക്കുകയാണ്. Independent ആയിത്തീരാനുള്ള ജ്വരമാണെന്നു തോന്നുന്നു. ഈ മിസ്സത്തിൽ സഹോദരന്മാരാണ് ആവശ്യം....

സുപ്പീരിയർ ജനറലിന്റെ വൈദികപക്ഷീയമായ ഈ മനോഭാവം ചെറുപുഷ്പ സഹോദരസഭയുടെ തനിമയും മൗലികവ്യക്തിത്വവും നഷ്ടപ്പെടുത്തിയേക്കുമെന്നും സഭയിലെ സഹോദരവിഭാഗംതന്നെ വളർച്ചയ്ക്കും വികസനത്തിനും ഉതകുന്ന വേദികളില്ലാതെ ക്രമേണ മുരടിച്ചു നാമാവശേഷമായിപ്പോകാനിടയുണ്ടെന്നും അരമനവൃത്തങ്ങളിൽ ആശങ്കയുണ്ടായി. അഭിവന്ദ്യ കാർഡിനൽ ജോസഫ് പാറേക്കാട്ടിൽ പിതാവിന്റെ "ഞാൻ എന്റെ ദൃഷ്ടിയിൽ" എന്ന ആത്മകഥയിൽ ആ വിഷയം പരാമർശിച്ചിരിക്കുന്നതു് ഇങ്ങനെയാണ്: "സഹോദരസഭ അതിന്റെ വ്യക്തിത്വം നിലനിർത്താതിരുന്നാൽ അതു വളരുകയില്ലെന്നും ഒരുപക്ഷേ, നാമാവശേഷമാകുകതന്നെ ചെയ്യുമെന്നുമുള്ള ആശയം കണ്ടത്തിൽ തിരുമേനി ആവശ്യപ്പെട്ടതനുസരിച്ച്, ഞാൻ സഹായമെത്രാനായിരുന്നപ്പോൾ ബ്രദേഴ്സ് ഓരോരുത്തരേയും വിളിച്ച് ബോധ്യപ്പെടുത്താൻ ശ്രമിക്കുകയുണ്ടായി. അന്ന് അവർ ബസേലിയൂസച്ചന്റെ ആജ്ഞാനുവർത്തികളായിരുന്നതിനാൽ, അദ്ദേഹം നിർദ്ദേശിച്ചിരുന്ന രീതിയിലാണ് എന്നോടു സംസാരിച്ചതു്. അതുകൊണ്ടു ഭാവികാര്യങ്ങൾ പൂർണ്ണമായും ഞാൻ അവരുടെ ഇംഗിതത്തിനു വിട്ടു."

('ഞാൻ എന്റെ ദൃഷ്ടിയിൽ'–മൂന്നാംഭാഗം, പേജ് 322)

ഇക്കാര്യത്തിൽ ബ്രദേഴ്സിന്റെ നിലപാട് എന്തായിരുന്നുവെന്ന് വിഭജനശേഷം സഹോദരവിഭാഗത്തിന്റെ പ്രഥമ സുപ്പീരിയർ ജനറലായ റവ. ബ്രദർ അൽഫോൻസ് മാടശ്ശേരി C. S. T. യുടെ വാക്കുകൾ വ്യക്തമാക്കുന്നുണ്ട്:

"സഭയിൽ തിരുക്കർമ്മങ്ങൾ അനുഷ്ഠിക്കുന്നതൊഴിച്ചുള്ള എല്ലാ രംഗങ്ങളിലും വൈദികർക്കും സഹോദരന്മാർക്കും തുല്യ പരിഗണന ഉണ്ടായിരിക്കുന്നതും ആ നിലയിൽ അവർ ഏകോദര സഹോദരങ്ങളെപ്പോലെ വർത്തിക്കുന്നതുമാണെന്നും

മററുമുള്ള ശ്രേഷ്ഠമായ വാഗ്ദാനങ്ങളിൽ വിശ്വസിച്ചുകൊണ്ടും അച്ചനു വരാൻ പോകുന്ന ദുഃഖത്തെയും വിഷമത്തെയും പരിഗണിച്ചുകൊണ്ടും അച്ചൻെറ അപ്പോഴത്തെ ഉപദേശവും അപേക്ഷയും അനുസരിച്ചും സഹോദരന്മാരുടെ സഭയിൽ വൈദികരും ഉണ്ടായിരിക്കണമെന്നതാണ് തങ്ങളുടെ ആഗ്രഹമെന്ന് ഹിതപരിശോധനയിൽ സഹോദരന്മാർ വന്ദ്യപിതാവിനെ അറിയിക്കുകയാണുണ്ടായതു്'' (ഓർമ്മക്കുറിപ്പുകൾ—കൈയെഴുത്തുപ്രതി).

## തീരാനഷ്ടം

ഈ നിർണ്ണായകഘട്ടത്തിൽ അപ്രതീക്ഷിതമായ ഒരു തീരാനഷ്ടവും ചെറുപുഷ്പസഭയെ ദുഃഖത്തിലാഴ്ത്തി. സഭയുടെ സ്ഥാപകനും പിതൃസഹജമായ വാത്സല്യാതിരേകത്തോടെ സഭയുടെ തനിമയാർന്ന നിലനില്പിലും വളർച്ചയിലും അതിമാത്രം ശ്രദ്ധാലുവുമായിരുന്ന കണ്ടത്തിൽ പിതാവിൻെറ ദേഹവിയോഗമായിരുന്നു ചെറുപുഷ്പസഭയെ അക്ഷരാർത്ഥത്തിൽ അനാഥമാക്കിയ ആ ദുഃഖസംഭവം. 1956 ജനുവരി 10–ാം തീയതിയായിരുന്നു ചെറുപുഷ്പസഭയെ മാത്രമല്ല, കേരള സുറിയാനിസഭയെ ഒന്നടങ്കം അഴലിൻെറ നിഴലിൽപെടുത്തിയ ആ പിതൃനിര്യാണം സംഭവിച്ചതു്. ചെറുപുഷ്പസഭാംഗങ്ങൾ അരമനയിലെത്തി സ്ഥാപകപിതാവിനോടുള്ള അന്ത്യാദരം അർപ്പിക്കുകയും ചരമാനന്തര ശുശ്രൂഷകളിൽ പങ്കെടുക്കുകയും ആഴ്ചകൾ നീണ്ടുനിന്ന പ്രാർത്ഥനാപൂർവ്വകമായ വിലാപാനുസ്മരണം നടത്തുകയും ചെയ്തു.

## സഭയ്ക്കു പുതിയ നിയമസംഹിത

1963–ൽ ചെറുപുഷ്പസഭയുടെ നിയമാവലി പൗരസ്ത്യ കാനൻനിയമങ്ങളുടെ വെളിച്ചത്തിൽ വീണ്ടും നവീകരിച്ചു. അതിൻെറ ഒൻപതാം വകുപ്പിൽ 'ചെറുപുഷ്പ സന്യാസസഭ പുരോഹിതന്മാരും സഹോദരന്മാരും അംഗങ്ങളായുള്ള ഒരു സമൂഹമാകുന്നു' എന്ന് സഭയുടെ സ്വഭാവവും ഘടനയും സംശയലേശമെന്യേ വ്യക്തമാക്കിയിരുന്നു. പക്ഷേ, അതിൻെറ 67–ാം വകുപ്പിലാകട്ടെ ഒരു പുരോഹിതസഭ (Clerical Congregation) യിൽ ഈ വിധം വൈദികർക്കും സഹോദരന്മാർക്കും ഏതാണ്ടു സമ

മായി പരിഗണന നല്കിയിരിക്കുന്നതു് സഭയിലെ രണ്ടു വിഭാഗക്കാരായ അംഗങ്ങളുടെയും കഴിവുകളെ സഭയ്ക്കുവേണ്ടി പരമാവധി ഉപയോഗപ്പെടുത്തുവാൻവേണ്ടിയാണു്'' എന്നു കൂടി ചേർക്കുകയുണ്ടായി. അങ്ങനെ ചെറുപുഷ്പസഭ ഒരു പുരോഹിത സഭയാണെന്നു വരുത്തിത്തീർക്കുവാനുള്ള ശ്രമം അത്ര സ്പഷ്ടമല്ലാത്ത രീതിയിൽ അരങ്ങേറി. എന്നാൽ നിയമ പ്രകാരം സഭയുടെ പൊതുസംഘത്തിൽ (General Chapter) ഈ നിയമസംഹിതയുടെ കരടുരൂപം അവതരിപ്പിച്ചു് ചർച്ച ചെയ്യുകയോ പൊതുസമ്മതം ആരായുകയോ ഉണ്ടായതുമില്ല. നിയമ സംഹിതയെക്കുറിച്ചു് സഭാംഗങ്ങൾക്കു് അഭിപ്രായപ്രകടന ത്തിനു് അവസരം ലഭിക്കാതിരുന്നതിന്റെ പേരിൽ, പ്രതി ഷേധസൂചകമായി വൈദികവിഭാഗത്തിൽപ്പെട്ട നിഷ്പക്ഷ മതിയായ എടക്കുന്നത്തു് ഇഗ്നേഷ്യസച്ചൻ സഭവിട്ടു പോവുകയും ചെയ്തു.

ഏതായാലും ചെറുപുഷ്പസഭയുടെ ഈ നിയമസംഹിത അന്നത്തെ മെത്രാപ്പോലീത്താ മാർ ജോസഫ് പാറേക്കാട്ടിൽ തിരുമേനിക്കു് അംഗീകാരത്തിനായി സമർപ്പിക്കുകയും നിയമ സംഹിതയിലെ അസ്പഷ്ടതകളും വൈരുദ്ധ്യങ്ങളും മനസ്സിലാക്കാതെയും ജനറൽ ചാപ്റ്റർ അംഗീകരിക്കാത്തതാണെന്നു ഗ്രഹിക്കാതെയും സുപ്പീരിയർ ജനറൽ സമപ്പിച്ച നിയമസംഹിത പിതാവു് അപ്പാടെ അംഗീകരിച്ചു കൊടുക്കുകയും ചെയ്തു.

നിയമസംഹിതയ്ക്കു് അംഗീകാരം നേടിയെടുക്കാൻ കഴിഞ്ഞതോടെ, ചെറുപുഷ്പസഭ ഒരു വൈദികസഭയാണെന്നുള്ള അവകാശവാദം മറനീക്കി പുറത്തുവരാൻ തുടങ്ങി.

ഇക്കാര്യത്തിൽ തങ്ങൾക്കുള്ള ആശങ്കയും പ്രതിഷേധവും സഹോദരവിഭാഗം 1975 ഒക്ടോബർ 1–ാം തീയതി ഒരു പരാതിയിലൂടെ അഭിവന്ദ്യ പാറേക്കാട്ടിൽ തിരുമേനിയുടെ ശ്രദ്ധയിൽ പെടുത്തി. പ്രസ്തുത പരാതി റിപ്പോർട്ടിനായി അന്നത്തെ സഭാ സുപ്പീരിയർ ജനറൽ ബ. ജോൺ ഓലിക്കലച്ചനു് അയച്ചുകൊടുത്തു. അതിനു് അദ്ദേഹം നല്കിയ റിപ്പോർട്ടിൽ ''നിയമപുസ്തകത്തിലൊന്നും പുരോഹിതസഭ എന്നൊരു പ്രയോഗമില്ലെന്നു പരാതിയിൽ പറയുന്നുണ്ടെങ്കിലും, 1963 ഏപ്രിൽ മാസത്തിൽ അഭിവന്ദ്യ പിതാവും തലശ്ശേരിമെത്രാൻ

തിരുമേനിയും അംഗീകരിച്ച നിയമാവലി 67–ാം വകുപ്പിൽ ചെറുപുഷ്പസഭ ഒരു പുരോഹിതസഭയാണെന്നു പ്രസ്താവിച്ചിട്ടുള്ളതാണ്'' എന്നു് ഉറപ്പിച്ചും തറപ്പിച്ചും രേഖപ്പെടുത്തി അയയ്ക്കുകയാണു ചെയ്തതു്.

അതിനുള്ള മറുപടിയെന്നോണം No.22/M.I.S.C./459/76–ാം നമ്പരായി അഭിവന്ദ്യ പാറേക്കാട്ടിൽ പിതാവ്, ചെറുപുഷ്പസഭയുടെ അന്നത്തെ സുപ്പീരിയർ ജനറൽ ബ. ക്രിസ്റ്റഫറച്ചനു് താഴെക്കാണുംവിധം ഒരു വിശദീകരണക്കത്തും അയച്ചു:

''സഭയുടെ ക്ഷേമത്തിൽ അച്ചനുള്ള ഉത്കണ്ഠയിലും താല്പര്യത്തിലും ഞാനും പങ്കുചേരുന്നുവെങ്കിലും താഴെപ്പറയുന്ന ചില സംഗതികൾ പ്രത്യേകം എടുത്തുപറയാതിരിക്കുവാൻ എനിക്കു നിവൃത്തിയില്ല. അച്ചൻ ഓറിയൻറൽ കോൺഗ്രിഗേഷനയച്ച കത്തിൽ സ്ഥാപകൻ എന്ന പദവി ബസേലിയൂസച്ചനു നല്കിയിരിക്കുന്നതായി കാണുന്നു. അതു് യാഥാർത്ഥ്യത്തിനും ചരിത്രവസ്തുതകൾക്കും നിരക്കുന്നതല്ലെന്നു് എറണാകുളം മിസ്സം 1976 സെപ്റ്റംബർ ലക്കത്തിൽ കൊടുത്തിരിക്കുന്ന ചരിത്രവസ്തുതകളിൽനിന്നും സഭയിൽ ഇന്നു ജീവിച്ചിരിക്കുന്ന ആദിമസഭാംഗങ്ങളുടെ സാക്ഷ്യങ്ങളിൽ നിന്നും അറിയാവുന്നതാണല്ലോ. ബസേലിയൂസച്ചൻെറ കക്ഷിക്കാർ 1975–ൽ മാത്രമാണു് ഈ പദവി ബസേലിയൂസച്ചനു് നല്കിത്തുടങ്ങിയതു്. പ്രത്യക്ഷമായിട്ടല്ലെങ്കിലും ബ. ബസേലിയൂസച്ചൻ ഈ പദവി ഏറെറടുക്കുകയും ചെയ്തു.

ബസേലിയൂസച്ചൻെറ കാഴ്ചപ്പാടിൽ അദ്ദേഹം എഴുതിയ സഭാചരിത്രം ഞാൻ കാര്യമായി പഠിക്കുകയുണ്ടായില്ല. എന്നിരുന്നാലും വസ്തുതകളുടെ ശരിയായ ഒരു ചിത്രം അതു നല്കുന്നുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. ഉദാഹരണത്തിനു് 1963 ഏപ്രിൽ 18–ാം തീയതി ഞാൻ അച്ചനെഴുതിയ നിയമപുസ്തകത്തിനു് അംഗീകാരം കൊടുത്തതു മുതൽ ഇതു് ഒരു ക്ലേരിക്കൽ കോൺഗ്രിഗേഷൻ എന്നു സ്ഥാപിക്കുവാൻ അദ്ദേഹം പരിശ്രമിച്ചുകാണുന്നു. ആ നിയമത്തിൻെറ അംഗീകാരത്തിൻെറ പിന്നിലെ കാര്യങ്ങളും അതിൻെറ വ്യാഖ്യാനവും ഞാൻ ഇവിടെ വിശദീകരിക്കേണ്ടിയിരിക്കുന്നു. കാനൻനിയമത്തിൻെറ വെളിച്ചത്തിൽ സഭാനിയമങ്ങൾ പുതുക്കിയെഴുതണമെന്നു് അച്ചൻ

എന്നോടു പറഞ്ഞപ്പോഴും ഞാൻ അതിനെ സ്വാഗതം ചെയ്തു. എന്നാൽ, മാർപാപ്പായുടെ തിരുവെഴുത്തിൽ പറഞ്ഞിരിക്കുന്നതിനപ്പുറം എന്തെങ്കിലും മാററം റൂളിൽ വരുത്തുമെന്നു് ഞാൻ അശേഷം സംശയിച്ചില്ല. അദ്ദേഹത്തിനു സഭയുടെ സുപ്പീരിയർ ജനറൽ എന്ന നിലയിൽ കർദ്ദിനാൾ ടിസ്സറൻറു തിരുമേനി അയച്ച കത്തിൽനിന്നും ഇതു വ്യക്തമാണ്. അതിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: മാർപാപ്പയുടെ തിരുവെഴുത്തിൻ പ്രകാരം നിങ്ങളുടെ റൂളുകൾ നവീകരിക്കുന്നതിനു് ഞാൻ അച്ചനെ അനുവദിക്കുന്നു. നിങ്ങളുടെ സഭ ഡൈസസീഷ്യൻ കോൺഗ്രിഗേഷൻ ആയതുകൊണ്ടു് പ്രസ്തുത നിയമസംഹിത ബിഷപ്പിൻെറ അംഗീകാരത്തിനായി സമർപ്പിക്കുകയും വേണം.''

ഇതിൽനിന്നും ബസേലിയൂസച്ചനു് റൂളിൽ പുതുതായി എന്തെങ്കിലും കൂട്ടിച്ചേർക്കുവാൻ അധികാരം നൽകപ്പെട്ടിരുന്നില്ലായെന്നു് മനസ്സിലാക്കാവുന്നതാണല്ലൊ. അതുപോലെതന്നെ, ബസേലിയൂസച്ചൻ ഈ നിയമാവലി പരിഷ്കരണത്തിനു നീണ്ട എട്ടുവർഷം എടുത്തു എന്നു പറയുന്നതും വളരെ വിചിത്രമായിരിക്കുന്നു. 1963-ൽ പരിഷ്കരിച്ച റൂളിൻെറ തുടക്കത്തിൽ ചെറുപുഷ്പ സന്ന്യാസസഭ വൈദികരും സഹോദരന്മാരും അംഗങ്ങളായുള്ള ഒരു സമൂഹമാണെന്നു്, 1947-ലെ റൂളിൽ പറഞ്ഞിരിക്കുന്നതു് ആവർത്തിച്ചു പറഞ്ഞിരിക്കുകയും ചെയ്യുന്നു. അതു ശരിയാണു താനും. എന്നാൽ, നിർഭാഗ്യവശാൽ, 67-ാം നമ്പർ റൂളിൽ ക്ലേരിക്കൽ എന്ന പദം തിരുകിക്കയററിയിരുന്നതു് എൻെറ ശ്രദ്ധയിൽ പെടുകയുണ്ടായില്ല. ഈ ഭാഗമത്രെ ബസേലിയൂസച്ചൻെറ 'ചെറുപുഷ്പ സന്ന്യാസസഭ' എന്ന ലഘുപുസ്തകത്തിൽ ഉദ്ധരിച്ചുകൊണ്ടു് സഭ ക്ലേരിക്കൽ ആണെന്നു സ്ഥാപിച്ചിരിക്കുന്നതു്. ഈ ആശയം എനിക്കും സഭയിലെ മററു് അംഗങ്ങൾക്കും സ്വീകാര്യമായിരുന്നുവെങ്കിൽ തീർച്ചയായും അച്ചനു് ഇപ്രകാരം പുറംവാതിലിൽകൂടി 67-ാം നമ്പർ റൂളിൽ അതു തിരുകിക്കയററാതെ, നേരെ റൂളിൻെറ ആരംഭത്തിൽത്തന്നെ അതു ചേർക്കാമായിരുന്നല്ലോ... വാസ്തവത്തിൽ 1963-ലെ റൂളിൽ ഇങ്ങനെയൊരു പദം തിരുകിക്കയററിയിരുന്ന വിവരം മോൺ. വറുഗീസ് കവലക്കാട്ടച്ചൻ, ജോസഫ് വടക്കുംചേരിയച്ചൻ, ജോർജ്ജ് വിതയത്തിലച്ചൻ ഇവർ ഉൾപ്പെട്ട കമ്മീഷൻെറ ശ്രദ്ധയിൽപ്പോലും പെട്ടില്ലെന്ന

താണു വാസ്തവം. രണ്ടാമതായി പുതുക്കിയ റൂളിനു് അംഗീകാരം നല്കിയപ്പോഠം അതിനു് ജനറൽ ചാപ്ററിൻെറ അംഗീകാരം ഉണ്ടെന്നായിരുന്നു ഞാൻ ധരിച്ചിരുന്നതു്. പിന്നീടു പലഭാഗത്തുനിന്നും എതിർപ്പുകഠം ഉണ്ടായപ്പോഴാണു് ഇതു വേണ്ടപ്പെട്ടവരുമായി ആലോചിക്കാതെയാണു് ഉണ്ടാക്കിയതെന്നു ഞാൻ മനസ്സിലാക്കുന്നതു്. സഭയിൽനിന്നും ഒരാഠം പുറത്തുപോയതിൻെറ കാരണവും അദ്ദേഹത്തിനും അതുപോലെ തന്നെ മററുള്ളവർക്കും റൂളിൻെറ നവീകരണത്തിൽ യാതൊന്നും പറയുവാനുള്ള അവസരം ലഭിക്കാത്തതാണു്. ഒന്നാമതായി ബസേലിയൂസച്ചൻ തൻെറ പുസ്തകത്തിൽ 25-ാം പേജിൽ പറയുന്നതു് അർദ്ധസത്യം മാത്രമാണു്. ഞാൻ ഏതോ ശെമ്മാശന്മാരുടെ പട്ടത്തിനായി ചെന്നിരുന്നുവെന്നുള്ളതു വാസ്തവമാണു്. അന്നു റൂളിൻെറ കാര്യവുമായി യാതൊന്നും അച്ചനുമായി ഞാൻ ചർച്ചചെയ്യുകയുണ്ടായില്ല. അതിനു സമയവും ഇല്ലായിരുന്നു. ഏതെങ്കിലും അച്ചന്മാരുമായി വല്ലതും അതിനെപ്പററി പറഞ്ഞു കാണും. അതിനപ്പുറം യാതൊന്നും ഉണ്ടായില്ല. ഒരുകാര്യം എനിക്കു് തീർച്ചയായും പറയുവാൻ സാധിക്കും. എനിക്കു നിങ്ങളുടെ സമൂഹത്തെ ഒരു ക്ലേരിക്കൽ കോൺഗ്രിഗേഷനായി അംഗീകരിക്കാൻ ഒരിക്കലും ഉദ്ദേശ്യമില്ലായിരുന്നു. നിങ്ങളുടെ സഭയുടെ ചരിത്രം മുഴുവനും അറിയാവുന്ന ഞാൻ ഒരിക്കലും അങ്ങനെ സ്വന്തനിലയിൽ ചെയ്യുമായിരുന്നില്ല. സഭ അതിൻെറ ഘടന നിലനിർത്തിക്കൊണ്ടു് ആവശ്യമായ വ്യതിയാനങ്ങഠം റൂളിൽ വരുത്തുന്നതേയുള്ളു എന്നാണു് ഞാൻ കരുതിയതു്. അതുകൊണ്ടു് ഞാൻ ആവർത്തിച്ചു പറയുകയാണു്, ഞാൻ നിങ്ങളുടെ 1963-ലെ റൂളുകഠം അംഗീകരിച്ചു എന്നുള്ളതു് നിങ്ങളുടെ സഭ ക്ലേരിക്കലാണു് എന്നുള്ളതിനു തെളിവായി ഒരിക്കലും സ്വീകരിക്കുവാൻ പാടുള്ളതല്ല.''

## സഹോദരസംഖ്യ ശുഷ്കം

1953 മെയ് മാസത്തിൽ സമാപിച്ച രണ്ടാമത്തെ നൊവീഷ്യേററിനുശേഷം 1961 വരെ വൈദികവിഭാഗത്തിൽപ്പെട്ട 14 പേർ വ്രതം അനുഷ്ഠിച്ചതായി രേഖകഠം പറയുന്നു. അതേസമയം ഈ കാലയളവിൽ സഹോദരവിഭാഗത്തിൽ അഞ്ചുപേർ മാത്രമേ വ്രതാനുഷ്ഠാനം നടത്തിയതായി കാണുന്നുള്ളു.

ഞാറസ്ലൽപള്ളി ഇടവക മാഞ്ഞൂരാൻ കുടുംബാംഗമായ ബ്രദർ ലെയോപ്പോൾഡും പെരുമ്പള്ളിച്ചിറ ഇടവക കൊണ്ടൂർ കുടുംബാംഗമായ ബ്രദർ ഡാമിയനും മൂക്കന്നൂർ ഇടവക വെട്ടിക്കൽ ബ്രദർ ബോസ്കോയും 1959 ജനുവരി 6–ാം തീയതിയും, എരുമാട്ട് ഇടവകയിൽപ്പെട്ട അണ്ണാത്തുകുഴി കുടുംബാംഗമായ ബ്രദർ ബോർജിയായും ചേപ്പുംപാറ ഇടവകാംഗമായ അപ്പച്ചേരി ജോൺ 1961 മെയ് 17–ാം തീയതിയും നിയമാനുസൃതമായ നൊവീഷ്യേററു കഴിഞ്ഞ് ആദ്യവ്രതവാഗ്ദാനം നടത്തി.

ബ്രദർ ജോൺ അപ്പച്ചേരി വൈദികവിദ്യാർത്ഥിയായിട്ടാണ് സഭയിൽ ചേർന്നത്. ബ്രദർ ബോർജിയ അണ്ണാത്തുകുഴിയോട് ഇതര വൈദികവിദ്യാർത്ഥികളോടൊപ്പം നൊവീഷ്യേററു കഴിച്ചു. ഇവരുടെ നൊവീഷ്യേററുഗുരു ഫാദർ സേവ്യർ ഓലിക്കലും സോചിയൂസ് ബ്രദർ പയസ്സും ആയിരുന്നു. ജോൺ അപ്പച്ചേരി വൈദികവിദ്യാർത്ഥി എന്ന നിലയിൽ ഒരുവർഷത്തെ തത്ത്വശാസ്ത്ര പഠനത്തെത്തുടർന്നു രോഗവും അനാരോഗ്യവുംമൂലം ചികിത്സയും വിശ്രമവും റീജൻസിയുമായി പഠനത്തിൽനിന്നു വിട്ടുനിൽക്കാനിടയായി. അക്കാലത്ത് ബ്രദർ ജോൺ എന്നല്ല, ജോൺ ശെമ്മാശൻ എന്നാണ് അദ്ദേഹം അഭിസംബോധന ചെയ്യപ്പെട്ടിരുന്നത്. അങ്ങനെ സഭയിൽ തുടർന്നുവരവെ, 1977–ൽ സഭാവിഭജനം നടന്നപ്പോൾ അദ്ദേഹം സ്വമേധയാ സഹോദരവിഭാഗത്തിൽ നിലയുറപ്പിക്കുകയാണുണ്ടായത്.

ആ കാലയളവിൽ പെററിസെമിനാരി റെക്ററും അനാഥശാലാ അസി. മാനേജരുമായിരുന്ന ചക്യത്തു ബ. ജോസഫച്ചൻ വൈദികാർത്ഥികളുടെ ശിക്ഷണത്തിലെന്നപോലെ സഹോദരന്മാരുടെ പരിശീലനാദികാര്യങ്ങളിലും ശ്രദ്ധചിന്ത കൂടാതെ ശ്രദ്ധ പതിപ്പിച്ചിരുന്നു എന്ന് എടുത്തുപറയേണ്ടതുണ്ട്.

1961–ൽ ബസേലിയൂസച്ചൻ ചെറുപുഷ്പസഭയുടെ തിരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ സുപ്പീരിയർ ജനറലായി. 1967 വരെ അദ്ദേഹം ആ സ്ഥാനത്തു തുടർന്നു. ഈ കാലഘട്ടത്തിലും സഭയിൽ വൈദികാർത്ഥികളുടെ എണ്ണം ക്രമാനുഗത

മായി വർദ്ധിക്കുകയും സഹോദരാർത്ഥികളുടെ സംഖ്യ ആനു പാതികമായി ഉയരാതിരിക്കുകയുമാണുണ്ടായതു്.

1961 മുതൽ 1967 വരെയുള്ള ഭരണകാലഘട്ടത്തിൽ പുതുതായി നാല്പത്താറുപേർ വൈദികവിഭാഗത്തിൽ ചേർന്നു വ്രതം സ്വീകരിച്ചു. എന്നാൽ, ഈ ആറു വർഷത്തിനിടയ്ക്കു് നൊവീഷ്യേററു കഴിച്ചു് വ്രതം സ്വീകരിച്ച സഹോദരാംഗങ്ങളുടെ എണ്ണം ആറേ ആറു മാത്രമായിരുന്നു.

17.5.'63-ൽ ആദ്യവ്രതവാഗ്ദാനം നടത്തിയ കോതനല്ലൂർ ഇടവക ബ്രദർ ജോസഫ് മുണ്ടുമൂഴിക്കര, 17.5.'64-ൽ വ്രതം സ്വീകരിച്ച പാറമ്പുഴ ഇടവക ബ്രദർ കുര്യൻ പറയരുകാവിൽ, കല്ലാനിക്കൽ ഇടവക ബ്രദർ പോൾ കളമ്പുകാട്ട്, ചേപ്പുംപാറ ഇടവക ബ്രദർ ജോസഫ് കൊട്ടുപ്പിള്ളി, 17.1.'65-ൽ സഹോദരസന്ന്യാസം സ്വീകരിച്ച പാദുവാ ഇടവക ബ്രദർ അലക്സാണ്ടർ മട്ടക്കുഴി, 17.5.'66-ൽ സന്ന്യാസവ്രതം സ്വീകരിച്ച പൂവത്തോട് ഇടവക ബ്രദർ തോമസ് ഒട്ടലാങ്കൽ എന്നിവരായിരുന്നു ആ ആറുപേർ.

## പുരോഗതിയിലേക്ക് ഒരു രജതരേഖ

ഈ കാലയളവിൽ ഗ്രാമോദ്ധാരണപരമായ വിവിധ സാങ്കേതിക പരിശീലനങ്ങൾക്കായി സഹോദരന്മാരിൽ പലരും നിയോഗിക്കപ്പെട്ടുകയുണ്ടായി എന്നതു് പുരോഗതിയിലേക്കുള്ള ഒരു രജതരേഖയായി വിശേഷിപ്പിക്കാവുന്നതാണു്. ബ്രദർ ഫിലിപ്പ് കോയമ്പത്തൂർ നിന്നു് വാസ്തുശില്പവിദ്യയിൽ പരിശീലനം നേടിയശേഷം പൂനെ സെൻറ് ജോസഫ്സ് ഇൻസ്ററിററ്യൂട്ടിൽനിന്നു് കാർപ്പൻററി, വെൽഡിംഗ് എന്നീ ട്രേഡുകളിൽ മൂന്നുവർഷം ദീർഘിച്ച ഡിപ്ലോമ കോഴ്സും പാസ്സായി. ബ്രദർ സ്റ്റീഫൻ ഓട്ടോമൊബൈൽ ട്രേഡിലാണു് വൈദഗ്ധ്യം കരസ്ഥമാക്കിയതു്. ബ്രദർ വിൻസെൻറ് അദ്ധ്യാപക പരിശീലനത്തിനും നിയോഗിക്കപ്പെട്ടു.

ബ്രദർ മൈക്കിളിനു് സഭയുടെ ആലോചനാംഗത്വം നല്കി ഭരണസമിതിയിലും സഹോദരവിഭാഗത്തിൻെറ നാമമാത്രമായ പ്രാതിനിധ്യമെങ്കിലും നിലനിർത്തുകയുണ്ടായി എന്നുള്ളതും പ്രസ്താവ്യമാണു്.

1967–ൽ ബസേലിയൂസച്ചനു പകരം പുതിയ സുപ്പീരിയർ ജനറലായി പറമ്പി ബ. സെറാഫിനച്ചൻ തിരഞ്ഞെടുക്കപ്പെട്ടു. ഒന്നാം ആലോചനക്കാരനായി ബസേലിയൂസച്ചനെത്തന്നെ തിരഞ്ഞെടുത്തു. സഹോദരവിഭാഗത്തിൽ നിന്നു് ബ്രദർ മൈക്കിളാണു് ആലോചനക്കാരനായി തിരഞ്ഞെടുക്കപ്പെട്ടതു്.


സെറാഫിനച്ചനെത്തുടർന്നു് ഓലിക്കൽ ബ. ജോണച്ചൻ സുപ്പീരിയർ ജനറലായി തിരഞ്ഞെടുക്കപ്പെട്ടു. ഭരണസമിതിയിലെ സഹോദരവിഭാഗം പ്രതിനിധി ബ്രദർ അൽഫോൻസ് മാടശ്ശേരി ആയിരുന്നു. 1976 വരെ ബ. ജോണച്ചൻ സുപ്പീരിയർ ജനറൽസ്ഥാനം വഹിച്ചു. അദ്ദേഹം വിദേശപര്യടനത്തിലായിരുന്ന കുറേക്കാലം നാല്പാട്ടു് ബ. മാർട്ടിനച്ചനും ജനറലിന്റെ ചുമതലകൾ നിർവഹിക്കുകയുണ്ടായി.

ബ. സെറാഫിനച്ചന്റെയും ബ. ഓലിക്കലച്ചന്റെയും ഭരണകാലത്തും സഹോദരന്മാരുടെ നില ആശാവഹമായിരുന്നില്ല.


ഈ ഒൻപതു വർഷത്തിനിടയ്ക്കു് നാലു സഹോദരന്മാർ മാത്രമാണു് സന്ന്യാസവ്രതം സ്വീകരിച്ചു് സഭാംഗങ്ങളായതു്.

1976–ൽ സുപ്പീരിയർ ജനറലായി തെരഞ്ഞെടുക്കപ്പെട്ടതു് പുതുമന ബ. ക്രിസ്റ്റഫറച്ചൻ ആയിരുന്നു. ബ്രദർ അൽഫോൻസ് മാടശ്ശേരി ആയിരുന്നു സഹോദരവിഭാഗം കൗൺസിലറായി തിരഞ്ഞെടുക്കപ്പെട്ടതു്.


ഈ ഭരണസമിതിയുടെ കാലത്തു് രണ്ടു സന്ന്യാസാർത്ഥികൾ സഹോദരവിഭാഗത്തിൽ ചേർന്നു. മേപ്പാടി ഇടവക ബ്രദർ ജോർജ് കുമ്മിണിത്തോട്ടം, പേരാവൂർ ഇടവക ബ്രദർ വിൻസെന്റ് പെരുമ്പനാനി എന്നിവർ 17–5–'78–ൽ പ്രഥമ വ്രതവാഗ്ദാനം നടത്തി.



ചെറുപുഷ്പ സഭയുടെ ആരംഭകാല ഡിറക്ടറും സുപ്പീരിയർ ജനറലുമായിരുന്ന റവ. ഫാ. ബസ്സീലിയൂസ് സി. എസ്. റ്റി.




സഭയിലെ ആദ്യ അംഗം
റവ. ബ്രദർ ബനഡിക്ട് കച്ചിറയിൽ C.S.T.





മൂക്കന്നൂർ ആശ്രമദേവാലയത്തിൽ സംസ്കരിച്ചിട്ടുള്ള കുളങ്ങര
ഇട്ടീര ഗർവ്വാസീസിൻെറ കബറിടം.




സി. എസ്. ററി. സഭാസ്ഥാപനത്തിനു പ്രചോദനമേകിയ യൂറോപ്യൻ യാത്ര— മാർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമേനി ഐറീഷ് ക്രിസ്റ്റ്യൻ ബ്രദേഴ്സിൻെറ സുപ്പീരിയർ ജനറാളുമൊത്ത് ഐറീഷ് പ്രസിഡൻറിനെ സന്ദർശിക്കുന്നു.



മൂക്കന്നൂർ ചെറുപുഷ്പാശ്രമ ദേവാലയം




1991– ലെ സുപ്പീരിയർ ജനറാളും ചാപ്റ്റർ അംഗങ്ങളും




1931-ൽ സ്ഥാപിതമായ ചെറുപുഷ്പാശ്രമം മൂക്കന്നൂർ






ദിവംഗതനായ
ബ്രദർ ലൂയിസ് പുല്ലേലി
T.O.C.D.

1983 മെയ് 6–ന്നു ദിവംഗതനായ
ബ്രദർ ബർണാഡ് അറയ്ക്കത്തറ
C.S.T.





1983 ജൂൺ 17-ാംനു-
ദിവംഗതനായ
ബ്രദർ ബർക്കുമാൻസ്
കോയിക്കര C.S.T.

1992 ഡിസംബർ 4-ാംനു-
ദിവംഗതനായ
ബ്രദർ വിൻസെൻറ്
പാനികുളങ്ങര C.S.T.

ആറ്

# വിഭജനത്തിൻെറ പാതയിൽ

## വീണ്ടും നിയമസംഹിതയിൽ മാററം

1970 ജൂലായ് 3–ാം തീയതിമുതൽ രണ്ടു ഘട്ടങ്ങളിലായി ചെറുപുഷ്പസഭയുടെ നിയമസംഹിത ഭേദഗതി ചെയ്തു പ്രസിദ്ധപ്പെടുത്തുകയും 1975–ൽ അതു മുഴുവൻ ക്രോഡീകരിച്ച് ഒററപ്പുസ്തകമായി അച്ചടിപ്പിക്കുകയുംചെയ്തു. അതിലെ 5–ാം നമ്പർ നിയമത്തിൽ 'ചെറുപുഷ്പസഭ പുരോഹിതന്മാരും സഹോദരന്മാരും അംഗങ്ങളായുള്ള ഒരു പുരോഹിത സഭ (Clerical Congregation)യാകുന്നു' എന്നാണ് ഭേദഗതി ചെയ്തു ചേർത്തിരുന്നതു്.

കൂടാതെ സഭയുടെ ജനറൽ ചാപ്ററിലേക്കുള്ള പ്രതിനിധികളെ തിരഞ്ഞെടുക്കുന്നതു് ആനുപാതിക പ്രാതിനിധ്യ നിയമപ്രകാരം ആയിരിക്കുമെന്നും വ്യവസ്ഥചെയ്തിരുന്നു.

തങ്ങളെ പ്രതികൂലമായി ബാധിക്കുന്ന ഈ നിയമാവലി പരിഷ്കരണത്തെ സഹോദരന്മാർ എതിർക്കുകയും ആയതിൽ മാററം വരുത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ഇതു് പരീക്ഷണാർത്ഥം കൊണ്ടുവന്നിരിക്കുന്ന നിയമാവലിയാണെന്നും അടുത്ത ചാപ്ററിൽ ഭൂരിപക്ഷാഭിപ്രായമനുസരിച്ച് മാററാവുന്നതേയുള്ളു എന്നും അധികൃതപക്ഷം വിശദീകരണം നല്കി.

ആ വിശദീകരണത്തിൽ വിശ്വാസമർപ്പിച്ചുകൊണ്ടു് സഹോദര വിഭാഗം നിയമസംഹിതയിൽ വരുത്തേണ്ട ഭേദഗതികൾ നിർദ്ദേശിക്കുകയും ആയതു ജനറൽ കൗൺസിലിനു സമർപ്പിക്കുകയും ചെയ്തു.

'ചെറുപുഷ്പസഭ പുരോഹിതന്മാരും സഹോദരന്മാരും അംഗങ്ങളായുള്ള ഒരു സമൂഹമാകുന്നു' എന്നു മാററം വരുത്തണ

മെന്നതായിരുന്നു ആദ്യനിർദ്ദേശം. തിരഞ്ഞെടുപ്പിനു നിർദ്ദേശിച്ചിരിക്കുന്ന ആനുപാതിക നിയമം ഉപേക്ഷിക്കണമെന്നുള്ളതായിരുന്നു മററൊരു ഭേദഗതി. സഹോദരന്മാരിൽനിന്നുള്ള കൗൺസിലർമാരെയും പ്രൊക്യുറേറർ ജനറലിനെയും തിരഞ്ഞെടുക്കുവാനുള്ള അവകാശം നിത്യവ്രതംചെയ്ത സഹോദരന്മാർക്കു മാത്രമായി ക്ലിപ്തപ്പെടുത്തണമെന്നും സഹോദരവിഭാഗം ആവശ്യപ്പെട്ടു.

പൗരോഹിത്യ ധർമ്മാനുഷ്ഠാനം ഒഴികെ സഭയിലെ ഏതു പദവിക്കും നിത്യവ്രതംചെയ്തിട്ടുള്ള ഏതൊരു സഭാംഗത്തിനും അർഹത ഉണ്ടായിരിക്കുന്നതാണെന്നും നിയമപുസ്തകത്തിൽ രേഖപ്പെടുത്തണമെന്നതായിരുന്നു സഹോദരവിഭാഗത്തിൻെറ മററൊരാവശ്യം.

ഉന്നയിക്കപ്പെട്ട മററൊരു ഭേദഗതി സഭയിൽനിന്നു മേലധികാരസ്ഥാനങ്ങളിലേക്കു് അയയ്ക്കുന്ന എല്ലാ ആധികാരിക രേഖകളിലും സുപ്പീരിയർ ജനറലിനു പുറമേ എല്ലാ ജനറൽ കൗൺസിലർമാരും ഒപ്പുവച്ചിരിക്കണമെന്നു വ്യവസ്ഥചെയ്യണമെന്നുള്ളതായിരുന്നു.

വൊക്കേഷൻ ഡയറക്ററർ വൈദികനും അസി. വൊക്കേഷൻ ഡയറക്ററർ ബ്രദറും എന്ന വ്യവസ്ഥ മാററി സഹോദരാർത്ഥികളെ തിരഞ്ഞെടുക്കാനും അതോടു ബന്ധപ്പെട്ട കാര്യങ്ങളും നിർവഹിക്കാനും സുപ്പീരിയർ ജനറലിനു വിധേയമായി നിക്ഷിപ്താധികാരങ്ങളോടുകൂടിയ ബ്രദർ വൊക്കേഷൻ ഡയറക്ററർ എന്നൊരു പുതിയ തസ്തിക സൃഷ്ടിക്കണമെന്നും സഹോദരദൈവവിളി പ്രോത്സാഹിപ്പിക്കുവാൻ അതു് അത്യന്താപേക്ഷിതമാണെന്നും സഹോദരവിഭാഗം ചൂണ്ടിക്കാണിച്ചു. അതുപോലെ യോഗാർത്ഥികളായ സഹോദരന്മാരുടെ മേൽനോട്ടത്തിനായി ഒരു ബ്രദർ റെക്ററർ ഉണ്ടായിരിക്കണമെന്നും അഭിപ്രായമുന്നയിക്കപ്പെട്ടു.

സഹോദരവിഭാഗം ഉന്നയിച്ച സുപ്രധാനമായ മററൊരു ഭേദഗതി സഹോദരവിഭാഗത്തിൽപ്പെട്ട ആരെയും യാതൊരു സാഹചര്യത്തിലും വൈദികവിഭാഗത്തിലേക്കു മാററുവാനോ വൈദികപട്ടമോ മററു ചെറിയ പട്ടങ്ങളോ അവർക്കു കൊടുക്കുവാനോ അനുവദിക്കരുതെന്നുള്ളതായിരുന്നു.

സഹോദരന്മാരുടെ നൊവീഷ്യേററിനെ തുടർന്നു് ദൈവ ശാസ്ത്രം, ബൈബിൾ, ലിററർജി മുതലായ വിഷയങ്ങളുടെയും ഇംഗ്ലീഷ്, ഹിന്ദി മുതലായ ഭാഷകളുടെയും ഉപരിപഠനം മൂന്നു കൊല്ലത്തേയ്ക്കെങ്കിലും നിർബന്ധമായും നടത്തേണ്ടതും അതി നായി അവസ്ഥ പററിയ സ്ഥാപനങ്ങളിൽ സഹോദരന്മാരെ അയച്ചു പഠിപ്പിക്കേണ്ടതുമാകുന്നു എന്നുള്ളതായിരുന്നു മറെറാരാ വശ്യം.

സഹോദരന്മാരെ സംബന്ധിക്കുന്ന നിയമങ്ങൾ മാററുന്ന തിനോ ഭേദഗതി ചെയ്യുന്നതിനോ പുതുതായി കൂട്ടിച്ചേർക്കുന്ന തിനോ സഹോദരന്മാരുടെ ഭൂരിപക്ഷഹിതം ആരായണമെന്നും സഹോദരവിഭാഗത്തിനു് അസി. സെക്രട്ടറി, അസി. പ്രൊക്യു റേറർ ജനറൽ എന്നീ സ്ഥാനങ്ങൾക്കുപകരം ബ്രദർ സെക്ര ട്ടറി, ബ്രദർ പ്രൊക്യുറേറർ ജനറൽ എന്നീ സ്വതന്ത്രപദവി കൾ നല്കണമെന്നുള്ളതായിരുന്നു എടുത്തുപറയേണ്ട മററു ഭേദഗതികൾ.

## സഹോദരന്മാരുടെ നിവേദനങ്ങൾ

സഹോദരവിഭാഗത്തെ പ്രീണിപ്പിക്കുന്നതിനായി വൈദി കവിഭാഗം പുതിയൊരാലോചന മുന്നോട്ടുവച്ചു. സഹോദര വിഭാഗത്തിൽനിന്നു താൽപര്യമുള്ളവരെയെല്ലാം വൈദികരാ ക്കാനുള്ള നടപടി സ്വീകരിക്കാമെന്നായിരുന്നു നല്കപ്പെട്ട വാഗ്ദാനം. പക്ഷേ, ആ വാഗ്ദാനത്തിൻെറ ആകർഷകത്വം ആശിച്ച ഫലം ഉളവാക്കിയില്ല. സഹോദരന്മാരിൽ ഭൂരി പക്ഷംപേരും ആ നിർദ്ദേശത്തോടു വിയോജിക്കുകയാണുണ്ടാ യതു്. ആ നിർദ്ദേശം ചെറുപുഷ്പസഭയുടെ സ്ഥാപക പിതാവിൻെറ അഭിലാഷത്തിനും അഭിമതത്തിനും വിപരീ തവും സഭയുടെ മൗലികസ്വഭാവത്തിനും അടിസ്ഥാനനിയമ ങ്ങൾക്കും കടകവിരുദ്ധവുമാണെന്നും സന്ന്യാസസാഹോദര്യ ത്തിനുമാത്രം വിളിക്കപ്പെട്ട തങ്ങൾ വൈദികവൃത്തിയിലേക്കു കാലുമാറുന്നതു സ്വാഭാവിക ദൈവവിളിയോടുള്ള അചഞ്ച ലമായ വിശ്വസ്തതയ്ക്കു് അനുയോജ്യമായിരിക്കയില്ലെന്നും അവർ വിശദീകരണം നല്കി. എങ്കിലും സാഹചര്യത്തിൻെറ വശീകരണത്തിൽപ്പെട്ടിട്ടോ എന്തോ ആറു സഹോദരൻമാർ തങ്ങളെ വൈദികാന്തസ്സിലേക്കു സ്വീകരിക്കണമെന്നു സപ്പ്ളീരി

യർ ജനറലിനു് അപേക്ഷ സമർപ്പിച്ചു. അദ്ദേഹം അവരുടെ അപേക്ഷ സഭയുടെ ജനറൽ ചാപ്റ്ററിന്റെ പരിഗണനയ്ക്കു വച്ചെങ്കിലും സഹോദരവിഭാഗത്തിന്റെ സയുക്തികവും സംഘാതവുമായ എതിർപ്പുമൂലം അനുകൂലമായ ഒരു തീരുമാനത്തിലെത്താൻ കഴിയാതിരുന്നതുകൊണ്ടു് വിവാദപ്രശ്നം എറണാകുളം മെത്രാപ്പോലീത്താ കാർഡിനൽ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയുടെ വിധിത്തീർപ്പിനു സമർപ്പിക്കപ്പെട്ടു. കാർഡിനൽ തിരുമേനി ഇക്കാര്യത്തിൽ തിടുക്കത്തിൽ സ്വന്തമായ ഒരു തീരുമാനം സ്വീകരിക്കാതെ പ്രശ്നം വിശദമായി പഠിച്ചു് റിപ്പോർട്ടുസമർപ്പിക്കുന്നതിനായി ഒരു വിദഗ്ധകമ്മീഷനെ നിയമിക്കുകയാണു ചെയ്തതു്. മോൺ.വറുഗീസ് കവലക്കാട്ടു് (റെക്റ്റർ, സെൻറു് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരി, ആലുവ), റവ. ഡോക്ടർ ജോസഫ് വടക്കുഞ്ചേരി (വികാരി, സെൻറ്മേരീസ് ബസ്സിക്കാ, എറണാകുളം), റവ. ഫാ.ജോർജ് വിതയത്തിൽ (പ്രൊഫസർ, പൊന്തിഫിക്കൽ സെമിനാരി, ആലുവ) എന്നിവരായിരുന്നു കമ്മീഷൻ അംഗങ്ങൾ. കമ്മീഷൻ സ്ഥലത്തുചെന്നു് അന്വേഷിച്ചും സന്ന്യാസസഭയിലെ ഇരുവിഭാഗത്തിലുംപെട്ട അംഗങ്ങളുടെ മൊഴികൾ രേഖപ്പെടുത്തി വാങ്ങിയും സഭയുടെ ഔദ്യോഗിക രേഖകൾ പരിശോധിച്ചും സംഗതമായ തെളിവുകൾ ശേഖരിച്ചു് വിശദമായ റിപ്പോർട്ടു തയ്യാറാക്കി കർദ്ദിനാൾ തിരുമേനിക്കു സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1975 മെയ് 17-ാം തീയതി No. 16827/E.S. No·3572/Special No. 73 ആയി ചെറുപുഷ്പസഭയുടെ സുപ്പീരിയർ ജനറലിനു് എറണാകുളം അതിമെത്രാസനമന്ദിരത്തിൽ നിന്നു് ഔദ്യോഗികകല്പന അയച്ചുകൊടുത്തു. പ്രസ്തുതകല്പനയുടെ പ്രസക്തഭാഗം താഴെ കാണും പ്രകാരമായിരുന്നു:-

1. "സഹോദരന്മാർക്കുവേണ്ടി മാത്രമായി ഒരു സഹോദരസന്ന്യാസസഭയായി സ്ഥാപിക്കപ്പെട്ട ചെറുപുഷ്പസന്ന്യാസസഭയിൽ ഇപ്പോഴുള്ള സഹോദരന്മാരെയും സഹോദരന്മാരാകുവാൻവേണ്ടി ഇനി പുതുതായി സഭയിലേക്കു വരുന്നവരെയും വൈദികവിഭാഗത്തിലേക്കു മാററുക എന്നതും വൈദികപട്ടമോ മററു ചെറിയ പട്ടങ്ങളോ അവർക്കു നല്കുക എന്നതും

a) ഈ സന്ന്യാസസഭയുടെ സ്ഥാപനലക്ഷ്യങ്ങൾക്കും ആരംഭകാലനിയമങ്ങൾക്കും വിരുദ്ധവും

b) ഈ സന്ന്യാസസഭ ആരംഭിക്കുന്നതിനു കാരണഭൂതനും വസ്തുവകകൾ ദാനംചെയ്തു് ഈ സഭയുടെ സ്ഥാപനാർത്ഥം പരിശ്രമിച്ച ദേഹവുമായ കുളങ്ങര ഗർവാസീസിന്റെ ഉദ്ദേശനിയോഗങ്ങൾക്ക് എതിരും ആകയാൽ അനുവദിക്കുന്നതല്ല......

2. എന്നാൽ, വൈദികരാകണമെന്നു് ഇപ്പോൾ അപേക്ഷ സമർപ്പിച്ചിട്ടുള്ള സഹോദരന്മാരിൽ രണ്ടുപേരുടെ കാര്യംമാത്രം (ബ്രദർ ജോർജ് കൊരട്ടിയുടെയും ബ്രദർ തോമസ് ഒട്ടലാങ്കലിന്റെയും കാര്യം) ഒരു പ്രത്യേക കെയിസായി പരിഗണിച്ച് അവരുടെ യോഗ്യതയെപ്പററി ബന്ധപ്പെട്ട അധികാരികൾക്ക് ഉത്തമബോധ്യംവരുന്ന അവസരത്തിൽ, ജനറൽ കൗൺസിലിന്റെ അംഗീകാരത്തോടെ പ്രസ്തുത രണ്ടുപേർക്കും വൈദികപട്ടം നല്കാവുന്നതാണ്."

എന്നു്, എറണാകുളം അതിമെത്രാസനാരമനയിൽനിന്നും 1975 മെയ് 17-ാം തീയതി എറണാകുളം മെത്രാപ്പോലീത്താ ജോസഫ് കാർഡിനൽ പാറേക്കാട്ടിൽ (ഒപ്പ്)

ചാൻസലർ (ഒപ്പ്)

ജനറൽ ചാപ്ററർവഴി ഈ കല്പനയുടെ അന്തസ്സത്തയെ മറികടക്കാനുള്ള നയോപായങ്ങളും വൈദികവിഭാഗം ആസൂത്രണം ചെയ്യുന്നതായി സഹോദരവിഭാഗത്തിനു സൂചനകൾ ലഭിച്ചുകൊണ്ടിരുന്നു.

ഇതിനിടയ്ക്കു് ചെറുപുഷ്പസഭയെ പൊന്തിഫിക്കൽ സഭയാക്കുന്നതിനുവേണ്ടി റോമിലേക്കു് അയയ്ക്കുന്ന അപേക്ഷയിൽ മെത്രാപ്പോലീത്തയുടെ ശുപാർശ രേഖപ്പെടുത്തിത്തരണമെന്നുള്ള അഭ്യർത്ഥനയുമായി സഭാനേതൃത്വം 1975 ജൂലായ് മാസത്തിൽ അഭിവന്ദ്യ കർദ്ദിനാൾ തിരുമേനിയെ സമീപിച്ചു. സഹോദരവിഭാഗത്തിന്റെ അവകാശങ്ങളും ആനുകൂല്യങ്ങളും നിയമാനുസൃത പ്രാതിനിധ്യവും നിലനിറുത്തുന്നതിനുള്ള സമ്മതംകൂടി അപേക്ഷയിൽ ഉൾക്കൊള്ളിച്ചുകൊണ്ടു് സഭ പൊന്തിഫിക്കലാക്കാനുള്ള അപേക്ഷ ശുപാർശ ചെയ്തയയ്ക്കാമെന്നു് കർദ്ദിനാൾ തിരുമേനി അറിയിച്ചു. ആ നിർദ്ദേശം സ്വീകരിച്ച്, അപേക്ഷ ശുപാൾശ ചെയ്യിക്കുവാൻ സഭാനേതൃത്വം സന്മനസ്സു പ്രദർശിപ്പിക്കുകയുണ്ടായില്ല. അതിനുപകരം വൈദികസഭയെന്ന നിലയിൽത്തന്നെ പൊന്തിഫിക്കൽ പദവിക്കുവേണ്ടി

റോമിലേക്കു നേരിട്ട് അപേക്ഷ അയയ്ക്കാൻ മുതിരുകയാണുണ്ടായത്.

ഈ തിക്താനുഭവങ്ങൾ സഹോദരവിഭാഗത്തെ അത്യന്തം ചിന്താകുലരാക്കി. തങ്ങളുടെ ഭാവിയെപ്പററി അവർക്കു വലുതായ ആശങ്കയും ഭീതിയും തോന്നി. തങ്ങളുടെ തനിമയും വ്യക്തിത്വവും തകക്കുന്ന ഒരു ധൃതരാഷ്ട്രാലിംഗനത്തെയാണ് തങ്ങൾ നേരിടുവാൻ പോകുന്നതെന്ന് അവർ ഭയപ്പെട്ടു.

## കർദ്ദിനാളിനു നിവേദനം

സഹോദരന്മാർ, ചരിത്രവസ്തുതകളുടെയും പ്രാമാണിക രേഖകളുടെയും പിൻബലത്തോടെ തങ്ങളുടെ നീതിയുക്തമായ അവകാശങ്ങളും ആവശ്യങ്ങളും ആവലാതികളുമടങ്ങിയ ഒരു നിവേദനം 1975 ഒക്ടോബർ ഒന്നാം തീയതി എറണാകുളം മെത്രാപ്പോലീത്താ കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ തിരുമേനിക്കു സമർപ്പിച്ചു. തിരുമേനി ആ അപേക്ഷ അഭിപ്രായത്തിനും മേൽനടപടികൾക്കുമായി ചെറുപുഷ്പസഭയുടെ സുപ്പീരിയർ ജനറൽ ഓലിക്കൽ പെ. ബ. ജോണച്ചനു് അയച്ചുകൊടുത്തു.

"ബ്രദേഴ്സിന് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ അടുത്തുതന്നെ ജനറൽ ചാപ്ററർ കൂടുന്നുണ്ട്. അവിടെവച്ച് ചർച്ചചെയ്തു് തീരുമാനിക്കാവുന്നതല്ലേയുള്ളൂ. ഇതുസംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ബ. ബസീലിയൂസച്ചൻ നേരിട്ട് വന്ദ്യപിതാവിനെ അറിയിക്കുന്നതുമാണ്." ഇതായിരുന്നു സുപ്പീരിയർ ജനറൽ കർദ്ദിനാൾ തിരുമേനിക്ക് എഴുതിയ മറുപടിയുടെ ഉള്ളടക്കം. അതേത്തുടർന്നു് ബ. ബസീലിയൂസച്ചന്റെ സാമാന്യം ദീർഘമായ ഒരു വിശദീകരണക്കത്തും പാറേക്കാട്ടിൽ തിരുമേനിക്കു കിട്ടി. ആ വിശദീകരണക്കത്തും പ്രശ്നത്തെ ആഴത്തിൽ സ്പർശിക്കുന്നതോ അനുരഞ്ജകമായ പരിഹാരനിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്നതോ ആയിരുന്നില്ല.

## റോമിലേക്ക് സങ്കടഹർജി

കർദ്ദിനാൾ തിരുമേനിക്കു നിവേദനം സമർപ്പിച്ചു കാത്തിരുന്നിട്ടും തങ്ങളുടെ പരാതികൾക്കും പരിദേവനങ്ങൾക്കും പരി

ഹാരം ഉണ്ടാകുന്നില്ലെന്നു വന്നപ്പോഠം സഹോദരന്മാർ 1976 ജനുവരി 25–ാം തീയതി റോമിലെ പൗരസ്ത്യതിരുസംഘത്തിൻെറ പ്രീഫെക്റ്റ് അത്യുന്നത കർദ്ദിനാഠം പോഠം ഫിലിപ്പി തിരുമേനിക്ക് ഒരു സങ്കടഹർജി അയച്ചു.

കർദ്ദിനാഠം തിരുമേനിക്കു സമർപ്പിച്ച അപേക്ഷയുടെ ഇംഗ്ലീഷ് പരിഭാഷയായിരുന്നു ഈ സങ്കടഹർജിയുടെയും ഉള്ളടക്കം. പ്രസ്തുത സങ്കടഹർജിയുടെ പ്രസക്തഭാഗങ്ങഠം താഴെ ചേർക്കുന്നു:

ചെറുപുഷ്പസന്ന്യാസസഭയിലെ നിത്യവ്രതം ചെയ്ത സഹോദരന്മാരായ അങ്ങേ മക്കഠം ഏററം താഴ്മയായി ബോധിപ്പിക്കുന്ന അപേക്ഷ.

## ഒന്നാം ഭാഗം

## ചെറുപുഷ്പ സന്ന്യാസസഭയുടെ സംക്ഷിപ്ത ചരിത്രം

സഹോദരന്മാർക്കുവേണ്ടി മാത്രമായി ഒരു സഹോദരസന്ന്യാസസഭയായി സ്ഥാപിച്ചതും എറണാകുളം അതിരൂപതയിൽ മൂക്കന്നൂർ എന്ന സ്ഥലത്തു മാതൃഭവനമായി പ്രവർത്തിക്കുന്നതുമായ സഭയാണു ചെറുപുഷ്പസന്ന്യാസസഭ. ഈ സഭയുടെ ആരംഭം 1931 മാർച്ച് 19–ാം തീയതിയാണ്. ആദ്യകാലത്ത് ഈ സഭ 'ചെറുപുഷ്പസഹോദരസംഘം' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്.

മൂക്കന്നൂർ ഇടവകയിലെ ഒരു മാന്യവ്യക്തിയായ കുളങ്ങര ഇട്ടീര ഗവാസീസ് അവർകഠം സഹോദരന്മാരുടെ ഒരു സന്ന്യാസസഭയും അതോടു ചേർന്ന് ഒരു അനാഥശാലയും മററും സ്ഥാപിക്കുന്നതിനുവേണ്ടി 1910–(കൊ.വ.1085)ലും അതിനടുത്ത വർഷങ്ങളിലുമായി മൂന്ന് ആധാരങ്ങഠം പ്രകാരം എറണാകുളം വികാരി അപ്പസ്തോലിക്കയായിരുന്ന പഴേപറമ്പിൽ മാർ ളൂയീസ് മെത്രാനച്ചൻ പേർക്കു നല്കിയ അമ്പതേക്കറോളം വസ്തുക്കളുടെ ദാനനിയോഗമാണ് ഇതിൻെറ അടിസ്ഥാനം. ടി ദാനാധാരത്തിൽ ദാതാവു തൻെറ നിയോഗം രേഖപ്പെടുത്തിയിട്ടുള്ളതു താഴെ പറയുംപ്രകാരമാണ്.

"സഹോദരന്മാരുടെ ഒരു സന്ന്യാസസഭയും അതോടുചേ ന്ന് ഒരു അനാഥശാലയും സ്ഥാപിക്കുന്നതിനും അതിൽ അനാ ഥപൈതങ്ങളെ ചേർത്തു വളർത്തി പരിപാലിക്കുകയും സഹോദ രന്മാർ കാലോചിതമായ സാങ്കേതികവിദ്യാഭ്യാസം മുതലായ വകളെ അഭ്യസിപ്പിക്കുകയും ചെയ്യുന്നതിനും ഒരു കരകൗശല ശാലയും വിദ്യാഭ്യാസസ്കൂളും ഏർപ്പെടുത്തി, അതിൽ പുറമേ നിന്നും വരുന്ന മറ്റെല്ലാ ജാതിക്കാരുടെയും കുട്ടികളെയും ചേർത്തു സഹോദരന്മാരും ആവശ്യപ്പെടുന്ന മററദ്ധ്യാപകരേയും ചേർത്തു പഠിപ്പിക്കുന്നതിനും നടത്തിക്കുന്നതിനും ക്രിസ്ത്യാനികളാകുവാൻ ആഗ്രഹമുള്ളവരെ ചേർത്തു പഠിപ്പിക്കുന്നതിനും മുഖദാവിൽ താല്പ ര്യമുള്ളതും ഞങ്ങൾക്കും ആഗ്രഹമുള്ളതും ആകയാൽ അതിലേക്കു താഴെ പട്ടികയിൽ പറയുന്ന വസ്തുക്കൾ..............ഈ ദാന പത്രം എഴുതിത്തന്നിരിക്കുന്നു."

ഈ സഭയുടെ ആരംഭകാലം മുതൽ നടപ്പിലിരുന്നതും (1933–ലാണ് ആദ്യമായി നിയമം എഴുതിയുണ്ടാക്കിയതു്) സഭയിൽ ഏതാനും വൈദികരെക്കൂടി ഉൾപ്പെടുത്താൻ എറണാ കുളം മെത്രാപ്പോലീത്താ കണ്ടത്തിൽ മാർ ആഗസ്റ്റീനോസ് തിരുമേനി അനുവദിച്ച, 1945 ഡിസംബർ 27 മുതൽ 1947 ഒക്ടോബർ 7–ാം തീയതി വരെ (വൈദികരെ ഉൾപ്പെടുത്താൻ അനുവദിച്ചതിനുശേഷം ആദ്യമായി പുതുക്കിയെഴുതിയ നിയമ പുസ്തകം അംഗീകരിച്ചതുവരെ) തുടർന്നു പോന്നിരുന്നതുമായ നിയമപുസ്തകത്തിൽ സഭയുടെ അംഗങ്ങളെ സംബന്ധിച്ചു വ്യവസ്ഥചെയ്തിട്ടുള്ളതു താഴെപറയും പ്രകാരമാണ്:

"വൈദികർ ഈ സമൂഹത്തിലെ അംഗങ്ങളായി സ്വീകരി ക്കപ്പെടുന്നതല്ല. അതുപോലെതന്നെ ഈ സമൂഹത്തിൽനിന്നു് അംഗങ്ങളെ വൈദികപഠനത്തിനു് അയയ്ക്കുന്നതുമല്ല" (1933– ലെ നിയമപുസ്തകം: നിയമം No.31).

സഹോദരാർത്ഥികളായി നാലുപേരെ നിയമപ്രകാരം സ്വീകരിച്ചുകൊണ്ടു് 1931 മാർച്ചു് 19–ാം തീയതി സഭ ആരം ഭിക്കുകയും നൊവീഷ്യേററിനുശേഷം അവരിൽ ശേഷിച്ച രണ്ടു പേർ (ബ്രദർ അർസേനിയൂസും ബ്രദർ ബനഡിക്ററും) 1934–ൽ ആദ്യവ്രതം അനുഷ്ഠിക്കുകയും ചെയ്തു. (1934–ൽ അവർ വ്രതമല്ല, പ്രതിജ്ഞയേ എടുത്തുള്ളുവെന്നും 1938 ഫെ

ഫ്രബുവരി 2-ാം തീയതിയാണ വ്രതം അനുഷ്ഠിച്ചതെന്നും പറയപ്പെടുന്നുണ്ട്). ഏതായാലും അതേത്തുടന്നു് 1939, 1941, 1944 എന്നീ വർഷങ്ങളിൽ ഓരോ ബാച്ചു് സഹോദരാർത്ഥികളുടെ നൊവീഷ്യേററ് ആരംഭിക്കുകയും യഥാസമയം പൂർത്തിയാക്കി അവർ വ്രതം അനുഷ്ഠിക്കുകയും ചെയ്തിട്ടുണ്ടു്. അങ്ങനെ 1945 അവസാനത്തിൽ 13 സഹോദരന്മാർ സഭയിൽ ഉണ്ടായിരുന്നു (ഇവരിൽ മൂന്നുപേർ പില്ക്കാലത്തു സഭ വിട്ടുപോവുകയുണ്ടായി).

മേൽ പ്രസ്താവിച്ചിട്ടുള്ള വസ്തുതകളുടെ അടിസ്ഥാനത്തിൽ (അതായതു്, വസ്ത്തുക്കളുടെ ദാതാവിൻെറ നിയോഗം, ആരംഭ കാല നിയമങ്ങളും, ആദ്യകാല നടപടി ക്രമങ്ങളും മുതലായവ) ചെറുപുഷ്പസന്ന്യാസസഭ സഹോദരന്മാർക്കുവേണ്ടി മാത്രം സ്ഥാപിതമായിട്ടുള്ള ഒരു സഹോദരസന്ന്യാസസഭയാണെന്നു വ്യക്തമാണല്ലോ.

## മൂക്കന്നൂർ തിരുഹൃദയ അനാഥശാലയുടെ ആരംഭം

വസ്തുക്കളുടെ ദാതാവിൻെറ നിയോഗമനുസരിച്ചു് 1914 ജൂൺ 13-ാം തീയതി തിരുഹൃദയത്തിരുനാൾദിവസം തിരുഹൃദയ അനാഥശാല മൂക്കന്നൂർ ആരംഭിക്കുകയും ക്രമേണ അനാഥക്കുട്ടികളെ സ്വീകരിച്ചു തുടങ്ങുകയും ചെയ്തു. എറണാകുളം മെത്രാപ്പോലീത്തൻ അരമനയോടു ചേർന്നുള്ള അതിരൂപതവക തിരുക്കുടുംബ അനാഥശാലയാണ് മൂക്കന്നൂർക്ക് മാററി സ്ഥാപിക്കപ്പെട്ടതു്. എറണാകുളത്തെ അനാഥശാലയും മററും നടത്തിയിരുന്നതു് പഴേപറമ്പിൽ മാർ ളൂയീസ് മെത്രാനച്ചൻെറ ആഗ്രഹപ്രകാരം കർമ്മലീത്താ സഭാംഗങ്ങളായ (ഇപ്പോൾ സി. എം. ഐ. സഭ) ബ. സഹോദരന്മാരായിരുന്നു. അവർ എറണാകുളം മെത്രാപ്പോലീത്തൻ അരമനയിലും അനാഥശാലയിലുമായി താമസിച്ചു് പ്രസ്തുത ജോലികൾ ചെയ്തു പോന്നു. 1919-ൽ പഴേപറമ്പിൽ മാർ ളൂയീസ് മെത്രാനച്ചൻ ചരമംപ്രാപിച്ചു.

മൂക്കന്നൂരുള്ള വസ്തുക്കളുടെ ദേഹണ്ഡത്തിനും സംരക്ഷണത്തിനും അനാഥശാലയുടെ നടത്തിപ്പിനും മററുമായി മുൻപറഞ്ഞ സഹോദരന്മാരിൽ ആദ്യം ബ്രദർ ളൂയീസിനെയും പിന്നീടു ബ്രദർ ഫ്രാൻസിസിനെയും വന്ദ്യപിതാവു് മൂക്കന്നൂർക്കു്

അയയ്ക്കകയും അവർ അനാഥശാലയും മററും നടത്തിപ്പോരുകയും ചെയ്തു (ഇടക്കാലത്തു് ബ്രദർ ഫ്രാൻസിസ് എറണാകുളത്തേക്കു മടങ്ങിപ്പോവുകയുണ്ടായി). ഇങ്ങനെ തുടർന്നുപോരവെ, 1924–ൽ പാണാട്ടു ബ. തോമ്മാച്ചൻ മൂക്കന്നൂർ പള്ളി വികാരിയായും അക്കൊല്ലംതന്നെ അനാഥശാലയുടെ മാനേജരും സഹോദരന്മാരുടെ സുപ്പീരിയറും ആയി നിയമിക്കപ്പെടുകയുണ്ടായി. അദ്ദേഹം മൂക്കന്നൂർ പള്ളിയിൽ താമസിച്ചുകൊണ്ടു് പ്രസ്തുത ജോലികൾ ചെയ്തുപോന്നു. 1931–ൻെറ ആരംഭഘട്ടത്തിൽ മൂക്കന്നൂർ പള്ളിയിൽ പുതിയ വികാരിയെ നിയമിച്ചുകൊണ്ടു് പാണാട്ടച്ചനെ പള്ളിഭരണത്തിൽനിന്നു് ഒഴിവാക്കുകയും അനാഥശാലയിൽ താമസിച്ചു് അവിടത്തെ പ്രവൎത്തനങ്ങളിൽ മുഴുവനായി ഏർപ്പെടുന്നതിനു സൗകര്യം നല്കുകയും ചെയ്തു.

## ചെറുപുഷ്പസന്ന്യാസസഭയുടെ ആരംഭം

ഈ സങ്കടഹർജിയുടെ ആദ്യഭാഗത്തു പറഞ്ഞിട്ടുള്ള ആധാരനിശ്ചയപ്രകാരം സഹോദരന്മാരുടെ ഒരു സന്ന്യാസസഭ സ്ഥാപിക്കുന്നതിനുള്ള പ്ലാൻ, (തൻെറ മുൻഗാമിയിൽനിന്നു ലഭിച്ച പ്രചോദനം മൂലമായിരിക്കണം) അഭിവന്ദ്യ കണ്ടത്തിൽ മാർ ആഗുസ്തീനോസ് മെത്രാപ്പോലീത്താ തിരുമേനിക്കു് നേരത്തേതന്നെ ഉണ്ടായിരുന്നു. ഇതു് ബ്രദർ ലൂയീസിനു് അറിയാമായിരുന്നതുകൊണ്ടു് അനാഥശാലയ്ക്കുവേണ്ടി പിരിവിനായി ബ്രദർ ലൂയീസ് പള്ളികളിലും മററും പോയിരുന്നപ്പോൾ സഹോദരാർത്ഥികളെ കിട്ടാനുള്ള പരിശ്രമവും നടത്തിയിരുന്നു. അങ്ങനെ ഒരവസരത്തിലാണു് നെടുമ്പുറം ജോസഫിനെ (ബ്രദർ അർസേനിയൂസ്) കാരക്കുന്നം പള്ളിയിൽവച്ചു് ബ്രദർ ലൂയീസ് പരിചയപ്പെടുകയും സഹോദരസഭയിലേക്കു ക്ഷണിക്കുകയും അദ്ദേഹം സഭയിൽ വന്നുചേരുകയും ചെയ്തതു്. ബ്രദേഴ്സിൻെറ ഒരു സഭ വന്ദ്യപിതാവു സ്ഥാപിക്കുന്നുണ്ടെന്നും അതിൽ ചേരാമെന്നും പറഞ്ഞാണു് കച്ചിറ ജോസഫിനെ (ബ്രദർ ബനഡിക്ററ്) അദ്ദേഹത്തിൻെറ വികാരി മൂക്കന്നൂർക്കു കൊണ്ടുവന്നതു്. ഇവർ രണ്ടുപേരും മൂക്കന്നൂർ അനാഥശാലയിൽ വന്നശേഷം മൂക്കന്നൂർ ഇടവകപള്ളിയിൽ ചെന്നാണു് സുപ്പീരിയറായ പാണാട്ടു ബ. തോമ്മാച്ചനെ ആദ്യമായി കണ്ടതും അദ്ദേഹവുമായി പരി

ചയപ്പെട്ടതും. സഭയിലെ ആദ്യത്തെ അംഗങ്ങളായ ഇവരും ആ ബാച്ചിലെ വേറെ രണ്ടുപേരും ഉൾപ്പെടെ നാലുപേർ പാണാട്ടച്ചൻ മൂക്കന്നൂർ അനാഥശാലയിൽ സ്ഥിരതാമസം തുടങ്ങുന്നതിനു മുൻപുതന്നെ സഹോദരാർത്ഥികളായി അവിടെ ഉണ്ടായിരുന്നു.

സഹോദരസഭ സ്ഥാപിക്കുന്നതിനുവേണ്ടിയും ഈ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനും കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിനും ബ്രദർ ലൂയീസിൻെറ പരിശ്രമവും പാണാട്ട തോമ്മാച്ചൻെറ ഭാഗികമായ മേൽനോട്ടവും മതിയാകയില്ല എന്നു വന്ദ്യപിതാവിനു ബോധ്യപ്പെട്ടതുകൊണ്ടാണ് 1931–ൻെറ ആരംഭഘട്ടത്തിൽ പാണാട്ട ബ. തോമ്മാച്ചനെ പള്ളിഭരണത്തിൽനിന്നു പൂർണ്ണമായി ഒഴിവാക്കിക്കൊണ്ട് മൂക്കന്നൂർ അനാഥശാലയുടെയും സഹോദരസഭയുടെയും പ്രവർത്തനങ്ങൾക്കുവേണ്ടി മുഴുവൻസമയവും വിനിയോഗിക്കുന്നതിനു പിതാവു ചുമതലപ്പെടുത്തിയതു്. അങ്ങനെ അഭിവന്ദ്യ കണ്ടത്തിൽ മെത്രാപ്പോലീത്താ തിരുമേനി സ്ഥാപിച്ച സഹോദരസഭ അദ്ദേഹത്തിൻെറ കല്പനയും നിർദ്ദേശങ്ങളുമനുസരിച്ച് ബ. പാണാട്ടച്ചൻെറ നേതൃത്വത്തിൽ വളർത്തുന്നതിനുള്ള പരിശ്രമങ്ങൾ തുടർന്നുപോന്നു.

മേൽപറഞ്ഞ നാലു സഹോദരാർത്ഥികളെ ഔദ്യോഗിക നിലയിൽ യോഗാർത്ഥികളായി സ്വീകരിച്ചുകൊണ്ട് 1931 മാർച്ച് 19–ാം തീയതി വിശുദ്ധ യൗസേപ്പിതാവിൻെറ തിരുനാൾ ദിവസം സഭ ആരംഭിച്ചു. സഭ തുടങ്ങി നാലര മാസം കഴിഞ്ഞപ്പോൾ, അതായതു്, 1931 ആഗസ്റ്റിൽ ബ്രദർ ലൂയീസ് എറണാകുളം അരമനയിലേക്കു മടങ്ങിപ്പോകേണ്ടി വന്നു.

## സഭയുടെ സ്ഥാപകൻ

മേൽ പ്രസ്താവിച്ചിട്ടുള്ളതനുസരിച്ച് ചെറുപുഷ്പസന്ന്യാസസഭയുടെ സ്ഥാപകനായ കണ്ടത്തിൽ മാർ ആഗസ്തീനോസ് മെത്രാപ്പോലീത്താ തിരുമേനിയുടെ നിരന്തരമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും അനുസരിച്ച് സുപ്പീരിയർ എന്ന നിലയിൽ പാണാട്ട ബ. തോമ്മാച്ചൻ സഭയെ നയിക്കുകയും വളർത്തുകയും കാലാകാലങ്ങളിൽ വന്ദ്യപിതാവു കണ്ടത്തിൽ തിരുമേനിയുടെ

ആജ്ഞയനുസരിച്ച് റൂളുകൾ എഴുതിയുണ്ടാക്കുകയും മററും ചെയ്തുപോന്നു. സഭയുടെ സ്ഥാപകൻ താനല്ലെന്നു് വാക്കിലും സ്ഥാപകൻ അഭിവന്ദ്യ കണ്ടത്തിൽ പിതാവാണെന്നു രേഖാമൂലവും പാണാട്ടച്ചൻ സമ്മതിച്ചിട്ടുള്ളതാണു്. പാണാട്ടു തോമ്മാച്ചനുള്ള നിയമനകല്പനയും വന്ദ്യപിതാവുമായുള്ള എഴുത്തുകുത്തുകളും മററും പരിശോധിച്ചാൽ ചെറുപുഷ്പ സന്ന്യാസ സഭയുടെ സ്ഥാപകൻ അഭിവന്ദ്യ കണ്ടത്തിൽ മെത്രാപ്പോലീത്താ തിരുമേനിയാണെന്നു് ബോധ്യപ്പെടുന്നതുമാണു്.

## സഭയിൽ വൈദികരെ ഉൾപ്പെടുത്താനുള്ള ആലോചന

അഭിവന്ദ്യ കണ്ടത്തിൽ പിതാവിൻെറ ഇടവകയായ ചെമ്പിൽ മത്തുങ്കൽ എന്ന സ്ഥലത്തു് പിതാവിൻെറ വകയായി ഒരു കപ്പേളയും ഒരു കെട്ടിടവും കുറെ സ്ഥലവും ഒരു ധർമ്മസ്ഥാപനം നടത്തുന്നതിനുവേണ്ടി 1942-ൽ വന്ദ്യപിതാവ് ചെറുപുഷ്പസഹോദരസഭയെ ഏല്പിക്കുകയുണ്ടായി. അവിടത്തെ ആദ്യകാല അംഗങ്ങളിൽ ഒരാളായ ബ്രദർ അർസേനിയൂസ് അവിടെ കുറെനാൾ പ്രവർത്തിച്ചപ്പോൾ ആധ്യാത്മികാനുഷ്ഠാനങ്ങളുടെ നിർവഹണത്തിനു നേരിട്ട പ്രയാസങ്ങളുടെ പേരിൽ സഭയിൽ ഏതാനും വൈദികരെക്കൂടി ഉൾപ്പെടുത്തുന്നതു നന്നായിരിക്കുമെന്നുള്ള ആശയം പാണാട്ടച്ചനെ അറിയിക്കുകയും അദ്ദേഹം ആ വിവരം അഭിവന്ദ്യ കണ്ടത്തിൽ പിതാവിനെ ധരിപ്പിക്കുകയും ചെയ്തു. പിതാവു് വളരെ ആലോചിക്കുകയും പഠിക്കുകയും ചെയ്തശേഷം, സഭാംഗങ്ങളുടെ ആത്മീയാവശ്യങ്ങൾ നടത്തുന്നതിനുവേണ്ടി ഏതാനും വൈദികരെ സഭയിൽ ചേർക്കാമെന്നു തീരുമാനിക്കുകയും ആ ദിവസങ്ങളിൽ അരമനയിൽ ചെന്ന പാണാട്ടു ബ. തോമ്മാച്ചനെ ആ വിവരം അറിയിക്കുകയും ചെയ്തു. അങ്ങനെയാണു് സഹോദരസഭയിലേക്കു് വൈദികരെ ഉൾപ്പെടുത്താൻ സഭാസ്ഥാപകനായ കണ്ടത്തിൽ മെത്രാപ്പോലീത്താ തിരുമേനി 1945 ഡിസംബർ 27-ാം തീയതി അനുവദിക്കാനിടയായതു്.

## വൈദികവിദ്യാർത്ഥികളെ സ്വീകരിക്കുന്നു

പ്രസ്തുത അനുവാദമനുസരിച്ച് വൈദികപഠനത്തിനായി 1946- ൽ 12 സ്കൂൾവിദ്യാർത്ഥികളെ സഭയിൽ സ്വീകരിച്ചു.

പ്രസ്തുത കൊല്ലംമുതൽതന്നെ എസ്. എസ്. എൽ. സി. പാസ്സായ കുട്ടികളെ സ്വീകരിച്ച് അതിരൂപതവക പെററി സെമ്മിനാരിയിലും പഠിപ്പിച്ചുതുടങ്ങി. 1947–ൽ സഭയുടെ റൂഠം പുതുക്കിയെഴുതി, അംഗീകാരത്തിനായി സമർപ്പിക്കുകയും 1947 ഒക്ടോബർ 8–ാം തീയതി വന്ദ്യപിതാവ് കണ്ടത്തിൽ മെത്രാപ്പോലീത്താതിരുമേനി റൂഠം അംഗീകരിക്കുകയും ചെയ്തു.

## ഫാ. തോമസ് പാണാട്ട് സഭാംഗമായത്

1949 മെയ് 17–ാം തീയതി മുതൽ 1950 മെയ് 17–ാം തീയതിവരെ വൈദികവിദ്യാത്ഥികളും സഹോദരാത്ഥികളും ഒരുമിച്ചുള്ള ആദ്യത്തെ നൊവീഷ്യേററ് നടത്തുകയും 1950 മെയ് 17–ാം തീയതി ബ. തോമ്മാച്ചനടക്കം പ്പെടെ 10 പേർ ആദ്യ വ്രതം അനുഷ്ഠിക്കുകയും ചെയ്തു. സന്ന്യാസജീവിതം നയിക്കുന്ന തിന് ആഗ്രഹിക്കുന്നുവെന്നും അതിന് അനുവദിക്കണമെന്നും അടുത്തു നടത്തുന്ന നൊവീഷ്യേററിൽ തന്നെയും സ്വീകരിക്കണ മെന്നും പാണാട്ടച്ചൻ വന്ദ്യപിതാവിനോട് അപേക്ഷിച്ചത നുസരിച്ച് പിതാവ് അനുവദിക്കുകയും മേൽപറഞ്ഞ നൊവീ ഷ്യേററിൽ അദ്ദേഹം സംബന്ധിക്കുകയുമാണുണ്ടായതു്. അങ്ങ നെ 1950 മെയ് 16–ാം തീയതിവരെ രൂപതാവൈദികനായി രുന്ന പാണാട്ട് തോമ്മാച്ചൻ 1950 മെയ് 17–ാം തീയതി സഭ യിൽ ആദ്യവ്രതം ചെയ്തു ബസീലിയൂസ് എന്ന പേരു സ്വീകരി ച്ചതോടെ സന്ന്യാസവൈദികനായിത്തീന്നു. അതായതു്, സഭ ആരംഭിച്ച 1931 മുതൽ സഭയിൽ അദ്ദേഹം ആദ്യവ്രതം ചെയ്ത 1950 മെയ് വരെയുള്ള 19 വർഷക്കാലവും സഭയിൽ വൈദിക വിഭാഗം അനുവദിച്ച 1945 ഡിസംബർ മുതൽ അദ്ദേഹം ആദ്യ വ്രതംചെയ്ത 1950 മെയ് വരെയുള്ള 4 വർഷം നാലര മാസ ക്കാലവും കഴിഞ്ഞശേഷമാണ് സുപ്പീരിയറായ പാണാട്ടു തോമ്മാച്ചൻ ചെറുപുഷ്പസന്ന്യാസസഭയുടെ അംഗമായി ത്തീർന്നതു്.

## ബസീലിയൂസച്ചൻ (പാണാട്ട് ബ. തോമ്മാച്ചൻ) സഹോദരന്മാർക്കു നല്കിയ വാഗ്ദാനങ്ങൾ

തിരുക്കർമ്മങ്ങൾ അനുഷ്ഠിക്കുന്നതൊഴിച്ചുള്ള എല്ലാ രംഗങ്ങളിലും സഭയിൽ വൈദികർക്കും സഹോദരന്മാർക്കും തുല്യപരിഗണന ഉണ്ടായിരിക്കുന്നതും ആ നിലയിൽ അവർ

ഏകോദരസഹോദരങ്ങളെപ്പോലെ വർത്തിക്കേണ്ടതാണെന്നു മുള്ള ശ്രേഷ്ഠമായ ആദർശത്തോടെയാണ് വൈദികവിഭാഗം സഭയിൽ ആരംഭിച്ചതു്. ഈ വിവരം ബസീലിയൂസച്ചൻ പല പ്രാവശ്യം പരസ്യമായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഇതും ഇതുപോലുള്ള മററു പല വാഗ്ദാനങ്ങളും ബസീലിയൂസച്ചൻ വന്ദ്യപിതാവിനെ പലപ്പോഴും വാക്കാൽ ബോധ്യപ്പെടുത്തുകയും രേഖാമൂലം അറിയിക്കുകയും ചെയ്തിട്ടുള്ളതുമാണ്. ഇതിൻെറ അടിസ്ഥാനത്തിൽ, സഭയിൽ വൈദികരായി കുറച്ചുപേരെ ഉണ്ടാകയുള്ളു; സഹോദരന്മാരുടെ സഭ ആ നിലയിൽ ത്തന്നെ തുടരുകയും ചെയ്യും, വൈദികർ ആധ്യാത്മികാവശ്യങ്ങൾ നിർവഹിക്കും, സഹോദരാംഗങ്ങളുടെ ജോലിയിൽ വൈദികാംഗങ്ങളെ നിയമിക്കുകയില്ല എന്നൊക്കെ ആരംഭത്തിൽ സഹോദരന്മാരെ ധരിപ്പിച്ചു. ആവർത്തിച്ചാവർത്തിച്ചുള്ള ഈ വാഗ്ദാനങ്ങൾ അവർ വിശ്വസിക്കുകയും ചെയ്തു. എന്നാൽ ക്രമേണ വാഗ്ദാനങ്ങൾ ഒന്നൊന്നായി ലംഘിച്ചും വിസ്മരിച്ചും പ്രവർത്തിക്കുകയാണ് ചെയ്തിട്ടുള്ളതു്.

## സഭാസ്ഥാപകൻ അഭിവന്ദ്യ കണ്ടത്തിൽ തിരുമേനിയും സുപ്പീരിയർ ബ. ബസീലിയൂസച്ചനും തമ്മിൽ അഭിപ്രായവ്യത്യാസത്തിലാകുന്നു:

പന്ത്രണ്ടോളം വൈദികവിദ്യാർത്ഥികൾ മേജർ സെമിനാരിയിൽ ചേർന്നു പഠനം ആരംഭിച്ചതോടെ സഭയിൽ ഇനി വൈദികവിദ്യാർത്ഥികളെ സ്വീകരിക്കരുതെന്നു കണ്ടത്തിൽ പിതാവു കല്പിച്ചു. എന്നാൽ, സുപ്പീരിയറായ ബസീലിയൂസച്ചൻ അതു വകവെയ്ക്കാതെ ചില വൈദികവിദ്യാർത്ഥികളെ രഹസ്യത്തിൽ സ്വീകരിച്ചു വേറെ സ്ഥലത്താക്കി പഠിപ്പിച്ചുകൊണ്ടിരുന്നു. വന്ദ്യപിതാവിൻെറ കല്പനയ്ക്കെതിരായി ബസീലിയൂസച്ചൻ പ്രവർത്തിക്കുന്നു എന്നു കണ്ടപ്പോൾ സഭയിൽ നിന്നും വൈദികവിദ്യാർത്ഥികളെ വേർപെടുത്തി സഭ ആദ്യത്തെപ്പോലെ സഹോദരസഭയായി തുടരണമെന്നു പിതാവ് തീരുമാനിച്ചു ശ്രമം തുടങ്ങി. ഇതിനായി സഹോദരന്മാരുടെ ഇടയിൽ ഒരു ഹിതപരിശോധന നടത്തണമെന്നും പിതാവു നിശ്ചയിച്ചു. ഇതിലേക്ക് അന്നു സഹായമെത്രാനായിരുന്ന അത്യുന്നത കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയെ

യാണ കണ്ടത്തിൽ പിതാവു നിയോഗിച്ചതു്. ഇതിനുവേണ്ടി വ്രതംചെയ്ത എല്ലാ സഹോദരന്മാരെയും എറണാകുളം മെത്രാസനമന്ദിരത്തിൽ വരുത്തി അവരുടെ അഭിപ്രായം ആരാഞ്ഞു. ബ. ബസീലിയൂസച്ചൻ പ്രഖ്യാപിച്ചിട്ടുള്ള മുൻപറഞ്ഞ വാഗ്ദാനങ്ങളിൽ വിശ്വസിച്ചുകൊണ്ടും അച്ചനു വരാൻപോകുന്ന അപമാനത്തെയും ദുഃഖത്തെയും പരിഗണിച്ചുകൊണ്ടും അച്ചന്റെ ഉപദേശവും അഭ്യർത്ഥനയും അനുസരിച്ചും സഭയിൽ വൈദികർ ഉണ്ടാകുന്നതാണു നല്ലതെന്നു സഹോദരന്മാർ വന്ദ്യപിതാവിനെ അറിയിച്ചു. അതോടെ അഭിവന്ദ്യ കണ്ടത്തിൽ തിരുമേനി സഭയുടെ കാര്യത്തിൽ മനഃപ്രയാസത്തിലാകുകയും, ഓരോ ദിവസം കഴിയുംതോറും പിതാവും ബസീലിയൂസച്ചനും തമ്മിലുള്ള അഭിപ്രായവ്യത്യാസം വർദ്ധിച്ചുകൊണ്ടിരിക്കുകയും ചെയ്തു.

## കണ്ടത്തിൽ മെത്രാപ്പോലീത്താ തിരുമേനിയുടെ അവസാനകാലവും ബസീലിയൂസച്ചന്റെ സ്വതന്ത്രമായ ഭരണവും

മേൽപറഞ്ഞ നിലയിൽ മുന്നോട്ടുപോകവേ, വന്ദ്യപിതാവു് കണ്ടത്തിൽ തിരുമേനി പ്രായാധിക്യത്താലും രോഗത്താലും ജോലി ശരിയായി നിർവഹിക്കാൻ സാധിക്കാത്ത നിലയിലെത്തുകയും അങ്ങനെ അദ്ദേഹം 1956 ജനുവരി 10–നു ചരമം പ്രാപിക്കുകയും ചെയ്തു. അഭിവന്ദ്യ കണ്ടത്തിൽ തിരുമേനി ചെറുപുഷ്പ സഹോദരസഭ സ്ഥാപിക്കുന്നതിലും അതിനെ വളർത്തിക്കൊണ്ടുവരുന്നതിലും വളരെയധികം താല്പര്യം കാണിച്ചിരുന്നു. ഭാഗ്യസ്മരണാർഹനായ ആ വന്ദ്യപിതാവിനോടു സഹോദരവിഭാഗം എന്നും കൃതജ്ഞരായിരിക്കും.

അഭിവന്ദ്യ കണ്ടത്തിൽ പിതാവിന്റെ സുഖക്കേടു്, ചരമം എന്നീ കലഘട്ടങ്ങളോടുകൂടി സുപ്പീരിയറായ ബസീലിയൂസച്ചൻ കൂടുതൽ സ്വതന്ത്രമായ നിലപാടു സ്വീകരിക്കുകയും അതുവഴി സഹോദരവിഭാഗത്തെ അവഗണിച്ചുകൊണ്ടും, തന്ത്രപരമായി സഹോദരാർത്ഥികളെ സഭയിൽ സ്വീകരിക്കാതെയും എന്നാൽ,വൈദികവിദ്യാർത്ഥികളെ പരമാവധി സ്വീകരിച്ചുകൊണ്ടും ഭരണം തുടർന്നുകൊണ്ടു പോവുകയും ചെയ്തു. ഇങ്ങനെയാണ് സഹോദരവിഭാഗം ഇന്നത്തെ അധഃപതനാവസ്ഥയിൽ എത്തിച്ചേർന്നിട്ടുള്ളതു്.

# രണ്ടാംഭാഗം

## ചെറുപുഷ്പസന്ന്യാസ സഭയിലെ സഹോദരവിഭാഗത്തിനുള്ള പരാതികൾ

അഭിവന്ദ്യപിതാവേ,

വളരെ ഹൃദയവേദനയോടും ഗത്യന്തരമില്ലാതെ വന്നിരിക്കുന്ന സാഹചര്യത്തിലുമാണ് താഴെപറയുന്ന വസ്തുതകൾ അങ്ങേ മുൻപിൽ ബോധിപ്പിക്കുന്നതെന്നു പ്രത്യേകം എടുത്തു പറഞ്ഞുകൊള്ളട്ടെ.

ചെറുപുഷ്പസന്ന്യാസസഭയിലെ സഹോദരവിഭാഗത്തിൽപ്പെട്ട ആറുപേർ വൈദികപട്ടം നല്കണമെന്നു് ആവശ്യപ്പെട്ടു് ഒരപേക്ഷ കഴിഞ്ഞകൊല്ലം ഞങ്ങളുടെ ബ. ജനറാളച്ചനു സമർപ്പിക്കുകയുണ്ടായി. ഇതു സംബന്ധിച്ച് സഭയിൽ ഒരു തീരുമാനം ചെയ്യാൻ സഹായിക്കണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് പെ. ബ. ജനറാളച്ചൻ വന്ദ്യപിതാവു് കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ തിരുമേനിക്കു് അപേക്ഷ സമർപ്പിക്കുകയും തിരുമേനി ഇക്കാര്യം സംബന്ധിച്ച് പഠിച്ചു റിപ്പോർട്ടു സമർപ്പിക്കുന്നതിനായി, പെ. ബ. മോൺ. വറുഗീസ് കവലക്കാട്ട് (റെക്ടറർ, സെൻറ് ജോസഫ്സ് പൊൻറിഫിക്കൽ സെമിനാരി, ആലുവ), വടക്കഞ്ചേരി പെ. ബ. ജോസഫച്ചൻ (വികാരി, സെൻറ് മേരീസ് ബസ്ലിക്കാ, എറണാകുളം), വിതയത്തിൽ ബ. ജോർജച്ചൻ (പ്രൊഫസർ, പൊന്തിഫിക്കൽ സെമിനാരി, ആലുവ) എന്നിവരെ ഒരു കമ്മീഷനായി നിയമിക്കുകയും ചെയ്തു. പ്രസ്തുത കമ്മീഷൻ സ്ഥലത്തു വന്നു് അന്വേഷിച്ചും സഭയിലെ ഇരുവിഭാഗത്തിലുംപെട്ട അംഗങ്ങളുടെ മൊഴികൾ കേട്ടും സഭയുടെ റിക്കാർഡുകളിൽ ചിലതു പരിശോധിച്ച് തെളിവുകൾ എടുത്തും റിപ്പോർട്ടു സമർപ്പിച്ചതിൻെറ അടിസ്ഥാനത്തിൽ അതു സംബന്ധിച്ച തീരുമാനകല്പന 1975 മെയ് 17-ാം തീയതി No. 16827/E.S. No. 3572/Special No. 73 ആയി കർദ്ദിനാൾ തിരുമേനി ഞങ്ങളുടെ ബ. ജനറാളച്ചനു് അയച്ചുകൊടുത്തിട്ടുള്ളതാണ്. ഈ പ്രശ്നത്തിൻെറ തീരുമാനമായി പ്രസ്തുത കല്പനയിൽ പറഞ്ഞിരിക്കുന്നവയിൽ ഏററം പ്രസക്തമായ ഭാഗം താഴെ ചേർക്കുന്നു:

1. സഹോദരന്മാർക്കു വേണ്ടി മാത്രമായി ഒരു സഹോദര സന്ന്യാസസഭയായി സ്ഥാപിക്കപ്പെട്ട ചെറുപുഷ്പ സന്ന്യാസ സഭയിൽ ഇപ്പോഴുള്ള സഹോദരന്മാരെയും സഹോദരന്മാരാകുവാൻ വേണ്ടി ഇനി പുതുതായി സഭയിലേക്കു വരുന്നവരെയും വൈദികവിഭാഗത്തിലേക്കു മാററുക എന്നതും വൈദികപട്ടമോ മററു ചെറിയ പട്ടങ്ങളോ അവർക്കു നല്കുക എന്നതും ഈ സന്ന്യാസസഭയുടെ സ്ഥാപനലക്ഷ്യങ്ങാംക്കും ആരംഭകാല നിയമങ്ങാംക്കും വിരുദ്ധവും, ഈ സന്ന്യാസസഭ ആരംഭിക്കുന്നതിനു കാരണഭൂതനും വസ്തുവകകാം ദാനംചെയ്തു് ഈ സഭയുടെ സ്ഥാപനാത്ഥം പരിശ്രമിച്ച ദേഹവുമായ കുളങ്ങര ഗർവാസീസിൻെറ ഉദ്ദേശ്യനിയോഗങ്ങാംക്കു് എതിരുമാകയാൽ അനുവദിക്കത്തക്കതല്ല.........

എന്നാൽ വൈദികരാകണമെന്നു് ഇപ്പോാം അപേക്ഷ സമപ്പിച്ചിട്ടുള്ള ആറു സഹോദരന്മാരിൽ രണ്ടുപേരുടെ കാര്യം (ബ്രദർ ജോർജ് കൊരട്ടിയുടെയും ബ്രദർ തോമസ് ഒട്ടലാങ്കലിൻെറയും) ഒരു പ്രത്യേക കെയിസായി പരിഗണിച്ച് അവരുടെ യോഗ്യതയെപ്പററി ബന്ധപ്പെട്ട അധികാരികാംക്കു് ഉത്തമ ബോധ്യംവരുന്ന അവസരത്തിൽ ജനറൽ കൗൺസിലിൻെറ അംഗീകാരത്തോടെ പ്രസ്തുത രണ്ടുപേർക്കും വൈദികപട്ടം നല്കാവുന്നതാണു്.

എന്നു്, എറണാകുളം അതിമെത്രാസനാരമനയിൽ നിന്നും 1975 മെയ് 17-ാം തീയതി എറണാകുളം മെത്രാപ്പോലീത്താ ജോസഫ് കാർഡിനൽ പാറേക്കാട്ടിൽ (ഒപ്പ്)

ചാൻസലർ (ഒപ്പ്)

ഇങ്ങനെ സഹോദരന്മാർക്കുവേണ്ടി സഹോദരസന്ന്യാസ സഭയായി സ്ഥാപിച്ച ചെറുപുഷ്പ സന്ന്യാസസഭയിൽ ഇപ്പോഴുള്ള (1975) അംഗസംഖ്യ താഴെ കുറിക്കുന്നു.

| വൈദികവിഭാഗത്തിൽ | | സഹോദരവിഭാഗത്തിൽ | |
|---|---|---|---|
| വൈദികർ | 80 | സഹോദരന്മാർ (നിത്യവ്രതം ചെയ്തവർ) | 27 |
| വൈദികവിദ്യാത്ഥികാം | 58 | സഹോദരന്മാർ (ആദ്യവ്രതം ചെയ്തവർ) | 3 |
| ആകെ | 138 | ആകെ | 30 |
| നൊവീസസ് | 15 | നൊവീസസ് | 1 |
| വൈദികാർത്ഥികാം | 17 | സഹോദരാത്ഥികാം | 6 |

വൈദികാംഗങ്ങളിൽ ആദ്യബാച്ചിൽപ്പെട്ടവരിൽനിന്നു കർബ്ബാനപ്പട്ടം സ്വീകരിച്ച 1956 മുതൽ 1975 വരെയുള്ള 19 വർഷത്തിനിടയ്ക്ക് വൈദികവിഭാഗത്തിൽ 138 അംഗങ്ങൾ ഉണ്ടായപ്പോൾ പ്രസ്തുത കാലയളവിൽ സഹോദരവിഭാഗത്തിൽ 15 അംഗങ്ങളാണ് ഉണ്ടായിട്ടുള്ളത്. (15 പേർ 1955 വരെ ഉണ്ടായിരുന്നവരാണ്). അതനുസരിച്ച് വൈദികവിഭാഗത്തിൽ പ്രതിവർഷം ശരാശരി 7 അംഗങ്ങളിലധികം ഉണ്ടായപ്പോൾ സഹോദരവിഭാഗത്തിൽ പ്രതിവർഷം ഒരംഗം പോലും ഉണ്ടായിട്ടില്ല എന്നുള്ളതാണ് വസ്തുത. ഇതിൽ നിന്നെല്ലാം വൈദികവിഭാഗം ക്രമാതീതമായി അഭിവൃദ്ധിപ്പെട്ടിട്ടുണ്ടെന്നും സഹോദരവിഭാഗം അടിക്കടി ക്ഷയിച്ചുവരികയാണെന്നും വ്യക്തമാണല്ലോ.

ഇതിനുംപുറമേ ഇപ്പോഴുള്ള സഹോദരന്മാരിൽ നല്ലൊരു പങ്കിനെ വൈദികവിഭാഗത്തിലേക്കു മാററാനുള്ള ശ്രമം ഏതാനും വൈദികാംഗങ്ങളുടെ പ്രേരണയും ഉപദേശവുംമൂലം നടന്നുവരികയായിരുന്നു എന്നുള്ളതും സഹോദരന്മാരിൽ വളരെയധികം വേദനയും ഉത്കണ്ഠയും ഉളവാക്കിയ കാര്യമാണ്. ഈ പ്രവൃത്തിമൂലം വൈദികവിഭാഗത്തിലേക്കു ചേരണമെന്ന് ആഗ്രഹിച്ച ഏതാനും സഹോദരന്മാർ ഇപ്പോൾ സഹോദരവിഭാഗത്തോട് ആനുകൂല്യമില്ലാത്തവരായും തീർന്നിരിക്കുകയാണ്. സഹോദരവിഭാഗത്തെ ഭിന്നിപ്പിച്ച് പല ചേരികളിലാക്കി ആ വിഭാഗം നശിച്ച് നാമാവശേഷമാകുന്നതു കാണുവാൻ ചില പ്രായംചെന്നവരും ചുരുക്കം ചില ചെറുപ്പക്കാരുമായ വൈദികാംഗങ്ങൾക്കു താൽപര്യമുള്ളതുപോലെ തോന്നിപ്പോകുന്നു.

സഹോദരന്മാർക്കുവേണ്ടി ഒരു സഹോദര സന്ന്യാസസഭയായി സ്ഥാപിച്ച ചെറുപുഷ്പ സന്ന്യാസസഭയിൽ വൈദികാംഗങ്ങളെക്കൂടി ഉൾപ്പെടുത്താൻ സഭാസ്ഥാപകനായ കണ്ടത്തിൽ മെത്രാപ്പോലീത്താ തിരുമേനി തീരുമാനിച്ചപ്പോൾ 12 വൈദികരെന്നും അഥവാ പരമാവധി 15 പേരിൽ കൂടുതൽ എടുക്കരുതെന്നും ഇതിന് ആവശ്യമായ വൈദികവിദ്യാർത്ഥികളെ മാത്രം സ്വീകരിച്ചാൽ മതിയെന്നും 1945 മുതൽ 1956 വരെയുള്ള കാലങ്ങളിലായി (കണ്ടത്തിൽ തിരുമേനി ചരമം

പ്രാപിച്ചതുവരെ) പല പ്രാവശ്യം തിരുമേനി വാക്കാലും അതിരൂപതക്കച്ചേരി രേഖാമൂലവും സുപ്പീരിയറായ ബസീലിയൂസച്ചനെ അറിയിച്ചിട്ടുള്ളതാണ്. 12 വൈദികർ മതിയെന്നും വിശേഷാൽ യോഗ്യതയുള്ളവർ ആരെയെങ്കിലും കിട്ടുന്നപക്ഷം 3 പേരെക്കൂടി എടുക്കാമെന്നും ആ വ്യവസ്ഥയിലാണ് സഭയുടെ റൂളുകൾ (1947–ൽ അംഗീകരിച്ച റൂളുകൾ) പിതാവ് അംഗീകരിച്ചിരിക്കുന്നതെന്നും എ. പെ. ബ. വികാരി ജനറാളച്ചൻ (മോൺ. മാത്യു പോത്തനാമൂഴി— പിന്നീട കോതമംഗലം മെത്രാൻ) ധ്യാനത്തിനു മൂക്കന്നൂർ ആശ്രമത്തിൽ വന്നപ്പോൾ (1947–ൽ) നേരിട്ട ബസീലിയൂസച്ചനോട്ട പറഞ്ഞതിന് അതു സമ്മതിച്ചുള്ള ബസീലിയൂസച്ചൻെറ മറുപടിയും, ഈ വിഷയം സംബന്ധിച്ച റൂളുകളിൽ സഹോദരന്മാർക്കുവേണ്ടി ഉൾപ്പെടുത്തിയിട്ടുള്ള ആകർഷകമായ വ്യവസ്ഥകൾ സംബന്ധിച്ചും മററും ബസീലിയൂസച്ചൻ മെത്രാപ്പോലീത്താ തിരുമേനിക്ക് എഴുതിയിട്ടുള്ള പല രേഖകളും അതിരൂപതക്കച്ചേരിയിലെ ഫയലിൽ സൂക്ഷിച്ചിട്ടുള്ളതായി അറിയുന്നു.

.............സഭയിൽ വൈദികാർത്ഥികളുടെയും സഹോദരാർത്ഥികളുടെയും പ്രവേശനം സമംസമമായിരിക്കണമെന്നാണ് ഞങ്ങളുടെ ഉദ്ദേശ്യം. അതിനാൽ അച്ചന്മാരും സഹോദരന്മാരെ ചേർക്കാൻ ചുമതലക്കാരായിത്തീരുന്നു..................

രണ്ടു തരത്തിൽപ്പെട്ട അംഗങ്ങൾക്കും ഒന്നുപോലെ സഭയിലേക്കു പ്രവേശനം അനുവദിച്ചിട്ടുണ്ട്............

മുതലായ പല വാഗ്ദാനങ്ങളും ബസീലിയൂസച്ചൻ അഭിവന്ദ്യ കണ്ടത്തിൽ പിതാവിനെ രേഖാമൂലം അറിയിക്കുകയും ബോധ്യപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്, സഭയിൽ ഏതാനും വൈദികരെ എടുക്കാൻ അനുവദിച്ച ആരംഭകാലങ്ങളിൽ. എന്നാൽ അതെല്ലാം 'വെറും പറച്ചിൽ' മാത്രമായിരുന്നുവെന്നു് അദ്ദേഹത്തിൻെറ പിന്നീടുള്ള പ്രവൃത്തികളിൽനിന്നു തെളിഞ്ഞിട്ടുണ്ട്.

സഹോദരാർത്ഥികളെ സ്വീകരിക്കുന്നതിൽ ഇപ്പോഴത്തെ ബ. ജനറാളച്ചനു് മുൻപുവരെ ഭരണം നടത്തിയിരുന്നവരുടെ ഭാഗത്തു നിന്നുണ്ടായിട്ടുള്ള ഉദാസീനതയും എതിർപ്പും മർക്കടെ

മുഷ്ടിയും നിമിത്തമാണ് സഹോദരവിഭാഗം ഇത്രയും അധോ ഗതിയിൽ എത്തിച്ചേരാൻ ഇടയായിട്ടുള്ളതു്.

ഇപ്പോഠ സഭയിൽ മുപ്പതു വൈദികരുണ്ടു്. അടുത്തുവരുന്ന ഓരോ കൊല്ലവും വൈദികവിദ്യാർത്ഥികഠ ക്രമാനുഗതമായി പട്ടമേററ്, ഇപ്പോഴുള്ള നൊവീസസും വൈദികാർത്ഥികളും ഉഠപ്പെടെയുള്ളവരുംകൂടി ഒൻപതു്, പത്തു് കൊല്ലംകൊണ്ടു് മൊത്തം 170 വൈദികരെങ്കിലും ഉണ്ടാകുന്നതാണു്. അപ്പോഠ വൈദികാംഗങ്ങളുടെ സമൃദ്ധിയിലായിരിക്കും സഭ നിലകൊള്ളുന്നതു്. ആകയാൽ ഇപ്പോഠ സഭയിൽ സഹോദരന്മാരെയാണു് ഏററവും ആവശ്യമായിരിക്കുന്നതു്. സഹോദരന്മാർ ഏർപ്പെട്ടിരിക്കുന്ന ജോലികളിൽ പകരം ഒരു സഹോദരനെ നിയമിക്കുവാൻ തന്നെ വിഷമിക്കുകയാണ്; സഹോദരന്മാരുടെ കുറവുമൂലം. ആകയാൽ സഹോദരാർത്ഥികളെ കഴിയുന്നതും കൂടുതലായി സ്വീകരിക്കാനാണു് ഇനി ശ്രമിക്കേണ്ടതു്.

സഭയിൽ വൈദികാംഗങ്ങളെ ഉഠപ്പെടുത്താൻ അനുവദിച്ചതിനുശേഷം 1947-ലും 1963-ലും അംഗീകരിച്ചിട്ടുള്ള നിയമപുസ്തകങ്ങളിൽ സഭയുടെ ഘടനയെ നിർവചിച്ചിട്ടുള്ളതു് താഴെ പറയും പ്രകാരമാണു്.

1947-ൽ അംഗീകരിച്ച നിയമപുസ്തകത്തിൽ:-

'ചെറുപുഷ്പസഭ പുരോഹിതന്മാരും സഹോദരന്മാരും അംഗങ്ങളായുള്ള ഒരു സമൂഹമാകുന്നു' (നിയമം. No. 8). 'അതു് എറണാകുളം അതിരൂപതയിൽ പ്രവർത്തനം നടത്തുന്ന ഒരു രൂപതാസന്ന്യാസസഭ (Diocesan Congregation)യാണ്'' (No. 9) എന്നും

1963-ൽ അംഗീകരിച്ച നിയമപുസ്തകത്തിൽ:-

'ചെറുപുഷ്പ സന്ന്യാസസഭ പുരോഹിതന്മാരും സഹോദരന്മാരും അംഗങ്ങളായുള്ള ഒരു സമൂഹമാകുന്നു' (നിയമം No. 9) എന്നും ആണു് വ്യവസ്ഥ ചെയ്തിട്ടുള്ളതു്.

എന്നാൽ ഇപ്പോഠ— രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം-പരീക്ഷണാർത്ഥം നടപ്പാക്കിയിട്ടുള്ള നിയമപുസ്ത

കത്തിൽ (1970 ജൂലായ് 3 മുതലാണ് പരീക്ഷണാർത്ഥം നടപ്പാക്കിയിട്ടുള്ളതു്):

'ചെറുപുഷ്പസഭ പുരോഹിതന്മാരും സഹോദരന്മാരും അംഗങ്ങളായുള്ള ഒരു പുരോഹിതസഭയാകുന്നു' (Clerical Congregation) എന്നു് എഴുതിച്ചേർത്തിരിക്കുന്നു. (ഈ നിയമ പുസ്തകം തിരുസ്സഭാധികാരികരം അംഗീകരിച്ചതല്ല).

സഭയുടെ ജനറൽ ചാപ്റ്ററിലേക്കു് അംഗങ്ങളായി തിര ഞ്ഞെടുക്കുമ്പോരം വൈദികവിഭാഗത്തിൽനിന്നും സഹോദര വിഭാഗത്തിൽ നിന്നും തുല്യ എണ്ണം അംഗങ്ങരം വീതം തിര ഞ്ഞെടുക്കപ്പെടണമെന്നതാണു് 1970 ജൂലൈ 2 വരെ നിലവി ലിരുന്ന നിയമം (തിരഞ്ഞെടുക്കപ്പെടേണ്ടവർ ഇരുവിഭാഗ ത്തിൽനിന്നും 4–പേർ വീതം ആകെ 8–പേരാണു്. ബാക്കിയുള്ള 7–പേർ സ്ഥിരാംഗങ്ങളായ ഔദ്യോഗിക ഭാരവാഹികളാണു്. അതായതു് സുപ്പീരിയർ ജനറലും, വൈദികവിഭാഗത്തിൽനി ന്നു് ഏഴും സഹോദരവിഭാഗത്തിൽനിന്നു് ഏഴും അംഗങ്ങരം— 1963-ൽ അംഗീകരിച്ച നിയമപുസ്തകം: നിയമം No. 80).

എന്നാൽ ഇപ്പോരം പരീക്ഷണാർത്ഥം നടപ്പാക്കിയിട്ടുള്ള നിയമപുസ്തകത്തിൽ മുൻപറഞ്ഞ 15 അംഗങ്ങരംക്കു പുറമേയുള്ള പൊതുസംഘാംഗങ്ങളെ ഇരുവിഭാഗത്തിലും തിരഞ്ഞെടുക്ക പ്പെടുവാൻ അവകാശമുള്ളവരുടെ (നിത്യവ്രതം ചെയ്ത എല്ലാ അംഗങ്ങരംക്കും തിരഞ്ഞെടുക്കപ്പെടുവാൻ അവകാശമുണ്ടു്) സംഖ്യ ആനുപാതികമായി തിരഞ്ഞെടുക്കുന്നു എന്നും ഈ അനു പാതം 8:1 എന്ന ക്രമത്തിലായിരിക്കുമെന്നും എഴുതിച്ചേർത്തി രിക്കുന്നു. (പരീക്ഷണാർത്ഥമുള്ള നിയമ പുസ്തകം 1, Page 101, നിയമം No. 217).

ഇങ്ങനെ ആനുപാതിക നിയമം നിശ്ചയിച്ചിരിക്കുന്നതു് സഹോദരവിഭാഗത്തെ ദുർബലപ്പെടുത്തുന്നതിനും അവരുടെ അഭിപ്രായങ്ങരംക്കും വോട്ടുകരംക്കും വില കല്പിക്കാതെ അവയെ തള്ളിക്കളയുന്നതിനും അങ്ങനെ അവരുടെ അവകാശങ്ങളെ ഇല്ലായ്മ ചെയ്യുന്നതിനുമുള്ള ഗൂഢോദ്ദേശ്യത്തോടെയാണെന്നു് ഊഹിക്കേണ്ടിയിരിക്കുന്നു. ഇതിലെല്ലാം സഹോദരവിഭാഗ ത്തിനു ശക്തിയായ പ്രതിഷേധവും സങ്കടവുമുണ്ടു്.

നിയമപരിഷ്കരണത്തിനുവേണ്ടി സമ്മേളിച്ച ജനറൽ ചാപ്ററററിൽ മേൽപ്പറഞ്ഞ രണ്ടു നിയമങ്ങളും (പുരോഹിതസഭ എന്ന നിയമവും ജനറൽ ചാപ്റററിലേക്കുള്ള അംഗങ്ങളുടെ തിരഞ്ഞെടുപ്പിൽ ആനുപാതിക പ്രാതിനിധ്യം എന്ന നിയമവും ചർച്ചയ്ക്ക് എടുത്തപ്പോൾ സഹോദരാംഗങ്ങൾ ഒന്നടങ്കം അതിനെ എതിർത്തിട്ടുള്ളതും പ്രതിഷേധം പ്രകടിപ്പിച്ചിട്ടുള്ളതും, പ്രസ്തുത നിയമങ്ങൾ രണ്ടും 1970 ജൂലൈ 2 വരെ നിലവിലിരുന്നതുപോലെ നിലനിർത്തണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതുമാണ്.

## അതിനുള്ള കാരണങ്ങൾ

1. ചെറുപുഷ്പ സന്ന്യാസസഭ പുരോഹിതസഭയാകുന്നതു് ഈ സഭയുടെ സ്ഥാപകൻെറ (കണ്ടത്തിൽ മെത്രാപ്പോലീത്താ തിരുമേനിയുടെ) ചൈതന്യത്തിനും ലക്ഷ്യങ്ങൾക്കും കടകവിരുദ്ധവും അദ്ദേഹത്തിൻെറ നിർദ്ദേശങ്ങളെയും ആദർശങ്ങളെയും പാടേ മറികടന്നുള്ള പ്രവൃത്തിയുമാണ്. അതുകൊണ്ടാണല്ലോ സഹോദരന്മാരുടെ ആദ്ധ്യാത്മികാവശ്യങ്ങൾ നടത്തുന്നതിനുവേണ്ടി ഏതാനും വൈദികരെ സഭയിൽ ഉൾപ്പെടുത്താൻ കണ്ടത്തിൽ തിരുമേനി അനുവദിച്ചുകൊണ്ടു് വൈദികരുടെ എണ്ണത്തിനു പരിധിവച്ചതും സഭയിൽ വൈദികരെ ഉൾപ്പെടുത്താൻ അനുവദിച്ചതിനുശേഷം അദ്ദേഹത്തിൻെറ നിര്യാണത്തിനു മുൻപും (1947) നിര്യാണശേഷവും (1963) അംഗീകരിച്ച നിയമപുസ്തകങ്ങളിൽ 'ചെറുപുഷ്പസന്ന്യാസസഭ പുരോഹിതന്മാരും സഹോദരന്മാരും അംഗങ്ങളായുള്ള ഒരു സമൂഹം ആകുന്നു' എന്നു വ്യവസ്ഥ ചെയ്തുപോന്നിട്ടുള്ളതും

കൂടാതെ ദാനവസ്തുക്കളുടെ ദാതാവിൻെറ നിയോഗം, 1933–ലെ നിയമപുസ്തകത്തിലെ 31–ാം നമ്പർ നിയമം, 1963–ൽ അംഗീകരിച്ച നിയമപുസ്തകത്തിലെ 80–ാം നമ്പർ നിയമം, അത്യുന്നത കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയുടെ 1975–ലെ വിധി എന്നിവയെല്ലാം പരിശോധിച്ചാൽ ഈ സന്ന്യാസസഭ ഒരു പുരോഹിതസഭ (Clerical Congregation)യെന്നു് അവകാശപ്പെടാവുന്നതല്ലെന്നും ജനറൽ ചാപ്റററിലേക്കുള്ള അംഗങ്ങളുടെ തിരഞ്ഞെടുപ്പിൽ അനു

പാതം നിശ്ചയിച്ചിരിക്കുന്നതു് നീതിവിരുദ്ധവും ന്യൂനപക്ഷമായ സഹോദരവിഭാഗത്തിൻെറ അവകാശങ്ങളിന്മേലുള്ള കടന്നാക്രമണവും ആണെന്നും സുവ്യക്തമാകും.

എന്നാൽ, സഹോദരാംഗങ്ങളുടെ പ്രതിഷേധം അവഗണിച്ചും ചാപ്ററിൽ വൈദികാംഗങ്ങൾക്കുള്ള വൻഭൂരിപക്ഷത്തിൻെറ ബലം ഉപയോഗിച്ചുമാണു് അന്നു് ഈ വ്യവസ്ഥകൾ പാസ്സാക്കാൻ ഇടയായിട്ടുള്ളതു്. ജനറൽ ചാപ്ററിൽ ആനുപാതിക നിയമത്തിൻെറ ചർച്ചാവേളയിൽ വൈദികവിഭാഗത്തിൽനിന്നും യാതൊരു വിട്ടുവീഴ്ചയ്ക്കും സന്നദ്ധതയുണ്ടായില്ല. പരീക്ഷണാർത്ഥം നടപ്പാക്കുന്ന വ്യവസ്ഥയാണല്ലോ, അവസാനതീരുമാനം പിന്നീടല്ലേ ഉണ്ടാകയുള്ളു, അതിനുമുമ്പു് പഠിക്കാനും ചിന്തിക്കാനും സമയം കിട്ടുമല്ലോ: എന്നെല്ലാം കരുതിയാണു് അന്നു് ഈ വ്യവസ്ഥകൾ മനസ്സില്ലാമനസ്സോടെ സമ്മതിച്ചതു്. പിന്നീടു് അവസാനതീരുമാനത്തിനു് ചാപ്ററർ സമ്മേളിച്ചപ്പോൾ ചർച്ചയ്ക്കു് അവസരം നല്കാതെ സമയമില്ല എന്ന പേരിൽ തിടുക്കത്തിൽ മററു് സാധാരണ റൂളുകളുടെ കൂട്ടത്തിൽ ഇവയും പാസ്സാക്കുകയാണുണ്ടായതു്.

ഓരോ തവണയും നിയമം പരിഷ്കരിക്കുമ്പോൾ സഹോദരവിഭാഗത്തിൻെറ അവകാശങ്ങളും ആനുകൂല്യങ്ങളും കുറച്ചുകുറച്ചു കൊണ്ടുവരികയും ചിലതു് എടുത്തുകളയുകയും നിയമത്തിൽ സഹോദരന്മാരെ ബാധിക്കുന്ന ചില ഭാഗങ്ങൾ വിട്ടുകളയുകയുമാണു് ചെയ്തിട്ടുള്ളതു്. ഓരോ തവണത്തെയും നിയമപുസ്തകങ്ങൾ താരതമ്യപഠനം നടത്തിയാൽ ഇതിനു പല ഉദാഹരണങ്ങളും കാണാവുന്നതാണു്.

മേൽ പ്രസ്താവിച്ചിട്ടുള്ള വസ്തുതകളുടെ വെളിച്ചത്തിൽ സഭയിലെ സഹോദരവിഭാഗം അധോഗതിയിലേക്കു നീങ്ങിക്കൊണ്ടിരിക്കുകയാണെന്നും അതിൻെറ നിലനില്പുതന്നെ അപകടത്തിലായിരിക്കുകയാണെന്നും ന്യായമായും സംശയിക്കത്തക്ക നിലയിൽ സ്ഥിതിഗതികൾ എത്തിയിരിക്കുകയാണു്. ആകയാൽ, ദയനീയമായ ഈ അധഃപതനത്തിൽനിന്നും സഭയിലെ സഹോദരവിഭാഗത്തെ രക്ഷിക്കണമെന്നു് അങ്ങയോടു ഞങ്ങൾ കേണപേക്ഷിക്കുന്നു. അതിനായി താഴെ പറയുന്ന

കാര്യങ്ങ൨ ദയാപൂവ്വം പരിഗണിച്ച് കഴിയുംവേഗം വേണ്ടതു ചെയ്തുതരുന്നതിനായി അങ്ങേപ്പക്കൽ സമർപ്പിക്കുന്നു.

1. ഇപ്പോ൨ വൈദികവിഭാഗത്തിലെ അംഗങ്ങ൨ സഹോദരവിഭാഗത്തിലെ അംഗങ്ങളെക്കാ൨ വളരെ കൂടുതലാണെന്നുള്ളതു കണക്കിലെടുത്ത് ഇരുവിഭാഗത്തിലെയും അംഗങ്ങ൨ ഏതാണ്ടു തുല്യ സംഖ്യയിൽ എത്തുന്നതുവരെ സഹോദരവിഭാഗത്തിലേക്ക് കഴിയുന്നത്ര കൂടുതൽ യോഗാർത്ഥികളെ സ്വീകരിക്കുകയും വൈദിക വിഭാഗത്തിലേക്ക് കഴിയുന്നത്ര കുറച്ചു വിദ്യാർത്ഥികളെ മാത്രം എടുക്കുകയും ചെയ്യത്തക്കവെണ്ണം ഒരു സമതുലനാവസ്ഥയ്ക്കുള്ള ക്രമീകരണം നടപ്പിൽ വരുത്തുക.

2. 'ചെറുപുഷ്പ സന്ന്യാസ സഭ വൈദികരും സഹോദരന്മാരും അംഗങ്ങളായുള്ള ഒരു സമൂഹമാകുന്നു' എന്ന മുൻനിയമം (1970 ജൂലൈ 2 വരെ നിലവിലിരുന്ന നിയമം) അംഗീകരിച്ച് നിയമപുസ്തകത്തിൽ ഉ൨പ്പെടുത്തുകയും പുരോഹിത സഭ (Clerical Congregation) എന്ന് എഴുതിയിരിക്കുന്നതു് ഉപേക്ഷിക്കുകയും ചെയ്യുക.

3. ജനറൽ ചാപ്ററിലേക്ക് അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിൽ ഇപ്പോ൨ സ്വീകരിച്ചിരിക്കുന്ന ആനുപാതിക നിയമം എടുത്തു കളഞ്ഞ് 1970 ജൂലൈ 2 വരെ നിലവിലിരുന്ന തുല്യ അംഗത്വം (വൈദിക വിഭാഗത്തിലും സഹോദര വിഭാഗത്തിലും നിന്ന് തുല്യ എണ്ണം അംഗങ്ങളെ വീതം തിരഞ്ഞെടുക്കുക) എന്ന നിയമം അംഗീകരിച്ചു നടപ്പിൽ വരുത്തുക.

4. പൗരോഹിത്യപരമായ കൂദാശാപരികർമ്മങ്ങളും ലിററർജി നിയമപ്രകാരമുള്ള വൈദികാനുഷ്ഠാനങ്ങളും ഒഴിച്ചുള്ള മറെറല്ലാ സഭാകാര്യങ്ങളിലും വൈദികാംഗങ്ങ൨ക്കും സഹോദരാംഗങ്ങ൨ക്കും തുല്യനില കൈവരുത്തുകയും സഹോദരവിഭാഗത്തിനു് സഭയുടെ ആരംഭം മുതലുണ്ടായിരുന്ന അവകാശങ്ങളും ആനുകൂല്യങ്ങളും പദവികളും നിലനിർത്തുകയും ചെയ്യുന്നതിനു് ആവശ്യമായ നടപടിക൨ സ്വീകരിക്കുക.

5. സഹോദരവിഭാഗത്തിൽനിന്നു് 6-പേർ വൈദികരാകണമെന്നു് ആവശ്യപ്പെട്ടുകൊണ്ടു് പെ. ബ. ജനറാളച്ചനു് അപേക്ഷിക്കുകയുണ്ടായി എന്നു് മുൻപു പറഞ്ഞിട്ടുണ്ടല്ലോ. ഈ കാരണത്താൽ സഭയിൽ ന്യൂനപക്ഷമായ സഹോദരവിഭാഗത്തിൽ നിന്നുതന്നെ 25% പേർ സഹോദരവിഭാഗത്തോടു് അനുഭാവവും ആനുകൂല്യവും ഇല്ലാത്ത നിലയിലായിരിക്കുകയാണെന്നും, വൈദികവിഭാഗത്തിൽപ്പെട്ട ഏതാനുംപേർ ഇവർക്കു പിന്തുണ നല്കുന്നതാണു് അതിനുള്ള കാരണമെന്നും സംശയിക്കേണ്ടിയിരിക്കുന്നു. ഈ സാഹചര്യത്തിൽ ജനറൽ ചാപ്ററിലേക്കുള്ള സഹോദരപ്രതിനിധികളുടെയും മററും തിരഞ്ഞെടുപ്പു് നീതിപൂർവ്വമായ വിധം നടക്കുമോ എന്നുള്ള കാര്യത്തിൽ സഹോദരവിഭാഗത്തിനു ബലമായ ആശങ്കയും ഭീതിയുമുണ്ടു്.

1976 മെയ് മാസത്തിനുമുൻപ് സഭയുടെ ജനറൽ ചാപ്ററിലേക്കുള്ള അംഗങ്ങളുടെ തിരഞ്ഞെടുപ്പും (1976 ഫെബ്രുവരി മുതൽ ഇതിനുവേണ്ടിയുള്ള വോട്ടിംഗ് ആരംഭിക്കും) ടി മെയ് മാസത്തിൽ സുപ്പീരിയർ ജനറൽ, ആലോചനക്കാർ, പ്രൊക്യൂറേറർ ജനറൽമാർ മുതലായവരുടെ തിരഞ്ഞെടുപ്പും നടത്തേണ്ട അവധിയാണു്. തിരഞ്ഞെടുപ്പിൻെറ ഈ അവധി ആകുമ്പോഴേയ്ക്കും സഭയിൽ 80 വൈദികർ വോട്ടവകാശമുള്ള അംഗങ്ങളായി വൈദികവിഭാഗത്തിൽ ഉണ്ടാകും, സഹോദരവിഭാഗത്തിലാകട്ടെ, അതേസമയം നിത്യവ്രതം ചെയ്ത 27 സഹോദരന്മാർ മാത്രമാണു് ഉണ്ടായിരിക്കുക.

ആകയാൽ,

സഹോദരവിഭാഗത്തിലെ ആശയക്കുഴപ്പം മാറിക്കിട്ടുകയും 'തുല്യ അംഗത്വം' അംഗീകരിച്ച നിയമപുസ്തകത്തിൽ രേഖപ്പെടുത്തി പ്രാവർത്തികമാക്കുകയും ചെയ്യുന്നതുവരെ - ജനറൽ ചാപ്ററിലേക്കുള്ള സഹോദരപ്രതിനിധികളുടെ തിരഞ്ഞെടുപ്പും സഹോദരാംഗങ്ങളായ ജനറൽ കൗൺസിലർമാരുടെയും അസി. പ്രൊക്യൂറേറർ ജനറൽമാരുടെയും തിരഞ്ഞെടുപ്പും സഹോദരാംഗങ്ങളുടെ മാത്രം വോട്ടുകൊണ്ടു നിർണ്ണയിക്കത്തക്ക വിധം ഒരു കല്പന എത്രയുംവേഗത്തിൽ അഭിവന്ദ്യ കർദ്ദിനാൾ പാറേക്കാട്ടിൽ തിരുമേനി വഴി ഞങ്ങളുടെ ബ. ജനറാളച്ചനു് അയയ്ക്കുമാറാകണം.

ഈ സഭയിൽനിന്നു തിരുസിംഹാസനത്തിലേക്കും പ്രോനൺഷിയോച്ചറിലേക്കും മററ് അധികാരസ്ഥാനങ്ങളിലേക്കും സഭാസംബന്ധമായി അയയ്ക്കുന്ന അപേക്ഷകൾ, പ്രാമാണിക രേഖകൾ മുതലായ എല്ലാ ഔദ്യോഗിക പത്രികകളിലും സുപ്പീരിയർ ജനറലും അദ്ദേഹത്തിൻെറ ആലോചനക്കാർ നാലുപേരും (രണ്ടു വൈദികരും രണ്ടു സഹോദരന്മാരും) ഒപ്പിട്ട് അയയ്ക്കുന്ന നടപടി ഉണ്ടാവണം.

ഈ സഭയുടെ സ്ഥാപകൻ അഭിവന്ദ്യ കണ്ടത്തിൽ മാർ ആഗുസ്തീനോസ് മെത്രാപ്പോലീത്താ തിരുമേനിയാണെന്നു് അംഗീകരിച്ച നിയമപുസ്തകത്തിൽ രേഖപ്പെടുത്തണം.

പരീക്ഷണാർത്ഥം ഇപ്പോൾ നടപ്പാക്കിയിട്ടുള്ള നിയമങ്ങളിൽ ഇനിയും പല കാര്യങ്ങളും ഉൾപ്പെടുത്തേണ്ടതായി കാണുന്നുണ്ട്. മാത്രമല്ല, സഹോദരവിഭാഗത്തിനു് ആദ്യം മുതൽ അനുവദിച്ചിരുന്ന അവകാശങ്ങളും ആനുകൂല്യങ്ങളും പദവികളും ഒന്നും നഷ്ടപ്പെടുത്താതെയും കൂട്ടിച്ചേർക്കേണ്ടവ ചേർത്തും നിയമപുസ്തകം ഒന്നുകൂടി പരിഷ്കരിക്കേണ്ടതു് അത്യാവശ്യമാകുന്നു. അതിലേക്കു് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനു വേണ്ട നിർദ്ദേശമുണ്ടാവണം.

ഇങ്ങനെ ചെറുപുഷ്പ സന്ന്യാസസഭയിൽ വൈദികവിഭാഗം എന്നതുപോലെ സഹോദരവിഭാഗവും വളർന്നു വരുവാനുള്ള സാഹചര്യം സൃഷ്ടിക്കുവാൻ തിരുസിംഹാസനത്തിൽനിന്നും വേണ്ടതു ചെയ്യുതന്നു് ഞങ്ങളെ സഹായിക്കണമെന്നു് പ്രത്യേകം അപേക്ഷിക്കുന്നു. ഏതാണ്ടു് ഇതുപോലെ ഒരപേക്ഷ അഭിവന്ദ്യ കർദ്ദിനാൾ പാറേക്കാട്ടിൽ തിരുമേനിക്കും ഞങ്ങൾ സമർപ്പിച്ചിട്ടുള്ളതാകുന്നു.

സഭ പൊന്തിഫിക്കലാകുന്നതിനു് ഞങ്ങളുടെ ബ. ജനറാളച്ചൻ തിരുസിംഹാസനത്തിൽ അപേക്ഷ സമപ്പിച്ചിട്ടുള്ളതായി അറിയുന്നു. സഭയിലെ സഹോദരവിഭാഗത്തെ സംബന്ധിക്കുന്ന കാര്യങ്ങളെല്ലാം നടപ്പിൽ വരുത്തിയെന്നും നിയമപുസ്തകത്തിൽ നിർദ്ദിഷ്ട ഭേദഗതികൾ ഉൾപ്പെടുത്തിയെന്നും എറണാകുളം മെത്രാപ്പോലീത്താ തിരുമേനിക്കു ബോധ്യം വന്നപ്രകാരം അദ്ദേഹം ശുപാർശ ചെയ്യുന്നപക്ഷം മാത്രമേ സഭ പൊന്തിഫി

ക്കലാക്കുന്ന കാര്യം തിരുസിംഹാസനത്തിൽനിന്നു തിരുവുള്ളമുണ്ടായി പരിഗണനയ്ക്കെടുക്കാവൂ എന്നും ഈ സഭയിലെ സഹോദരവിഭാഗത്തിലെ നിത്യവ്രതം ചെയ്തവരായ താഴെ ഒപ്പിട്ടിരിക്കുന്ന ഞങ്ങളെല്ലാവരും ഒന്നടങ്കം അങ്ങയോടു പ്രത്യേകമായി അഭ്യർത്ഥിച്ചുകൊള്ളുന്നു.

ഞങ്ങളുടെ ജനറൽ ചാപ്റ്റർ അംഗങ്ങളുടെ തിരഞ്ഞെടുപ്പിനുള്ള വോട്ടിംഗ് അടുത്ത ഫെബ്രുവരിയിൽ ആരംഭിക്കുന്നതുകൊണ്ട് 1976 ഫെബ്രുവരി അവസാനത്തോടെയെങ്കിലും ഇക്കാര്യത്തിൽ ഒരു തീരുമാനം ഉണ്ടാകേണ്ടതു് അത്യന്താപേക്ഷിതമായതുകൊണ്ടാണ് ഉടനെതന്നെ ഇക്കാര്യത്തിൽ തീർപ്പു കല്പിക്കുമാറാകണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നതു് എന്നും തിരുമനസ്സുണർത്തിച്ചുകൊള്ളട്ടെ.

അങ്ങേ വാഴ്‌വ് അപേക്ഷിക്കുന്ന എളിയമക്കളായ ചെറുപുഷ്പ സന്ന്യാസസഭയിലെ സഹോദരവിഭാഗത്തിലെ അംഗങ്ങൾ.

ചെറുപുഷ്പസന്ന്യാസസഭ മാതൃഭവനം
മൂക്കന്നൂർ.
1976 ജനുവരി 25

ഈ അപേക്ഷയിൽ ഒപ്പുവച്ച സഹോദരന്മാരുടെ പേരുവിവരം:

1) ബ്രദർ വിൻസെൻറ് പാനികുളങ്ങര
2) ,, അൽഫോൻസ് മാടശ്ശേരി
3) ,, ജോസഫ് മുണ്ടുമൂഴിക്കര
4) ,, ഫ്രാൻസിസ് അസ്സീസി മാടപ്പള്ളി
5) ,, മൈക്കിൾ തോട്ടത്തിൽ
6) ,, ബോർജിയ അണ്ണാത്തുകുഴി
7) ,, ജോൺ അപ്പച്ചേരി
8) ,, ഫിലിപ്പ് മൂലൻ
9) ,, ഗബ്രിയേൽ തോട്ടുപുറം
10) ,, സ്റ്റനിസ്ലാവോസ് നടുവിലേടത്തു്
11) ,, ബർണാർഡ് അറയ്ക്കത്തറ

12) ബ്രദർ ബർക്കമാൻസ് കോയിക്കര
13) ,, സാലസ് പവ്വത്തിൽ
14) ,, ലെയോപ്പോൾഡ് മാഞ്ഞൂരാൻ
15) ,, ബനഡിക്ട് കച്ചിറ
16) ,, അലക്സാണ്ടർ മടുക്കക്കുഴി
17) ,, പോൾ കളമ്പുകാട്ട്
18) ,, ജറോം കൊണ്ടോടിക്കരി
19) ,, സ്റ്റീഫൻ ഗോപുരൻ

സാമാന്യം ദീർഘമായ ഈ അപേക്ഷയിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ചരിത്രവിവരണങ്ങൾ, ഈ പുസ്തകത്തിൽ ക്രമാനുഗതമായി വിവരിച്ചുപോന്ന ചരിത്രവസ്തുതകളുടെ ഏകദേശമായ ആവർത്തനമെന്നു തോന്നാമെങ്കിലും, അതു് ഏറെക്കുറെ പൂർണ്ണമായിത്തന്നെ ഇവിടെ ഉദ്ധരിച്ചിരിക്കുന്നതു് ഒരു നിർണ്ണായകമായ ചരിത്രരേഖയെന്ന നിലയിൽ അതിനുള്ള സവിശേഷപ്രാധാന്യം പരിഗണിച്ചും അന്നത്തെ സഹോദരന്മാർ സ്വീകരിച്ച ധീരവും അവസരോചിതവും യുക്തിഭദ്രവുമായ നിലപാടുകളുടെ നിജസ്ഥിതി അതിൻെറ പൂർണ്ണതയിൽ വ്യക്തമാക്കുന്നതിനുവേണ്ടിയും ആണെന്നു് എടുത്തു പറഞ്ഞുകൊള്ളട്ടെ.

ഏഴ്

# വിഭജനത്തിനു മുന്നോടിയായി വീണ്ടും കമ്മീഷൻ

ആസൂത്രണം ചെയ്തുറപ്പിച്ച പ്രകാരം, ചെറുപുഷ്പ സഭയുടെ 1976-ലെ ജനറൽ ചാപ്റ്ററിനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു. പരീക്ഷണാർത്ഥം നടപ്പാക്കിക്കൊണ്ടിരിക്കുന്ന നിയമസംഹിത പ്രസ്തുത ചാപ്റ്ററിൽവച്ച് ആനുപാതിക പ്രാതിനിധ്യവ്യവസ്ഥയുടെ മറയിൽ ഭൂരിപക്ഷാഭിപ്രായം പ്രയോഗിച്ച് പാസ്സാക്കിയെടുക്കുവാൻ വൈദികവിഭാഗം ശ്രമിക്കുമെന്നു സഹോദരാംഗങ്ങൾ ന്യായമായും സംശയിച്ചു. അതുകൊണ്ട് ആ നിലയിൽ ചാപ്റ്റർ കൂടുന്നതിനെ അവർ അനുകൂലിച്ചില്ല. തങ്ങൾ റോമിലേക്കു് അയച്ചിട്ടുള്ള അപേക്ഷയ്ക്കു മറുപടി ലഭിച്ചതിനുശേഷം മാത്രം ചാപ്റ്റർ സമ്മേളിക്കുന്നതാണ് അനുരഞ്ജകമായ അന്തരീക്ഷം നിലനിർത്താൻ സഹായകമായിട്ടുള്ളത് എന്നതാണ് തങ്ങളുടെ നിലപാടെന്നു സഹോദരവിഭാഗം വ്യക്തമാക്കി.

റോമിലേക്കു് അയച്ചുവെന്നു പറയുന്ന അപേക്ഷ അവിടെ ചെന്നുപററിയാൽത്തന്നെ, അടുത്തകാലത്തൊന്നും മറുപടി കിട്ടാൻ സാദ്ധ്യതയില്ലെന്നും അതുംകാത്ത് ജനറൽ ചാപ്റ്റർ അനിശ്ചിത കാലത്തേയ്ക്കു നീട്ടിക്കൊണ്ടുപോകുന്നതു ബുദ്ധിപൂർവ്വകമായിരിക്കുകയില്ലെന്നും നിശ്ചിതപരിപാടിയനുസരിച്ചു തന്നെ ജനറൽ ചാപ്റ്റർ സമ്മേളിക്കുകയാണു വേണ്ടതെന്നുമായിരുന്നു വൈദികവിഭാഗത്തിൻെറ നിലപാട്.

തങ്ങളുടെ ന്യായയുക്തമായ തടസ്സവാദം അംഗീകരിച്ച് ചാപ്റ്റർ നീട്ടിവയ്ക്കാത്തപക്ഷം തങ്ങൾ അതിൽ സംബന്ധിക്കാതിരിക്കുവാൻ നിർബന്ധിതരായേക്കും എന്നും സഹോദരവിഭാഗം അധികൃതരെ അറിയിച്ചു. പക്ഷേ, ബഹിഷ്കരണ മുന്നറിയിപ്പും പരിഗണിക്കപ്പെടുകയുണ്ടായില്ല.

മുൻനിശ്ചയപ്രകാരം തന്നെ ചാപ്ററർ നടത്തുവാൻ പരിപാടി തയ്യാറാക്കുകയും തീയതി പ്രഖ്യാപിക്കുകയുമാണു ചെയ്തതു്. ഈ സംഭവവികാസങ്ങളെല്ലാം വിവരിച്ചുകൊണ്ടു് സഹോദരവിഭാഗം റോമിലെ പൗരസ്ത്യതിരുസംഘം സെക്രട്ടറിയുടെ പേർക്കു് അടിയന്തര ഹർജി ബോധിപ്പിച്ചു.

തങ്ങളുടെ സകാരണവും സന്ന്യായവുമായ പ്രതിഷേധം അവഗണിച്ചുകൊണ്ടു സമ്മേളിക്കുവാൻ നിശ്ചയിച്ചിരിക്കുന്ന ചാപ്റററിൽ തങ്ങൾക്കു ദോഷകരമായ പല തീരുമാനങ്ങളും ഉണ്ടാകാൻ സാധ്യതയുള്ളതുകൊണ്ടു് തങ്ങൾ പ്രസ്തുത ചാപ്ററർ ബഹിഷ്കരിക്കുവാൻ നിർബന്ധിതരായിരിക്കുകയാണെന്നും, തങ്ങൾ നേരത്തെ ബോധിപ്പിച്ചിട്ടുള്ള സങ്കടഹർജിക്കു് എത്രയും വേഗം പരിഹാരതീരുമാനം ഉണ്ടാകണമെന്നും മററുമായിരുന്നു സഹോദരവിഭാഗം റോമിലേക്കയച്ച അടിയന്തര ഹർജിയുടെ ഉള്ളടക്കം.

ആവശ്യത്തിൻെറ ഗൗരവവും സന്ദർഭത്തിൻെറ പ്രാധാന്യവും പരിഗണിച്ചുതന്നെ റോം പ്രതികരിച്ചു. പ്രതീക്ഷിച്ചതിലും വേഗത്തിൽ പൗരസ്ത്യതിരുസംഘത്തിൽനിന്നുള്ള മറുപടി സഹോദരവിഭാഗത്തിനു ലഭിച്ചു. സൗഹാർദ്ദപൂർവ്വമായ അന്തരീക്ഷത്തിൽ ഇരുവിഭാഗത്തിനും സ്വീകാര്യമായ രീതിയിൽ ജനറൽ ചാപ്ററർ നടത്തുവാൻ ബുദ്ധിമുട്ടുണ്ടെന്നു കണ്ട സ്ഥിതിക്കു് ചാപ്ററർ നിർത്തിവയ്ക്കുവാൻ ബന്ധപ്പെട്ടവർക്കു നിർദ്ദേശം നല്കിയിട്ടുണ്ടെന്നും സൗഹാർദ്ദപൂർവ്വമായ അന്തരീക്ഷത്തിൽ ചാപ്ററർ കൂടുവാനുള്ള ശുഭാവസരത്തിനായി പ്രാർത്ഥനാപൂർവ്വം കാത്തിരുന്നുകൊള്ളുക എന്നുമായിരുന്നു റോമിൽനിന്നുള്ള അടിയന്തരസന്ദേശത്തിൽ അടങ്ങിയിരുന്നതു്.

ഇതിനിടയ്ക്കു് ചെറുപുഷ്പസഭയിലെ ആഭ്യന്തരപ്രശ്നം സംബന്ധിച്ച് പൗരസ്ത്യതിരുസംഘം എറണാകുളം മെത്രാപ്പോലീത്താ കാർഡിനൽ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയുമായും ആശയവിനിമയം നടത്തി. ചെറുപുഷ്പസഭയിലെ സഹോദരവിഭാഗത്തിൻെറ അസ്തിത്വപ്രശ്നം അടിയന്തര

പരിഹാരം അർഹിക്കുന്ന വിഷയമാണെന്നു കർദ്ദിനാൾ പാറേക്കാട്ടിൽ തിരുമേനി പരിശുദ്ധ തിരുസംഘത്തിൻെറ ശ്രദ്ധയിൽപ്പെടുത്തി. ചെറുപുഷ്പസഭയുടെ പ്രശ്നങ്ങൾ വിശദമായി പഠിച്ച് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കാൻ മൂന്നു് അംഗങ്ങൾ അടങ്ങുന്ന ഒരു വിദഗ്ദ്ധസമിതിയെ നിയമിക്കുവാൻ പൗരസ്ത്യതിരുസംഘം 1976 സെപ്ററംബർ 17-ാം തീയതിയിലെ 1389/76-ാം നമ്പരായി അപ്പസ്റ്റോലിക്ക് പ്രോനുൺസിയോവഴി അയച്ച കല്പനയനുസരിച്ച് അഭിവന്ദ്യ പാറേക്കാട്ടിൽ തിരുമേനിയെ അധികാരപ്പെടുത്തി. അതിൻപ്രകാരം വൈദികവിഭാഗത്തിൻെറ വക്താവായി അവർ നാമനിർദ്ദേശം ചെയ്ത, ഫാ. സിറിൽ ഒ. ഐ. സി.യേയും (ഇപ്പോഴത്തെ ബത്തേരി ബിഷപ്പ്) സഹോദരവിഭാഗത്തിൻെറ വക്താവായി നിർദ്ദേശിക്കപ്പെട്ട ബ്രദർ സ്റ്റീഫൻ സി. എം. എസ്. എഫ്.നെയും മെത്രാപ്പോലീത്ത തിരുമേനിയുടെ പ്രതിനിധിയായി വടക്കഞ്ചേരി ബ. ജോസഫച്ചനെയും ഉൾപ്പെടുത്തി മെത്രാപ്പോലീത്താ തിരുമേനി മൂന്നംഗകമ്മീഷനെ നിയമിച്ച് വിശദമായ പഠനവും പര്യവേഷണവും ചർച്ചയും നടത്തിയ ശേഷം 1977 മാർച്ച്-ഏപ്രിൽ മാസങ്ങളിലായി കമ്മീഷൻ അംഗങ്ങൾ മൂവരും കർദ്ദിനാൾ തിരുമേനിക്കു റിപ്പോർട്ടു സമർപ്പിച്ചു. കമ്മീഷൻ അംഗങ്ങൾ ഓരോരുത്തരും പ്രത്യേകം പ്രത്യേകമായാണ് റിപ്പോർട്ടുകൾ സമർപ്പിച്ചതെങ്കിലും ചെറുപുഷ്പസഭയിലെ പ്രതിസന്ധിക്കുള്ള സ്ഥായിയായ നിവാരണമാർഗ്ഗം സഭയുടെ വിഭജനം മാത്രമാണെന്നു മൂന്നു റിപ്പോർട്ടുകളിലും ഒരുപോലെ ഊന്നിപ്പറഞ്ഞിരുന്നു.

കമ്മീഷൻ റിപ്പോർട്ടു ലഭിച്ചതിനെത്തുടർന്നു് കർദ്ദിനാൾ തിരുമേനി ചെറുപുഷ്പസഭയിലെ വൈദികവിഭാഗത്തിൻെറയും സഹോദരവിഭാഗത്തിൻെറയും പ്രതിനിധികളുമായി പ്രത്യേകം പ്രത്യേകം ചർച്ചകൾ നടത്തി ഇരുവിഭാഗത്തിൻെറയും നിലപാടു ഗ്രഹിച്ചു.

സഹോദരവിഭാഗം 1977 ജൂലൈ 12-ാം തീയതി അവരുടെ അഭിപ്രായവും അഭിമതവും വ്യക്തമാക്കിക്കൊണ്ടു് അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനിക്കു് താഴെക്കാണുന്ന ഒരു അപേക്ഷകൂടി സമർപ്പിക്കുകയുണ്ടായി.

അഭിവന്ദ്യപിതാവേ,

ചെറുപുഷ്പസന്ന്യാസസഭയിലെ സഹോദരവിഭാഗം റോമിൽ സമർപ്പിച്ചിട്ടുള്ള ഹർജി സംബന്ധിച്ച് അന്വേഷിക്കുന്നതിനു നിയോഗിക്കപ്പെട്ട കമ്മീഷൻ, അവരുടെ റിപ്പോർട്ട് പിതാവിനു സമർപ്പിച്ചിരിക്കുകയാണല്ലോ.

ചെറുപുഷ്പസന്ന്യാസസഭയുടെ സ്ഥാപകൻ കാലംചെയ്ത അഭിവന്ദ്യ കണ്ടത്തിൽ മാർ ആഗ്രസ്റ്റീനോസ് തിരുമേനിയാണെന്നു് ചരിത്രരേഖകൾകൊണ്ടും ബ. ബസീലിയൂസച്ചന്റെ പ്രസ്താവനകൾ, എഴുത്തുകൾ മുതലായവയിൽനിന്നും തെളിഞ്ഞിരിക്കുന്ന സ്ഥിതിക്കു് അഭിവന്ദ്യ കണ്ടത്തിൽ പിതാവിനെ ചെറുപുഷ്പസന്ന്യാസസഭയുടെ സ്ഥാപകനായി പ്രഖ്യാപിക്കണമെന്നു് ഞങ്ങൾ അങ്ങയോട്ടു് അപേക്ഷിക്കുന്നു.

സഭയുടെ സ്ഥാപകനായ അഭിവന്ദ്യ കണ്ടത്തിൽപിതാവു് തന്റെ ഡയറിയിൽ സ്വന്തം കൈപ്പടയിൽ......"ഇതു സഹോദരന്മാരുടെ സഭയാണു്; അച്ചന്മാരുടേതല്ല എന്നു് വീണ്ടും വീണ്ടും ഊന്നിപ്പറഞ്ഞു. Sp. Fathers മുതലായതിനാണു് അച്ചന്മാർ, അല്ലാതെ ഭരിക്കാനല്ല. ആകെ 12–ൽ കൂടരുതു് എന്നും കണിശമായി പറഞ്ഞിട്ടുണ്ടു്......"എന്നിങ്ങനെ രേഖപ്പെടുത്തിയിട്ടുള്ളതാണു്. ബസീലിയൂസച്ചനോട്ടു് കണ്ടത്തിൽ പിതാവു് പലപ്രാവശ്യം നേരിട്ടു പറയുകയും രേഖാമൂലം അദ്ദേഹത്തെ അറിയിക്കുകയും ചെയ്ത മേൽപറഞ്ഞ കാര്യങ്ങളാണു് പിതാവു് തന്റെ ഡയറിയിൽ രേഖപ്പെടുത്തി സൂക്ഷിച്ചിരിക്കുന്നതു്. ഇതിൽനിന്നെല്ലാം ചെറുപുഷ്പസന്ന്യാസസഭ അദ്ദേഹം സ്ഥാപിച്ചതു് Non-Clerical ആയിട്ടാണെന്നു വ്യക്തമാണല്ലോ. ഈ സഭയെ Clerical ആക്കുന്നതിനു് അദ്ദേഹം എതിരുമായിരുന്നു.

എന്നാൽ ഇതു സഹോദരന്മാരുടെ സഭയാണെന്നു മനസ്സിലാക്കാതെ വളരെയധികംപേർ വൈദികരായി സഭയിൽ ചേരാൻ ഇടയായതുകൊണ്ടു് സഹോദരന്മാരും വൈദികരും ഒരുമിച്ചുപോകുന്നതു് ഇപ്പോൾ ബുദ്ധിമുട്ടായിത്തീർന്നിരിക്കുകയാണു്. അതുകൊണ്ടാണു് ഞങ്ങൾ അങ്ങയുടെ പക്കലും തിരുസിംഹാസനത്തിലും അപേക്ഷകൾ ബോധിപ്പിച്ചതെന്നു് അങ്ങേയ്ക്കു് അറിവുള്ളതാണല്ലോ. ഞങ്ങളുടെ അപേക്ഷകളിൽ വിഭജന

ത്തിൻെറ കാര്യം ഞങ്ങൾ സൂചിപ്പിച്ചിട്ടേയില്ല. ഞങ്ങളുടെ അവകാശങ്ങൾ സംരക്ഷിച്ചും വ്യക്തിത്വം നിലനിർത്തിയും കൊണ്ടു് ഒരുമിച്ചുപോകണമെന്നാണ് ഞങ്ങൾ ആഗ്രഹിച്ചിരുന്നതും, അതിനായിട്ടാണു് പരിശ്രമിച്ചിരുന്നതും. എന്നാൽ, താദൃശ സംരക്ഷണനിയമങ്ങൾ ശാശ്വതമായി നടപ്പിലാക്കുന്നതിനു് സാഹചര്യങ്ങൾ തീർത്തും പ്രതികൂലമാണെന്നു് അറിയാൻ ഇടയായതുകൊണ്ടു് ഞങ്ങളുടെ വളർച്ചയ്ക്കും സ്വതന്ത്രമായ പ്രവർത്തനത്തിനും ഇനി ഏററവും സ്വീകാര്യമായി ഞങ്ങൾക്കു തോന്നുന്ന സംവിധാന വ്യവസ്ഥകൾ താഴെ കുറിക്കുന്നു.

1. ബ്രദേഴ്സും വൈദികരും ഒരു ജനറാളിൻെറ കീഴിൽ രണ്ടു യൂണിററുകളായി തിരിഞ്ഞു് സ്വതന്ത്രമായി പ്രവർത്തിക്കത്തക്കവിധം അനുവദിക്കണമെന്നാണ് ഞങ്ങളുടെ അപേക്ഷ.

2. ബ്രദേഴ്സിൻെറ ആത്മീയാവശ്യങ്ങൾ നടത്താൻ വേണ്ടിയാണല്ലോ ഈ സഭയിൽ ഏതാനും വൈദികരെക്കൂടി ഉൾപ്പെടുത്താൻ അനുവദിക്കയുണ്ടായതു്. അങ്ങനെ അനുവദിച്ചതുകൊണ്ടാണ് വൈദികരുടെ എണ്ണം ഇന്നത്തെ നിലയിൽ ഇത്രമാത്രം വർദ്ധിക്കാനിടയായതു്. ആകയാൽ ബ്രദേഴ്സിൻെറ ആത്മീയാവശ്യങ്ങൾ നിർവ്വഹിക്കാൻ വേണ്ടതായ വൈദികരെ സഭയിൽനിന്നു വിട്ടുതരിക എന്നതു സഭയുടെ ഒരു കടമ കൂടിയാണല്ലോ. അതുകൊണ്ടു് ബ്രദേഴ്സിൻെറ ആത്മീയാവശ്യങ്ങൾക്കു് അച്ചന്മാരെ വിട്ടുതരത്തക്കവിധം വ്യവസ്ഥ ഉണ്ടായിരിക്കുകയും സ്വത്തുക്കളും ഭരണവും അംഗങ്ങളെ സ്വീകരിക്കുന്നതും അവരുടെ പരിശീലനങ്ങളും മററുമായ കാര്യങ്ങൾ രണ്ടു കൂട്ടരും വെവ്വേറെ ആയിരിക്കുകയും വേണ്ടതാണു്. ഈവിധം ഒരു ക്രമീകരണം സഭയിൽ വരുത്തുകയും അതു കണിശമായി നടപ്പിലാക്കുകയും ചെയ്യണമെന്നാണു് ഞങ്ങളുടെ അപേക്ഷ. ഇതിനുവേണ്ട എല്ലാ ഒത്താശകളും പിതാവ് ദയവായി ചെയ്തു തന്നു് ഞങ്ങളെ സഹായിക്കണമെന്നു് വിനീതമായി അപേക്ഷിക്കുന്നു.

എന്നു്,

അങ്ങേ വാഴ്വ് അപേക്ഷിക്കുന്ന എളിയ മക്കളായ ചെറുപുഷ്പ സന്ന്യാസസഭയിലെ സഹോദരവിഭാഗത്തിലെ അംഗങ്ങൾ (ഒപ്പ്)

സഭാവിഭജനം സംബന്ധിച്ച് വളരെ മിതവാദപരവും യാഥാർത്ഥ്യാധിഷ്ഠിതവുമായ ഒരു നിലപാടാണ് സഹോദര വിഭാഗം സ്വീകരിച്ചിരുന്നതെന്ന് ഈ അപേക്ഷയിൽനിന്നു വ്യക്തമാണല്ലോ. പിതാവിൻെറ ഏകശാസനത്തിൻ കീഴിൽ ജ്യേഷ്ഠാനുജന്മാർ സൗഹാർദ്ദപൂർവ്വം ഭാഗം പിരിഞ്ഞു പ്രത്യേകം പ്രത്യേകമായി താമസിക്കുന്ന ഒരവസ്ഥയേ വിഭജനംകൊണ്ട് വിവക്ഷിച്ചിരുന്നുള്ളുവെന്നു പറയാം.

എന്നാൽ, ഒരേ ജനറാളിൻെറ കീഴിൽ രണ്ടു യൂണിററായി തുടരുന്നതു് കാലാന്തരത്തിൽ പിന്നേയും വിവാദപ്രശ്നങ്ങൾ സൃഷ്ടിച്ചേക്കുമെന്നായിരുന്നു സ്ഥിതിഗതികളുടെ ഭാവി പരിണാമങ്ങളെപ്പററി ആഴമായി പഠിക്കുകയും വിലയിരുത്തുകയും ചെയ്ത, പരിണതപ്രജ്ഞരായ കമ്മീഷനംഗങ്ങളുടെ ഏകകണ്ഠമായ അഭിപ്രായം. അന്തിമ വിശകലനത്തിൽ പൂർണ്ണ വിഭജനം എന്ന ആശയത്തോട്ട് ഇരു വിഭാഗത്തിനും ഒട്ടും വിയോജിപ്പില്ലെന്നും പൊതുവായ അന്തർഗതം അതാണെന്നും കർദ്ദിനാൾ തിരുമേനിക്കും ബോധ്യമായി. അതിൻെറ അടിസ്ഥാനത്തിൽ സഭാവിഭജനം ശുപാർശ ചെയ്തുകൊണ്ട് 1977 സെപ്ററംബർ 15-ാം തീയതി കർദ്ദിനാൾ തിരുമേനി പൗരസ്ത്യ തിരുസംഘത്തിനു് ഔദ്യോഗിക റിപ്പോർട്ടയച്ചു.

പൗരസ്ത്യതിരുസംഘം കർദ്ദിനാൾ തിരുമേനിയുടെ റിപ്പോർട്ട് അംഗീകരിക്കുകയും സഭാവിഭജനം യഥാവിധി നിർവ്വഹിക്കുന്നതിനു് മുൻ കമ്മീഷൻ അംഗമായിരുന്ന വെ. റവ. ഫാ. സിറിൾ ഒ. ഐ. സി. (മിശിഹാനുകരണ സഭാ സുപ്പീരിയർ ജനറൽ – പിന്നീട്ട ബത്തേരി രൂപതയുടെ മെത്രാൻ) അവർകളെ അപ്പസ്തോലിക്ക് ഡെലിഗേററായി നിയമിക്കുകയും ചെയ്തു.

## മഹത്ചരമം

1976 ഒക്ടോബർ 4-ാം തീയതി അവിഭക്ത ചെറുപുഷ്പ സന്ന്യാസസഭയെ സംബന്ധിച്ചിടത്തോളം അവിസ്മരണീയമായ ഒരു വിലാപദിനമായിരുന്നു. ചെറുപുഷ്പസഭയുടെ പ്രാരംഭപ്രവർത്തകനും ആറുവർഷക്കാലം സുപ്പീരിയർ ജനറലും സഭയുടെ വളർച്ചയ്ക്കു ത്യാഗപൂർവ്വമായ സേവനം

അനുഷ്ഠിച്ച സഭാസ്നേഹിയും സി. എസ്. റ്റി. വൈദികവിഭാഗത്തിൻെറ സ്ഥാപകനായി അംഗീകരിക്കപ്പെട്ട സന്ന്യാസിവര്യനുമായ ബ. ബസീലിയൂസച്ചൻ അന്നേദിവസം സന്ധ്യയോടുകൂടി പഴങ്ങനാട്ട് സമരിററൻ ആശുപത്രിയിൽവച്ചു നിര്യാതനായി. മൃതദേഹം ആലുവാ അദ്ധ്യയനാശ്രമത്തിൽ പൊതുദർശനത്തിനായി കിടത്തിയശേഷം 6-ാം തീയതി സായാഹ്നത്തിൽ മൂക്കന്നൂർ ചെറുപുഷ്പാശ്രമ സിമിത്തേരിയിൽ അഭിവന്ദ്യ കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയുടെ മുഖ്യ കാർമ്മികത്വത്തിൽ സംപൂജ്യമായി സംസ്കരിക്കപ്പെട്ടു. സ്മര്യപുരുഷൻെറ ജീവിതസായാഹ്നത്തിൽത്തന്നെ സഭാവിഭജനം സംബന്ധിച്ചുള്ള വിവാദത്തിൻെറ അലകൾ അന്തരീക്ഷത്തിൽ അസ്വസ്ഥചലനങ്ങൾ സൃഷ്ടിച്ചിരുന്നെങ്കിലും വിഭജനം യാഥാർത്ഥ്യമായതു് അദ്ദേഹത്തിൻെറ കാലശേഷമായിരുന്നുവെന്നതു് ചരിത്രത്തിൻെറ ആശ്വാസകരമായ ഒരു പരിണതിയായിരിക്കാം.

## വിഭജനം യാഥാർത്ഥ്യമായി

സഭയുടെ ആശ്രമങ്ങൾ സ്ഥിതി ചെയ്യുന്ന രൂപതകളിലെ മെത്രാന്മാരുമായി വിഭജനപ്രശ്നങ്ങൾ സംബന്ധിച്ച് സമ്പർക്കം പുലർത്തുക, സഭവകയായുള്ള സ്ഥാവരജംഗമസ്വത്തുക്കളും ആസ്തികളും വിഭജിക്കുന്നതിൽ മേൽനോട്ടവും മാദ്ധ്യസ്ഥ്യവും വഹിക്കുക, ഓരോ സഭയ്ക്കും ആവശ്യമായി വന്നാൽ പുതിയ പേരു നിർദ്ദേശിക്കുക മുതലായവയായിരുന്നു അപ്പസ്തോലിക്ക് ഡെലിഗേററിൻെറ നിർവഹണത്തിനും തീരുമാനത്തിനുമായി ഭരമേല്പിക്കപ്പെട്ട കാര്യങ്ങൾ.

അപ്പസ്തോലിക്ക് ഡെലിഗേററ് ആദ്യംതന്നെ ഇരുവിഭാഗത്തിൽ നിന്നും അഞ്ചു പ്രതിനിധികളെ വീതം അംഗീകൃതവക്താക്കളായി തിരഞ്ഞെടുക്കുവാൻ ആവശ്യപ്പെട്ടു. അതനുസരിച്ച് വൈദികവിഭാഗം ക്രിസ്റ്റഫർ പുതുമന, എമ്മാനുവേൽ അറയ്ക്കത്തോട്ടം, ജോൺ ഓലിക്കൽ, നോർബർട്ട് വണ്ടലത്തുകരി, അലോഷ്യസ് കൊണ്ടൂക്കാലാ എന്നീ വൈദികരെയും സഹോദരവിഭാഗം, ഫിലിപ്പ് മൂലൻ, ബോർജിയാ അണ്ണാത്തുകുഴി, ബർക്കുമാൻസ് കോയിക്കര, അൽഫോൻസ് മാടശ്ശേരി,

വിൻസെൻറ് പാനികുളങ്ങര എന്നീ ബ്രദേഴ്സിനെയും തിരഞ്ഞെടുത്തു.

ഈ ഔദ്യോഗിക പ്രതിനിധികളുമായി 1978 ജനുവരി 18 മുതൽ വന്ദ്യ സിറിലച്ചൻ പലവട്ടം ചർച്ചകൾ നടത്തി. മൂക്കന്നൂർ മാതൃഭവനവും അനുബന്ധസ്ഥാപനങ്ങളും വിഭജിക്കുന്നതു സംബന്ധിച്ച് കർദ്ദിനാൾ തിരുമേനി ഉന്നയിച്ച നൈയാമിക പ്രശ്നങ്ങളും പൗരസ്ത്യ തിരുസംഘത്തിൻെറ വിശദീകരണങ്ങളും കണക്കിലെടുത്തശേഷം അപ്പസ്തോലിക്ക് ഡെലിഗേററിൻെറ സാന്നിധ്യത്തിൽ ഇരുവിഭാഗവും ഉഭയസമ്മതപ്രകാരമുള്ള ഒരു കരാറിൽ ഒപ്പുവച്ചു. 1978 ഒക്ടോബർ 12-ാം തീയതി ആയിരുന്നു നിർണ്ണായകമായ ഈ സംഭവം നടന്നതു്.

സഭാവിഭജനം സംബന്ധിച്ചുള്ള വ്യവസ്ഥകളുടെയും നടപടിക്രമങ്ങളുടെയും വിശദവിവരം അപ്പസ്തോലിക്ക് ഡെലിഗേററ് പൗരസ്ത്യതിരുസംഘത്തിനു സമർപ്പിച്ചതിൻെറ അടിസ്ഥാനത്തിൽ 1978 നവംബർ 9-ാം തീയതിയിലെ 512/68-ാം നമ്പർ ഡിക്രിയനുസരിച്ച് പൗരസ്ത്യതിരുസംഘം കരാറിൻപ്രകാരമുള്ള വിഭജനം നടപ്പാക്കുവാൻ എറണാകുളം മെത്രാപ്പോലീത്ത കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയെ അധികാരപ്പെടുത്തി.

ആ ഡിക്രിയുടെ ആജ്ഞാപനം അനുസരിച്ച് കർദ്ദിനാൾ തിരുമേനി കാനോനികമായും ഔദ്യോഗികമായും മൂക്കന്നൂർ ചെറുപുഷ്പസന്ന്യാസസഭയെ സഹോദരന്മാർക്കായുള്ള വിശുദ്ധ കൊച്ചുത്രേസ്യായുടെ സന്ന്യാസസഭ (The Congregation of Saint Therese) അഥവാ സി. എസ്. ററി. ബ്രദേഴ്സ് (C.S.T. Brothers) എന്നും വൈദികർക്കായുള്ള ചെറുപുഷ്പ സന്ന്യാസസഭ (The Little Flower Congregation) അഥവാ സി.എസ്.ററി. വൈദികർ (C.S.T. Fathers) എന്നും രണ്ടു വ്യത്യസ്ത ശ്രുപതാസമൂഹങ്ങളായി പ്രഖ്യാപിച്ചുകൊണ്ടുള്ള 1978 ഡിസംബർ 8-ാം തീയതിയിലെ 12/Misc:402/78-ാം നമ്പർ കല്പന പുറപ്പെടുവിച്ചു.

ഈ പ്രഖ്യാപനമനുസരിച്ച് 1) മത്തുങ്കൽ സെൻററ് സ്റ്റീഫൻസ് ആശ്രമവും അനാഥശാലയും, 2) അട്ടാറ ജോസ്ഗിരി ആശ്രമവും റബ്ബർ തോട്ടങ്ങളും നെൽവയലും, 3) പുത്തൻകുരിശ്ശ് ചെറുപുഷ്പ നവസന്ന്യാസഭവനവും അനുബന്ധസ്വത്തുക്കളും, 4) നെൽവയലുകളും തോട്ടങ്ങളും ഉൾപ്പെടെ കൂട്ടുമുഖം (തലശ്ശേരി) മേരിഗിരി ആശ്രമവും, 5) മൂക്കന്നൂരെ ചെറുപുഷ്പാശ്രമവും അനുബന്ധസ്ഥാപനങ്ങളും ഭൂസ്വത്തുക്കളും കൈതപ്പാടത്തെ നെൽവയലുകളും, 6) പുലിതൂക്കിപ്പാടത്തെ റബ്ബർ തോട്ടവും മററു ഭൂസ്വത്തും സഹോദരസഭയുടെ സ്വന്തമായി. തൃക്കാക്കര ജനറലേററ് ഭവനം, ആലുവാ അദ്ധ്യയനാശ്രമം, പൂവത്തോട്ട് (പാലാ) ചെറുപുഷ്പഭവനവും അനുബന്ധസ്ഥാപനങ്ങളും, ബാംഗ്ലൂർ വിദ്യാഭവനും, കോഴിപ്പള്ളി ബോയ്സ് ടൗണും, കോട്ടൂർ സെൻററ് തോമസ് ആശ്രമവും അനുബന്ധസ്ഥലങ്ങളും ജലന്തർ രൂപതയിലും മററുമുള്ള മിഷൻ ഭവനങ്ങളും വൈദികസഭയുടെ വകയുമായി.

വിഭജനകാലത്ത് സഭയുടെ ആകെ സ്വത്ത് ഒരു കോടി പന്ത്രണ്ടു ലക്ഷം രൂപ മതിപ്പു വിലവരുന്ന സ്ഥാവരജംഗമ വസ്തുക്കളാണെന്ന് വൈദികരും സഹോദരന്മാരും ഉൾപ്പെട്ട ഒരു സബ് കമ്മററി കണക്കാക്കുകയും അതിൽ 47 ലക്ഷം രൂപ വിലമതിപ്പുള്ള വസ്തുവകകൾ സഹോദരസഭയ്ക്കും 65 ലക്ഷംരൂപയുടെ ആസ്തികൾ വൈദികസഭയ്ക്കും വീതിക്കുകയുമാണ് ചെയ്തത്.

വൈദികസഭയുടെ ആസ്ഥാനം തൃക്കാക്കരയും സഹോദരസഭയുടെ ആസ്ഥാനം മൂക്കന്നൂരും ആയിരിക്കണമെന്നും നിർണ്ണയിക്കപ്പെട്ടു.

അടുത്ത പത്തുവർഷത്തേക്ക് സഹോദരന്മാരാകാൻ ആഗ്രഹിക്കുന്നവരെ വൈദികവിഭാഗത്തിലേക്കും വൈദികരാകാൻ ആഗ്രഹിക്കുന്നവരെ സഹോദരവിഭാഗത്തിലേക്കും സ്വീകരിക്കാൻ പാടില്ലെന്നും ഔദ്യോഗികരേഖയിൽ വ്യവസ്ഥ ചെയ്തിരുന്നു. എങ്കിലും, വൈദികവിഭാഗത്തോടൊപ്പം ചേരുവാൻ സ്വമേധയാ ആഗ്രഹം പ്രകടിപ്പിച്ച ബ്ര. അർസേനിയൂസ്, ബോസ്കോ, ഡാമിയൻ, ജോൺ നെടുമ്പുറം, ജോസ് തോട്ടമാരിക്കൽ, ജോസഫ് കൊട്ടുപ്പിള്ളി, കുര്യൻ പറയരുകാവിൽ,

പീയൂസ് എടശ്ശേരിപ്പറമ്പിൽ, തോമസ് ഒട്ടലാങ്കൽ എന്നീ ഒൻപതു സഹോദരന്മാരെ വൈദികസഭയിൽ നിലനിന്നുകൊള്ളുവാൻ അനുവദിക്കുകയും ചെയ്തു.

കൂടാതെ, മൂക്കന്നൂർ ആശ്രമത്തോടു ചേർന്നുള്ള സിമിത്തേരിക്കു ഇരുവിഭാഗത്തിനും തുല്യാവകാശം ഉണ്ടായിരിക്കുമെന്നും അവിടെ കബറടക്കിയിരിക്കുന്ന ബസ്സീലിയൂസച്ചന്റെ കബറിടത്തിന്മേൽ വൈദികവിഭാഗത്തിനു പരിപൂർണ്ണ സ്വാതന്ത്ര്യാവകാശം നിലനിൽക്കുമെന്നും വ്യവസ്ഥ ചെയ്തിരുന്നു.

ഏതെങ്കിലും വിഭാഗത്തിനു വീതത്തിൽ കിട്ടിയിരിക്കുന്ന ഭവനങ്ങളോ സ്ഥാപനങ്ങളോ ആ വിഭാഗത്തിനു നടത്തിക്കൊണ്ടുപോകാൻ സധ്യമല്ലാതെ വന്നാൽ ആയത് അതിനാൽത്തന്നെ മററു വിഭാഗത്തിലേക്കു ചേരുന്നതും പുറത്താർക്കും വിട്ടുകൊടുക്കുവാൻ പാടില്ലാത്തതാണെന്നും കൂടി പ്രഖ്യാപനത്തിൽ വ്യവസ്ഥയുണ്ടായിരുന്നു.

അഭിവന്ദ്യ കണ്ടത്തിൽ ആഗ്രസ്തീനോസ് തിരുമേനിയെ സഹോദരവിഭാഗത്തിന്റെയും ബസ്സീലിയൂസച്ചനെ വൈദികവിഭാഗത്തിന്റെയും സ്ഥാപകന്മാരായും കല്പനയിൽ അംഗീകരിച്ചിരുന്നു.

ഔദ്യോഗിക പ്രഖ്യാപനത്തിലെ നിർദ്ദേശമനുസരിച്ച് ഇരുവിഭാഗങ്ങളുടെയും പ്രതിനിധികളും കർദിനാൾ തിരുമേനി നിയമിച്ച പ്രതിനിധികളായ അദ്ദേഹത്തിന്റെ പ്രൈവററ് സെക്രട്ടറി മനത്തോടത്ത് പെ. ബ. ജേക്കബച്ചനും (ഇപ്പോൾ എറണാകുളം അതിരൂപത സഹായ മെത്രാൻ) അതിരൂപതാ പ്രൊക്കുറേറർ തച്ചിൽ പെ. ബ. ഫ്രാൻസീസച്ചനും (ജൂനിയർ) ഉൾപ്പെട്ട ഉപസമിതിയുടെ സാന്നിദ്ധ്യത്തിൽ നൈയാമികമായ കൈമാററ നടപടികൾ യഥാകാലം പൂർത്തിയാക്കപ്പെട്ടു. അതിനുശേഷം പ്രഖ്യാപിച്ചിരുന്നതുപോലെ വി. കൊച്ചുത്രേസ്യായുടെ ജന്മതിരുനാളായ 1979 ജനുവരി 2-ാം തീയതി ഔപചാരികമായി സി.എസ്.റ്റി. സഭാവിഭജനം നടപ്പിലായി.

വിഭജനസമയത്ത് വൈദികവിഭാഗത്തിൽ 80 വൈദികരും 88 വൈദിക വിദ്യാർത്ഥികളും ഉണ്ടായിരുന്നു.

സഹോദരവിഭാഗത്തിലാകട്ടെ, നിത്യവ്രതം ചെയ്തവരും ആദ്യവ്രതം അനുഷ്ഠിച്ചിരുന്നവരുമായി 22 സഹോദരന്മാർ മാത്രമേ ഉണ്ടായിരുന്നുള്ളു.

കുറെ വർഷങ്ങളായി സഹോദരദൈവവിളി വേണ്ടരീതിയിൽ പ്രോൽസാഹിപ്പിക്കപ്പെടാതിരുന്നതുകൊണ്ട്, വിഭജനത്തിൻെറ ആശയം ഉരുത്തിരിയുന്ന കാലഘട്ടത്തിൽ സഭയിൽ സഹോദരാർത്ഥികളായി ആരുംതന്നെ ഉണ്ടായിരുന്നില്ലെന്നു പറയാം.

എന്നാൽ വിഭജനം യാഥാർത്ഥ്യമാകുമെന്നു തീർച്ചയായതോടെ സഹോദരവിഭാഗത്തിൻെറ ഭാവി നിലനില്പിന് സഹോദരാർത്ഥികളെ കൂടുതലായി സഭയിൽ സ്വീകരിച്ച് പരിശീലനം നൽകി വളർത്തിക്കൊണ്ടുവരേണ്ടതു് അത്യന്താപേക്ഷിതമാണെന്നും സഹോദരവിഭാഗത്തിനു ബോധ്യമായി. വിഭജനം പ്രാവർത്തികമാകുന്നതിനു മുമ്പുതന്നെ പുതിയ സഹോദരാർത്ഥികളെ തേടിപ്പിടിക്കുവാനുള്ള സത്വരനടപടികറം ആരംഭിക്കേണ്ടതാണെന്നും സഹോദരവിഭാഗം തീരുമാനിച്ചു. അതനുസരിച്ച് നിത്യവ്രതം ചെയ്ത ബ്രദേഴ്സ് എല്ലാവരും ചേർന്ന് സഹോദരദൈവവിളി പ്രോൽസാഹിപ്പിക്കുന്നതിനും സംഘടിപ്പിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി ബ്രദർ ജോസഫ് മുണ്ടമൂഴിക്കരയെ വൊക്കേഷൻ ഡയറക്ടറായി ചുമതലപ്പെടുത്തി. അദ്ദേഹത്തിൻെറ അക്ഷീണ പരിശ്രമഫലമായി ചുരുങ്ങിയ ഒരു കാലയളവുകൊണ്ടു സഭയിൽ സഹോദരാർത്ഥികളുടെ എണ്ണം ഗണ്യമായി വർദ്ധിച്ചു. അങ്ങനെ വിഭജനകാലത്തു് വ്രതവാഗ്ദാനം നടത്തിയ 22 സഹോദരന്മാരും സന്ന്യാസപരിശീലനം ആരംഭിച്ചിരുന്ന 33 സഹോദരാർത്ഥികളും ഉണ്ടായിരിക്കുവാൻ ഇടയായി എന്നുള്ളതും പ്രസ്താവ്യമാണ്.

## താല്കാലിക ഭരണസമിതി

സന്ന്യാസസഹോദരസമൂഹത്തിനു സ്വന്തമായി ഭരണഘടനയും സഭാനിയമങ്ങളും രൂപപ്പെടുകയും നിയമാനുസരണ

മായി സുപ്പീരിയർ ജനറലിനെയും ഇതര ഭാരവാഹികളെയും തിരഞ്ഞെടുക്കുകയും ചെയ്യുന്നതുവരെ സി. എസ്. ററി. സഭയുടെ ഭരണകാര്യനിർവ്വഹണത്തിന്, 1978 ഡിസംബർ 14-ാം തീയതി എറണാകുളം അതിമെത്രാസനമന്ദിരത്തിൽ കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയുടെ സാന്നിധ്യത്തിൽ, സഹോദരന്മാരുടെ പൊതു അഭിപ്രായപ്രകാരം സി. എസ്. ററി. സഭയുടെ സുപ്പീരിയർ ജനറലായി റവ. ബ്രദർ അൽഫോൻസ് മാടശ്ശേരിയെ നാമനിർദ്ദേശം ചെയ്തു തിരഞ്ഞെടുത്തു. ജനറൽ കൗൺസിലർമാരായി റവ. ബ്രദർ ഫിലിപ്പ് മൂലൻ, റവ. ബ്രദർ മൈക്കിൾ തോട്ടത്തിൽ, റവ. ബ്രദർ ബോർജിയാ അണ്ണാത്തുകുഴി, റവ. ബ്രദർ അലക്സാണ്ടർ മട്ടക്കുഴി എന്നിവരെയും പ്രൊക്കുറേറ്റർ ജനറലായി റവ. ബ്രദർ സ്റ്റീഫൻ ഗോപുരനെയും തിരഞ്ഞെടുത്തു.

എട്ട്

# സി. എസ്. ററി. സഭ വിഭജനത്തിനുശേഷം

വിഭജനത്തിനുശേഷം സി.എസ്.ററി. സഭ സ്വാശ്രയതത്തിൻെറയും സ്വയംഭരണത്തിൻെറയും സദ്ഭാവങ്ങരം ഉരംക്കൊണ്ടുകൊണ്ട് ക്രമാനുഗതമായി പുരോഗമിക്കുവാൻ തുടങ്ങി. കുറേനാളുകളായി സഭാംഗങ്ങളെ അലട്ടിക്കൊണ്ടിരുന്ന വിവാദപ്രശ്നങ്ങരംക്കെല്ലാം അറുതിവന്നതോടുകൂടി, ശാന്തവും സ്വച്ഛവുമായ അന്തരീക്ഷത്തിൽ സഭാവികസനപരമായ കാര്യങ്ങളിൽ കൂടുതൽ ഒരുമയോടും യാഥാർത്ഥ്യബോധത്തോടുംകൂടി ക്രിയാത്മകമായി ഭാഗഭാക്കാകുവാൻ എല്ലാവർക്കും അവസരം ലഭിച്ചു. സഭയുടെ ഇനിയുള്ള വളർച്ച ഓരോ സഭാംഗത്തിൻെറയും കരങ്ങളിലാണ് സ്ഥിതി ചെയ്യുന്നത് എന്നും ഓരോ സഭാംഗവും തികഞ്ഞ ദൗത്യബോധത്തോടും സന്ന്യാസതീക്ഷ്ണതയോടുംകൂടി പരമാവധി യത്നിച്ച് സഭയുടെ വളർച്ച തിരിയിൽനിന്നു കൊളുത്തിയ ദീപശിഖപോലെ ഉപരിവ്യാപ്തവും ദീപ്തവുമാക്കിയാൽ മാത്രമേ വിഭജനം ന്യായീകരിക്കപ്പെടുകയുള്ളൂ എന്നുമുള്ള ചിന്ത സഭാംഗങ്ങളെ കൂടുതൽ കർമ്മോദ്യുക്തരും ആവേശഭരിതരുമാക്കി. തദ്ഫലമായി സഭാതലത്തിൽ ആശയപരമായ ഐക്യദാർഢ്യവും വികസനാത്മകമായ ഏകതാനതയും ആദ്ധ്യാത്മികമായ ഏകാഗ്രതയും പ്രകടമായി.

## ആദ്യത്തെ തിരഞ്ഞെടുപ്പ്

1979 മാർച്ച് 29-ാം തീയതി സി. എസ്. ററി. സഭയുടെ ആദ്യത്തെ ഭരണസമിതിയെ തിരഞ്ഞെടുക്കുന്നതിനുള്ള ജനറൽ ചാപ്ററർ സമ്മേളിച്ചു.

റവ. ബ്രദർ അൽഫോൻസ് മാടശ്ശേരിയെ സുപ്പീരിയർ ജനറലായും, റവ. ബ്രദേഴ്സ് മൈക്കിരം തോട്ടത്തിൽ,

ബോർജിയാ അണ്ണാത്തുകുഴി, പോൾ കളമ്പുകാട്ട്, ലെയോ പ്പോൾഡ് മാഞ്ഞൂരാൻ എന്നിവരെ കൗൺസിലർമാരായും, റവ. ബ്ര. സ്റ്റീഫൻ ഗോപുരനെ പ്രൊക്കുറേറ്റർ ജനറലായും റവ. ബ്ര. ബർക്കുമാൻസ് കോയിക്കരയെ അക്കൗണ്ടന്റു ജനറ ലായും ഏകകണ്ഠമായി തിരഞ്ഞെടുത്തു.

ഒരു ഇടക്കാല സംവിധാനമെന്ന നിലയിൽ എറണാകുളം മെത്രാപ്പോലീത്താ കാർഡിനൽ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട താല്ക്കാലിക ഭരണസമിതിയെത്തുടർന്നാണ് നിയമപ്രകാരം തിരഞ്ഞെടുക്കപ്പെട്ട ഈ ഭരണസമിതി നിലവിൽ വന്നതു്. 1982-ൽ ഈ സമിതിയുടെ കാലാവധി തീർന്നു.

## 1982-ലെ തിരഞ്ഞെടുപ്പ്

1979-ലെ ജനറൽ ചാപ്റ്ററിൽ സഭയുടെ പുതിയ റൂള കൾ തയ്യാറാക്കുന്നതിനു ബ്രദർ ജോസഫ് മുണ്ടമൂഴിക്കരയുടെ നേതൃത്വത്തിൽ ഒരു സബ് കമ്മററിയെ ചുമതലപ്പെടുത്തിയി രുന്നു. പ്രസ്തുത റൂൾസ് കമ്മററി തയ്യാറാക്കിയ റൂളുകളുടെ കരടു രൂപം 1980 മാർച്ച് 10-ാം തീയതി ചേർന്ന ജനറൽ ചാപ്ററ റിൽ വായിച്ചു പാസ്സാക്കിയശേഷം അംഗീകാരത്തിനായി അഭിവന്ദ്യ കർദ്ദിനാൾ തിരുമേനിക്കു സമർപ്പിച്ചു. ഏതാനും ഭേദഗതികൾ നിർദ്ദേശിച്ചുകൊണ്ടു് കർദ്ദിനാൾ തിരുമേനി റൂള കൾ പുനഃപരിഗണനയ്ക്കായി തിരിച്ചയച്ചു. അതു പരിഗണന യ്ക്കെടുക്കുന്നതിനുമുമ്പ് 1982-ലെ തിരഞ്ഞെടുപ്പിനുള്ള റൂളുകൾ തയ്യാറാക്കേണ്ട തിരക്കായി. അതു തയ്യാറാക്കി മുറപ്രകാരം സമർപ്പിച്ച് 1981 ഡിസംബർ 16-ാം തീയതി കർദ്ദിനാൾ തിരുമേനിയുടെ അംഗീകാരം ലഭ്യമാക്കി.

അതനുസരിച്ച് 1982 മാർച്ച് 25-ാം തീയതി ചാപ്ററർ ചേർന്നു തിരഞ്ഞെടുപ്പും നടത്തി.

റവ. ബ്രദർ ബോർജിയാ അണ്ണാത്തുകുഴി സുപ്പീരിയർ ജന റലും, റവ. ബ്രദർ അൽഫോൻസ് മാടശ്ശേരി അസി. സുപ്പീരി യർ ജനറലും, ബ. ബ്രദേഴ്സ് ബർക്കുമാൻസ് കോയിക്കര പ്രൊക്കുറേറ്റർ ജനറലും, ജോസഫ് മുണ്ടമൂഴിക്കര, ജറോം

കൊണ്ടോടിക്കരി എന്നിവർ കൗൺസിലർമാരുമായി തിര ഞ്ഞെടുക്കപ്പെട്ടു.

നേരത്തെ കർദ്ദിനാരം തിരുമേനി നിർദ്ദേശിച്ചിരുന്ന ഭേദ ഗതികരം യഥോചിതം പരിഗണിച്ചശേഷം പൂർണ്ണരൂപത്തി ലാക്കിയ ജനറൽ റൂളുകരം 1982 ജൂലൈ 9-ാം തീയതി നിത്യ വ്രതംചെയ്ത എല്ലാ സഭാംഗങ്ങളെയും വിളിച്ചുകൂട്ടി വിശദമായി വായിച്ച് അംഗീകരിച്ചശേഷം വീണ്ടും മേലധ്യക്ഷാനുമതിക്കു സമർപ്പിച്ചു. 1982 ഡിസംബർ 8-ാം തീയതി താഴെ ചേർത്തി രിക്കുന്ന പൈതൃകാശംസകളോടെ കർദ്ദിനാരം തിരുമേനി റൂള കരംക്ക് സ്ഥൈര്യഹികാനുമതി നല്കി.

"പരിപൂർണ്ണതയിൽ വളരുന്നതിനും സഭയുടെ പ്രേഷിത പ്രവർത്തനങ്ങരം ദൈവമഹത്ത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കും ഉപകരിക്കത്തക്കവണ്ണം നടത്തുന്നതിനും ആവശ്യമായ ദൈവാ നുഗ്രഹം നിങ്ങളുടെമേൽ വർഷിക്കപ്പെടട്ടെ എന്ന് ആശംസി ക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു."

എറണാകുളം അരമന-കാർഡിനൽ ജോസഫ് പാറേക്കാട്ടിൽ

8-12-1982
No. 1. 2./(17)
Misc. 20/82

സി. എസ്. റ്റി. സഭ പ്രവർത്തനമേഖലയാക്കിയിരുന്ന തലശ്ശേരി, മാനന്തവാടി രൂപതാ മെത്രാന്മാരും പ്രസ്തുത റൂളു കരം അംഗീകരിച്ച് ആശീർവാദം നല്കി.

1983 ഫെബ്രുവരിയിൽ ലൂർദ്ദു മാതാവിന്റെ തിരുനാരം ദിനത്തിൽ ഈ റൂളുകരം ഔദ്യോഗികമായി നടപ്പിൽവന്നു.

## 1985-ലെ തിരഞ്ഞെടുപ്പ്

മുൻഭരണസമിതിയുടെ കാലാവധി പൂർത്തിയായ മുറയ്ക്ക് 1985 മാർച്ച് 19-നു തിരഞ്ഞെടുപ്പിനായുള്ള ജനറൽ ചാപ്റ്റർ സമ്മേളിച്ചു.

റവ. ബ്രദർ ഫിലിപ്പ് മൂലൻ സുപ്പീരിയർ ജനറലായും, റവ. ബ്ര. ജോസഫ് മുണ്ടുമൂഴിക്കര അസി. സുപ്പീരിയർ ജനറലായും

റവ. ബ്രദേഴ്സ് ജറോം കൊണ്ടോടിക്കരി പ്രൊക്യുറേറ്റർ ജനറലായും, അബ്രാഹം കൊച്ചുപുരയ്ക്കൽ, അലക്സാണ്ടർ മട്ടക്കക്കുഴി എന്നിവർ കൗൺസിലർമാരായും തിരഞ്ഞെടുക്കപ്പെട്ടു.

## 1988–ലെ തിരഞ്ഞെടുപ്പ്

1988-91 കാലയളവിലേക്കും റവ. ബ്രദർ ഫിലിപ്പ് മൂലൻ തന്നെയാണു വീണ്ടും സുപ്പീരിയർ ജനറലായി തിരഞ്ഞെടുക്കപ്പെട്ടതു്. റവ. ബ്രദർ ബോർജിയാ അണ്ണാത്തുകുഴി അസി. സുപ്പീരിയർ ജനറലായും തിരഞ്ഞെടുക്കപ്പെട്ടു. റവ. ബ്രദർ ജോയി പടയാട്ടി ആയിരുന്നു പ്രൊക്യുറേറ്റർ ജനറൽ. റവ. ബ്രദേഴ്സ് ജോസഫ് ആൻറണിയും ജോസ് പുതിയേടത്തും കൗൺസിലർമാരുമായി.

## 1991–ലെ തിരഞ്ഞെടുപ്പ്

1991-94 കാലത്തേയ്ക്ക് റവ. ബ്രദർ ജോസഫ് മുണ്ടമൂഴിക്കരയാണ് സുപ്പീരിയർ ജനറലായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതു്. റവ. ബ്രദർ ജോസഫ് ആൻറണി പത്തിൽച്ചിറയാണ് അസി. സുപ്പീരിയർ ജനറൽ. റവ. ബ്രദർ ജോയി പടയാട്ടി വീണ്ടും പ്രൊക്യുറേറ്റർ ജനറലായി തിരഞ്ഞെടുക്കപ്പെട്ടു. റവ. ബ്രദേഴ്സ് അൽഫോൻസ് മാടശ്ശേരിയും ആൻറണി പാലത്തറയുമാണ് കൗൺസിലർമാർ.

ഒൻപത്

# ആശ്രമങ്ങൾ-സ്ഥാപനങ്ങൾ

വിഭജനത്തിനുശേഷം വികസനരംഗത്തും ദൈവവിളിയുടെ മേഖലയിലും ആദ്ധ്യാത്മികമണ്ഡലത്തിലും സി. എസ്. ററി. സഭ പ്രസ്താവാർഹമായ പുരോഗതിയും നേട്ടങ്ങളും കൈവരിക്കുകയുണ്ടായി എന്നുള്ള വസ്തുത ചാരിതാർത്ഥ്യജനകമാണ്.

1979-ൽ 6 വ്രതാർത്ഥികളും 1980-ൽ 19 പേരും 1981-82 കാലയളവിൽ 7 പേരും 1983-ൽ 4 പേരും 1984-85-ൽ 12 പേരും 1986-ൽ 6 പേരും 1687-ൽ 7 പേരും 1988-ൽ 11 പേരും 1989-ൽ 3 പേരും 1990-ൽ 7 പേരും 1991-ൽ 4 പേരും 1992-ൽ 12 പേരും നവസന്ന്യാസപരിശീലനത്തിനുശേഷം സഭാംഗങ്ങളായി പ്രഥമ വ്രതവാഗ്ദാനം നടത്തുകയുണ്ടായി. ഈ കാലയളവിൽ 22 സഭാംഗങ്ങൾ നിത്യവ്രതം അനുഷ്ഠിക്കുകയുണ്ടായി എന്ന വസ്തുത പ്രസ്താവ്യമാണ്.

സി. എസ്. ററി. സഭയിൽ ഇപ്പോൾ (1992)നിത്യവ്രതം ചെയ്ത 42 സഹോദരന്മാരും ആദ്യവ്രതം അനുഷ്ഠിച്ച 37 പേരും നവസന്ന്യാസികളായി 20 പേരും യോഗാർത്ഥികളായി 25 പേരും ഉണ്ടെന്നുള്ളതു് സഭയുടെ ക്രമാനുഗതമായ വളർച്ചയുടെ സൂചകമായി പരിഗണിക്കാവുന്നതാണല്ലോ.

വിഭജനശേഷം പുതുതായി ചില ആശ്രമങ്ങൾ ആരംഭിക്കുവാനും ആശ്രമങ്ങളോട് അനുബന്ധിച്ച വിദ്യാഭ്യാസസ്ഥാപനങ്ങൾ, തൊഴിൽ പരിശീലനകേന്ദ്രങ്ങൾ, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ മുതലായവയും തുടക്കം കുറിക്കുവാനും സഭയ്ക്കു കഴിഞ്ഞിട്ടുണ്ട്.

കൂടാതെ, അത്യുത്തരഭാരതത്തിൽ പല സംസ്ഥാനങ്ങളിലും ജമ്മുകാശ്മീർ, ആസ്സാം, നാഗാലാൻറ്, മണിപ്പൂർ തുടങ്ങിയ

സംസ്ഥാനങ്ങളിൽ ഡിഫു, കൊഹിമ, ഇംഫാൽ, ജമ്മു-കാശ്മീർ തുടങ്ങിയ രൂപതാതിർത്തിക്കുള്ളിൽ അതതു രൂപതാദ്ധ്യക്ഷന്മാരുടെ പ്രോത്സാഹനസഹായങ്ങളോടെ സി.എസ്.ററി. സഭ ഏതാനും മിഷൻ കേന്ദ്രങ്ങളുടെ ചുമതലയും ഏറെറടുത്തിട്ടുണ്ട്.

സി. എസ്. ററി. വകയായുള്ള ആശ്രമങ്ങളുടെയും അനുബന്ധസ്ഥാപനങ്ങളുടെയും ഒരു സംക്ഷിപ്ത വിവരണം ചുവടെ താഴെ ചേർത്തിരിക്കുന്നു.

## I സി. എസ്. ററി. ജനറലേററ്

മൂക്കന്നൂർ മാതൃഭവനത്തോടു ചേർന്നു് സി. എസ്. ററി. ജനറലേററും ആഫീസും പ്രവർത്തിച്ചുവരുന്നു.

ജനറലേററ് ആസ്ഥാനം അങ്കമാലിയിലേക്കു മാററി സ്ഥാപിക്കുന്നതിനായി, ഹോംസയൻസ് കോളേജിനു് എതിർവശത്തായി സൗകര്യപ്രദമായ കുറെസ്ഥലം വാങ്ങി പ്രാരംഭ നടപടികൾ നടത്തിവരുന്നു.

## II മൂക്കന്നൂർ ലിററിൽഫ്ളവർ ആശ്രമം

സി. എസ്. ററി. സഭയുടെ മാതൃഭവനമാണ്. മാതൃഭവനത്തോട് അനുബന്ധിച്ചുള്ള വിവിധ സ്ഥാപനങ്ങളുടെ ചുമതല വഹിക്കുന്ന ഇരുപത്തഞ്ചോളം സഹോദരന്മാർ ഈ ആശ്രമത്തിൽ താമസിച്ചുവരുന്നു. കൂടുതൽ പേർക്കു താമസിക്കുവാനുള്ള സൗകര്യവും ഉണ്ട്.

കുടിവെള്ളത്തിൻെറ ലഭ്യതയ്ക്കും ജലസേചന സൗകര്യങ്ങൾക്കുമായി, വിപുലമായ സംഭരണശേഷിയുള്ള വാട്ടർടാങ്കും പൈപ്പു ലൈനും ജനറേററർ സിസ്റ്റവും സ്ഥാപിച്ചിട്ടുണ്ട്.

### 1. തിരുഹൃദയ ബാലനഗർ, മൂക്കന്നൂർ

ഒന്നാം ക്ലാസ്സു മുതൽ ഹൈസ്കൂൾ ക്ലാസ്സുകളിലും ടെക്നിക്കൽ സ്കൂളിലും പഠിക്കുന്ന കുട്ടികൾ ഇവിടെ താമസിക്കുന്നു. ഇവർക്കെല്ലാം ഭക്ഷണവും വസ്ത്രവും വിദ്യാഭ്യാസവും ചികിത്സയും സൗജന്യമായി നല്കുന്നു.

മേൽനോട്ടത്തിൻെറ സൗകര്യത്തിനുവേണ്ടി അന്തേവാസികളെ പ്രായത്തിൻെറ അടിസ്ഥാനത്തിൽ പല ഗ്രൂപ്പുകളായി തിരിച്ചിരിക്കുന്നു.

കേരളത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വിഭിന്ന സമുദായങ്ങളിൽപ്പെട്ട മുന്നൂറിൽപ്പരം കുട്ടികൾ ഈ സ്ഥാപനത്തിൻെറ ഗുണഭോക്താക്കളായി ഇപ്പോൾ ഇവിടെയുണ്ട്. അടുത്തകാലത്തു് പുതിയ കോൺക്രീററു കെട്ടിടം നിർമ്മിച്ച് കുട്ടികളുടെ താമസം കൂടുതൽ സൗകര്യപ്രദമാക്കിയിട്ടുണ്ട്.

കുട്ടികൾക്ക് പാഠ്യേതര പ്രവർത്തനങ്ങൾക്കും വിനോദ പരിപാടികൾക്കും വിപുലമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതിനു പുറമേ, ബാൻറുവാദ്യപരിശീലനം സംഗീതാഭ്യസനം തുടങ്ങിയ കലാപരമായ പ്രോത്സാഹനങ്ങളും നല്കിവരുന്നുണ്ട്.

## 2. ബാലനഗർ ടെക്നിക്കൽ ഇൻസ്ററിററ്യൂട്ട് മൂക്കന്നൂർ

ഇവിടെ 12 ട്രേഡുകളിൽ പരിശീലനം നല്കുന്നു. കേരളത്തിൽ പ്രൈവററ് മേഖലയിൽ പ്രവർത്തിക്കുന്ന ഐ. ററി. സി.കളിൽ മുന്നണിയിൽ നില്ക്കുന്ന ഒരു സ്ഥാപനമാണിതു്.

34 യൂണിററുകളിലായി 145–ൽ പരം അദ്ധ്യാപകർ ഇവിടെ സേവനം അനുഷ്ഠിക്കുന്നുണ്ട്.

ഡയറക്ടറായും, ജോയിൻറ് ഡയറക്ടേഴ്സായും, സ്റ്റാഫായും വിദഗ്ദ്ധപരിശീലനം സിദ്ധിച്ച അഞ്ച് സി.എസ്.ററി. സഹോദരന്മാർ സ്ഥാപനത്തിൻെറ മേൽനോട്ടം വഹിക്കുന്നു.

3. ഈ ഐ. ററി. സി. യോടു് ചേർന്നു് വില്പനയ്ക്കു തയ്യാറാക്കിയിട്ടുള്ള ലോഹനിർമ്മിതമായ വിവിധ ഗൃഹോപകരണങ്ങളും ആഫീസ് അനുസാരികളും പ്രദർശിപ്പിച്ചിരിക്കുന്ന ഒരു ഷോറൂമും ഉണ്ട്.

ഈ ഐ. ററി. സി യോട് ബന്ധപ്പെടുത്തി പ്രവർത്തിച്ചു വരുന്ന പ്രൊഡക്ഷൻ സെൻററിൻെറ ആഭിമുഖ്യത്തിലാണ് ഈ ഷോറും നടത്തുന്നതു്. ഈ പ്രൊഡക്ഷൻ സെൻററിലും ഇരുപതിൽപ്പരം ജീവനക്കാരും ഗുണഭോക്താക്കളും ഉണ്ട്.

## 4. മാർ അഗസ്ററിൻ ഗോൾഡൻ ജൂബിലി ഹോസ്പിററൽ, മൂക്കന്നൂർ

ഈ ആശുപത്രിയിൽ 3 ഡോക്ടർമാരും നസ്രത്തു് സന്ന്യാസിനീ സഭാംഗങ്ങളും ഉൾപ്പെടെ 15 നേഴ്സുമാരും സേവനം അനുഷ്ഠിക്കുന്ന 120-ൽപരം രോഗികൾക്കുള്ള കിടക്ക സൗകര്യവും വാർഡു സംവിധാനങ്ങളും ഉണ്ടു്. ശസ്ത്രക്രിയകൾക്കുള്ള വിപുലമായ തീയേററർ സജ്ജീകരണങ്ങളും ഏർപ്പെടുത്തിയിരിക്കുന്നു.

## 5. ബാലനഗർ പ്രസ്, മൂക്കന്നൂർ

ആറു ജീവനക്കാർ ഈ മുദ്രാലയത്തിൽ പ്രവർത്തിക്കുന്നു. എല്ലാവിധ അച്ചടിജോലികളും ഇവിടെ നടന്നുവരുന്നു.

## 6. എസ്. എച്ച്. ഓർഫനേജ് ഹൈസ്കൂൾ മൂക്കന്നൂർ

പ്രൈമറി മുതൽ ഹൈസ്കൂൾ വിഭാഗം വരെയുള്ള ഈ സ്കൂളിൽ രണ്ടായിരത്തിൽപ്പരം അദ്ധ്യേതാക്കളും, അദ്ധ്യാപകരും അദ്ധ്യാപകേതരരുമായി അമ്പതിൽപ്പരം സ്റ്റാഫ് അംഗങ്ങളുമുണ്ടു്.

പഠനനിലവാരത്തിലും കലാ-കായികരംഗങ്ങളിലും ഈ വിദ്യാലയം ഉന്നതശ്രേണിയിൽതന്നെ.

## 7. സി. എസ്. ററി. വെൽഫെയർ സെൻററർ മൂക്കന്നൂർ

പരിശീലനം, നിർമ്മാണം എന്ന ദ്വിമുഖ ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന കരകൗശല സ്ഥാപനമാണു്. ഇവിടെ 140 കുട്ടികൾ മരപ്പണിയുടെ വിവിധ ശാഖകളിൽ പരിശീലനം നേടുന്നു. പരിശീലകരും പ്രവർത്തകരുമായി ഇരുപതോളം പേരും ഉണ്ടു്.

ഇതോടനുബന്ധിച്ചുള്ള ഷോറൂമിൽ മേൽത്തരം തടിയിൽ വളരെ മനോഹരമായും ഈടുററ രീതിയിലും നിർമ്മിച്ചിട്ടുള്ള പലതരം ഗൃഹോപകരണങ്ങൾ വില്പനയ്ക്കു സജ്ജമാക്കിയിട്ടുണ്ടു്.

വിദഗ്ദ്ധപരിശീലനം സിദ്ധിച്ച രണ്ടു സി. എസ്. ററി. സഹോദരന്മാർ തന്നെ ഈ സ്ഥാപനത്തിൻെറ മേൽനോട്ടവും വഹിക്കുന്നു.

സഭയുടെ സുവർണ്ണജൂബിലി സ്മാരകമായി സമാരംഭിച്ചതാണ് ഈ സ്ഥാപനം.

## 8. സെൻററ് തോമസ് തുണിനെയ്ത്തുശാല മൂക്കന്നൂർ

ഉല്പാദനത്തോടൊപ്പം പരിശീലനം ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ഒരു സ്ഥാപനമാണ്. പത്തു തൊഴിലാളികൾക്ക് ഇവിടെ തൊഴിൽ സൗകര്യം ഉണ്ട്. പലതരം തുണികൾ ഇവിടെ നെയ്തു വരുന്നു. ഓർഡർ അനുസരിച്ചാണ് ഉല്പാദനം.

## 9. ഗ്രാമീണ കേന്ദ്ര ഗ്രന്ഥാലയം, മൂക്കന്നൂർ

ഗ്രാമവാസികളുടെ വിജ്ഞാനവർദ്ധനവിനും മാനസികോല്ലാസത്തിനും ഉപകരിക്കുന്ന അയ്യായിരത്തിൽപ്പരം സദ്ഗ്രന്ഥങ്ങൾ വിതരണത്തിനു സൗകര്യപ്പെടുത്തിയിട്ടുള്ള ഒരു നല്ല ഗ്രന്ഥശാലയാണിത്.

## 10. ലഘുനിക്ഷേപ പദ്ധതി, മൂക്കന്നൂർ

ജനങ്ങളിൽ മിതവ്യയശീലവും മിച്ചസമ്പാദ്യമനോഭാവവും വളർത്തുന്നതിനും അപ്രതീക്ഷിതമായി നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടു തരണം ചെയ്യാൻ സഹായിക്കുന്നതിനുമായി മൂക്കന്നൂർ ചെറുപുഷ്പാശ്രമത്തിൻെറ നേതൃത്വത്തിൽ സംഘടിപ്പിച്ചിരിക്കുന്ന ഈ ലഘുസമ്പാദ്യപദ്ധതിയിൽ നൂറിൽപ്പരം അംഗങ്ങൾ സഹകരിക്കുന്നുണ്ട്.

## 11. ഷോപ്പിംഗ് കോംപ്ലക്സ്, മൂക്കന്നൂർ

മൂക്കന്നൂർ പ്രദേശത്തിൻെറ വ്യാപാര-വ്യാവസായിക വികസനം ലക്ഷ്യമാക്കി മൂക്കന്നൂർ ആശുപത്രിയുടെ പുരോഭാഗത്ത് വിപുലമായ വ്യാപാരസൗകര്യങ്ങളോടു കൂടിയ ഒരു ഷോപ്പിംഗ് കോംപ്ളക്സ് നിർമ്മിച്ച് പൊതുജനോപകാരപ്രദമാം വണ്ണം ക്രമീകരിച്ചു നല്കിയിരിക്കുന്നു.

## 12. എസ്. എച്ച്. ഓർഫണേജ് ഡിപ്പോ എറണാകുളം

മൂക്കന്നൂർ ബാലനഗർ ഓർഫണേജിൻെറ ദൈനംദിന ച്ചെലവുകറംക്കള്ള ഒരു വരുമാനമാർഗ്ഗമെന്ന നിലയിൽ അതിൻെറ ഒരു അനുബന്ധസ്ഥാപനമായി എറണാകുളം ബ്രോഡ്‌വേയിൽ അതിരൂപത സംഭാവനചെയ്ത സ്ഥലത്തുള്ള കെട്ടിടത്തിൽ ഈ ഡിപ്പോ പ്രവർത്തിച്ചുവരുന്നു. ഈയടുത്ത കാലത്തു് ഇതിൻെറ പ്രവർത്തനം വിപുലീകരിച്ച കൂടുതൽ ആദ്ധ്യാത്മിക ഗ്രന്ഥങ്ങളും ഭക്തസാമഗ്രികളും കൗതുകവസ്തുക്കളും മററും സംഭരിച്ച പ്രദർശിപ്പിച്ച് ഡിപ്പോ വളരെ ആകർഷകമാക്കിയിട്ടുണ്ടു്.

## III ചെറുപുഷ്പ യോഗാർത്ഥി ഭവനം മൂക്കന്നൂർ

മൂക്കന്നൂർ സി.എസ്.ററി. മാതൃഭവനത്തോടുചേർന്നു യോഗാത്ഥിഭവനം നടന്നുവരുന്നു. ഈ ഭവനത്തിൽ 25–ൽപരം യോഗാത്ഥികറം പ്രാരംഭപരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്നു. ഇവരെ പരിശീലിപ്പിക്കുന്നതിനു പ്രത്യേകം ബ്രദർ റെക്ടറും മററും ഇവിടെ ഉണ്ടു്. സഭയിൽ ചേരാൻ ആഗ്രഹം പ്രകടിപ്പിക്കുന്ന, എസ്. എസ്. എൽ. സി.യോ ഉയർന്ന പരീക്ഷയോ പാസ്സായിട്ടുള്ള ത്യാഗസന്നദ്ധരായ കുട്ടികളെ നിഷ്കൃഷ്ടമായ നിരീക്ഷണ പരീക്ഷണങ്ങറംക്കശേഷം യോഗാത്ഥികളായി ഇവിടെ സ്വീകരിക്കുന്നു. പ്രാരംഭ പരിശീലനം കഴിഞ്ഞു യോഗ്യരായവരെ നൊവീഷ്യേററ് ഭവനത്തിലേക്കു് അയയ്ക്കുന്നു.

## IV ചെറുപുഷ്പ ദേവാലയം, മൂക്കന്നൂർ

മൂക്കന്നൂർ ആശ്രമത്തോടനുബന്ധിച്ച് ബ്രഹ്മാണ്ഡമനോഹരമായ ചെറുപുഷ്പ ദേവാലയം സ്ഥിതിചെയ്യുന്നു. 1984–ൽ ആണു് ഈ ദേവാലയം ഇപ്പോഴത്തെ രീതിയിൽ പുതുക്കി പണി കഴിച്ചതു്.

കേരളത്തിലെ പ്രസിദ്ധമായ ആദ്യകാല ചെറുപുഷ്പ തീർത്ഥകേന്ദ്രങ്ങളിൽ ഒന്നാണു് മൂക്കന്നൂർ ചെറുപുഷ്പ ദേവാലയം. 1925–ൽ ആണു് ഇവിടെ ദേവാലയം ആരംഭിച്ചതു്.

ദേവാലയത്തിനു തൊട്ടു ദക്ഷിണപാർശ്വത്തിലായി സിമിത്തേരിയും സ്ഥിതിചെയ്യുന്നു.

## V ജോസ്ഗിരി ആശ്രമം, അട്ടാറ

ആശ്രമം വകയായി വിസ്തൃതമായ ഒരു റബ്ബർ എസ്റ്റേററുണ്ട്. ഇതിൻെറ ആദായവും മൂക്കന്നൂർ എസ്. എച്ച്. ഓർഫണേജിൻെറ ആവശ്യത്തിലേക്കായിട്ടാണ് നിയോഗിക്കപ്പെട്ടിരിക്കുന്നത്. ധാരാളം പേർക്ക് കാർഷികരംഗത്ത് തൊഴിൽ ലഭ്യമാക്കുവാൻ ഇവിടത്തെ എസ്റ്റേററ് പ്രവർത്തനം വഴി സാധിക്കുന്നുണ്ട്.

ആശ്രമത്തോടു ചേർന്ന് ഒരു ദേവാലയവും നിർമ്മിച്ചിട്ടുണ്ട്.

## VI ചെറുപുഷ്പാശ്രമം, മാനന്തവാടി

ഇതു് സി. എസ്. ററി. സഭയുടെ നൊവീഷ്യേററ് ഹൗസ് കൂടിയാണ്. രണ്ടാം വർഷക്കാരായ നവസന്ന്യാസികൾ ഇവിടെയാണ് സന്ന്യാസ പരിശീലനം നേടുന്നത്. ഇപ്പോൾ 7 പേർ ഇവിടെ പരിശീലനത്തിലുണ്ട്.

ഈ ആശ്രമത്തിൻെറ ആഭിമുഖ്യത്തിൽ ലിററിൽ ഫ്ളവർ ഇൻഡസ്ട്രിയൽ ട്രയിനിംഗ് സെൻറർ എന്ന പേരിൽ 1984 മുതൽ ഒരു ഐ. ററി. സി. യും നടത്തുന്നുണ്ട്. ഗവൺമെൻറ് അംഗീകാരത്തോടു കൂടി വ്യവസ്ഥാപിതമായ രീതിയിൽ നടത്തുന്ന ഈ സെൻററിൽ അഞ്ചു് ട്രേഡുകളിൽ പരിശീലനം നല്കുന്നുണ്ട്. ആറു ജീവനക്കാരും നൂററിനാല്പതു വിദ്യാർത്ഥികളും ഇപ്പോൾ ഇവിടെയുണ്ട്.

ആശ്രമകാര്യങ്ങളും നവസന്ന്യാസപരിശീലനവും ഐ. ററി. സി. യുടെ ഭരണവും നിർവഹിക്കുന്നതിന് സുപ്പീരിയറും അസി. സുപ്പീരിയറും റെക്ടറും പ്രിൻസിപ്പലുമായി സഹോദരന്മാർ നിയുക്തരായിട്ടുണ്ട്.

## VII മേരിഗിരി ആശ്രമം, കൂട്ടുമുഖം–കണ്ണൂർ

തലശ്ശേരി രൂപതാതിർത്തിയിൽപ്പെട്ട ഈ ആശ്രമത്തോടനുബന്ധിച്ചുള്ള ദേവാലയത്തിൽ വ്യാഴാഴ്ചതോറും വി. കുർബാനയുടെ പൊതു ആരാധന നടത്തിവരുന്നു.

മേരിഗിരി വെൽഫെയർ സെൻറർ എന്ന പേരിൽ ഇവിടെ ഒരു ഐ. ററി. സി. യും നടത്തുന്നുണ്ട്. 1987-ൽ ആണ് ഐ. ററി. സി. തുടങ്ങിയത്. രണ്ടു ട്രേഡുകളിലായി 80-ൽ പരം കുട്ടികൾ ഇവിടെ പരിശീലനം നടത്തിവരുന്നു. ഏഴ് സ്റ്റാഫംഗങ്ങളുമുണ്ട്.

ഇതിനു പുറമെ മേരിഗിരി ഇംഗ്ലീഷ് മീഡിയം സ്കൂളും ആരംഭിച്ചിട്ടുണ്ട്.

സുപ്പീരിയർക്കു പുറമേ ഐ. ററി. സി. പ്രിൻസിപ്പലായും ഇംഗ്ലീഷ് സ്കൂൾ ഹെഡ്മാസ്റ്ററായും സഹോദരന്മാർ ഇവിടെ സേവനം അനുഷ്ഠിക്കുന്നു.

## VIII സെൻറ് സ്ററീഫൻസ് ആശ്രമം മത്തുങ്കൽ-ചെമ്പ്

ചെറുപുഷ്പസഭയുടെ രണ്ടാമത്തെ ആശ്രമമാണ് ചെമ്പ് മത്തുങ്കൽ സ്ഥാപിതമായിരിക്കുന്ന ഈ ആശ്രമം.

ആശ്രമത്തോടനുബന്ധിച്ച് ഒരു ദേവാലയമുണ്ട്.

ആശ്രമാംഗങ്ങളുടെ നേതൃത്വത്തിൽ ചെമ്പ് അങ്ങാടിയിൽ നിന്നു പടിഞ്ഞാറേ കായൽത്തീരം വരെ ഒരു റോഡു തീർത്തു് വാഹനഗതാഗതയോഗ്യമാക്കിയിട്ടുണ്ട്.

ബാലസദൻ എന്ന പേരിൽ ഇവിടെ ഒരു ഓർഫണേജും ഉണ്ട്. എൽ. പി., യു. പി. സ്കൂളുകളിൽ പഠിക്കുന്ന അൻപതോളം കുട്ടികൾ ഇവിടത്തെ അന്തേവാസികളാണ്. ഇവരുടെ എല്ലാ ചെലവുകളും സ്ഥാപനം തന്നെ വഹിച്ചുവരുന്നു.

ഒരു കാർപ്പൻററി സ്കൂളും ഇവിടെ ആരംഭഘട്ടത്തിലായിട്ടുണ്ട്. മരപ്പണിയിൽ താല്പര്യമുള്ളവരും ഉയർന്ന വിദ്യാഭ്യാസ യോഗ്യതയില്ലാത്തവരുമായ കുട്ടികളെ പലതരം മരപ്പണികൾ പരിശീലിപ്പിക്കുകയാണ് ഈ സാങ്കേതികസ്ഥാപനത്തിൻെറ ലക്ഷ്യം.

## IX ചെറുപുഷ്പാശ്രമം, പുത്തൻകുരിശ്

ഇതു സഭയുടെ നൊവീഷ്യേററ് ഭവനംകൂടിയാണ്. ഒന്നാം വർഷക്കാരായ 13 പേർ ഇപ്പോൾ ഇവിടെ പരിശീലനം നേടുന്നു.

11062534



ഇവിടെ ആശ്രമക്കെട്ടിടം വിപുലപ്പെടുത്തുകയും ഒരു ചാപ്പൽ പുതുതായി നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

നവസന്ന്യാസ ഭവനത്തിൻെറ ആവശ്യത്തിലേക്ക് കുറെ നെൽപ്പാടങ്ങളും വാങ്ങിച്ചു.

ലിസ്യനഗർ ടെക്നിക്കൽ ഇൻസ്റ്റിററ്യൂട്ട് എന്നപേരിൽ 1991-ൽ ഇവിടെ ഒരു ഐ. ററി. സി. യും ആരംഭിച്ചിട്ടുണ്ട്. ഇവിടെ മോട്ടോർ മെക്കാനിക്കൽ ട്രേഡിൽ 36 പേർ പരിശീലനം നടത്തുന്നുണ്ട്.

കൂടാതെ ആശ്രമത്തിൻെറ ചുമതലയിൽ എറണാകുളം അതിരൂപതയിൽപ്പെട്ട ഇടവകപ്പള്ളിയും നടത്തുന്നുണ്ട്.

ആശ്രമസുപ്പീരിയറും നൊവീസ് മാസ്റററും ഐ.ററി.സി. പ്രിൻസിപ്പലുമായി സഹോദരന്മാർ സേവനം അനുഷ്ഠിക്കുന്നു. ഉദ്ദേശം 29 ഏക്കർ വരുന്ന ഭൂസ്വത്ത് ഇപ്പോഠം ആശ്രമത്തിനുണ്ട്.

## X സെൻറ് അഗസ്ററിൻസ് ആശ്രമം പള്ളുരുത്തി

പള്ളുരുത്തി ഇടവകയിൽപ്പെട്ട വടശ്ശേരി കുടുംബം സംഭാവന ചെയ്ത സ്ഥലത്താണ് ഈ ആശ്രമം സ്ഥിതിചെയ്യുന്നത്.

'സെൻറ് പോഠസ് ട്രയിനിംഗ് സെൻറർ കം ഓട്ടോമൊബൈൽ വർക്കു് ഷോപ്പ്' എന്ന സ്ഥാപനവും ഇവിടെ നടത്തി വരുന്നു. കുട്ടികഠം വർക്കുഷോപ്പ് പ്രവർത്തനം പരിശീലിക്കുന്നതിനായി ഇവിടെ വരുന്നുണ്ട്. 1981-ലാണ് ഈ ആശ്രമം നിലവിൽ വന്നതു്.

## XI പുഷ്പസദൻ, തൃക്കാക്കര

ആദ്യ വ്രതം സ്വീകരിച്ച ജൂണിയർ ബ്രദേഴ്സിനു് ആധ്യാത്മികവിഷയങ്ങളിൽ ഉപരിപരിശീലനം നേടുന്നതിനും ഉന്നത കലാലയ വിദ്യാഭ്യാസത്തിന് സൗകര്യം ലഭിക്കുന്നതിനും വേണ്ടി സ്ഥാപിതമായിരിക്കുന്ന പഠനഗൃഹമാണിതു്. കൂടുതൽ പേർക്കു താമസസൗകര്യമുള്ള ആശ്രമമന്ദിരവും പ്രാർത്ഥനാലയവും ഇവിടെ നിർമ്മിച്ചിട്ടുണ്ട്.

DVK Library
Bangalore - 29

1/1062324



വിദഗ്ദ്ധരായ സീനിയർ ബ്രദർമാർ റെക്ടറായും ബർസാറായും വൈസ് റെക്ടറായും ഇവിടെ സേവനം അനുഷ്ഠിക്കുന്നു.

17 ജൂണിയർ ബ്രദേഴ്സ് ഇവിടെ താമസിച്ച് കോളേജ് വിദ്യാഭ്യാസം നടത്തിവരുന്നു.

## XII ഞറുകുററി ആശ്രമം

കോതമംഗലം രൂപതയിൽ മുതലക്കോടം ഇടവകയിൽ പെട്ട ഞറുകുററി എന്ന സ്ഥലത്തു് സി. എസ്. ററി. സഭയുടെ ഒരു ആശ്രമവും അനൗപചാരിക (Non-formal) ഐ. ററി. സി.യും നിർമ്മാണഘട്ടത്തിലായിരിക്കുന്നു.

# ഉത്തരേന്ത്യൻ മിഷൻരൂപതകളിൽ

## XIII റീജിയണൽ മിഷൻ ഹൗസ്

ആസ്സാം സംസ്ഥാനത്തു് ഡിഫു രൂപതയിൽപ്പെട്ട കെരോണി ഗവോൺ (Kerony gaon) എന്ന സ്ഥലത്ത് 1991–ൽ സ്ഥാപിതം. സി. എസ്. ററി. സഭ നടത്തുന്ന ഉത്തരേന്ത്യൻ മിഷൻ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളും നിയന്ത്രിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുന്ന മേഖലാ ഭവനമാണ്. പരിചയ സമ്പന്നനും പക്വമതിയുമായ ബ്രദർ ഫിലിപ്പ് മൂലൻ റീജിയണൽ സുപ്പീരിയറായി സേവനം അനുഷ്ഠിക്കുന്നു.

'സെൻറ് തെരേസാസ് വൊക്കേഷണൽ ട്രയിനിംഗ് സെൻറർ' എന്നപേരിൽ 1991–ൽ ഇവിടെ ഒരു ഐ. ററി. സി.യും പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. മരപ്പണിയിലും വെൽഡിംഗിലും ഓട്ടോ മൊബൈൽ, ഇലക്ട്രീഷ്യൻ എന്നീ ട്രേഡുകളിലും വിദ്യാഭ്യാസം കുറഞ്ഞ കുട്ടികൾക്ക് ഇവിടെ അനൗപചാരിക (Non-formal) പരിശീലനം നല്കി വരുന്നു.

## XIV ലിസ്യു ഭവൻ, കാവുരി പഹാർ

ആസാം സ്റ്റേററിൽ ഡിഫു രൂപതയിൽപ്പെട്ട കാവുരി പഹാറിൽ നാട്ടുകാർ സംഭാവനചെയ്ത സ്ഥലത്തു് ഈ ആശ്രമം സ്ഥിതിചെയ്യുന്നു. 1986–ൽ ആണ് ഈ ആശ്രമസ്ഥാപനം നടന്നതു്. അതേ വർഷംതന്നെ ഇവിടെ ഹോസ്റ്റൽ സൗകര്യങ്ങളോടുകൂടിയ ഒരു ഇംഗ്ലീഷ് മീഡിയം സ്കൂളും ആരംഭിച്ചു.

സെൻറ് തെരേസാസ് ഇംഗ്ലീഷ് സ്കൂരം എന്നറിയപ്പെടുന്ന ഈ വിദ്യാലയത്തിൽ 150-ൽപരം കുട്ടികരം പഠിക്കുന്നുണ്ട്. ഒരവികസിത ഗിരിവർഗ്ഗമേഖലയെ സംബന്ധിച്ചിടത്തോളം ഇതു് പ്രസ്താവാർഹമായ ഒരു നേട്ടം തന്നെയാണ്.

## XV പുഷ്പഗിരി ആശ്രമം ജെലുക്കി–നാഗാലാൻഡ്

നാഗാലാൻഡിൽ കൊഹിമാ രൂപതയിലാണ് ജെല്യക്കി പുഷ്പഗിരി ആശ്രമം. 1986–ലാണ് ഈ സ്ഥാപനം ഉടലെടുത്തതു്.

സി. എസ്. ററി. സോഷ്യൽ വെൽഫെയർ സെൻറർ എന്ന പേരിൽ 1986-ൽത്തന്നെ ഇവിടെ ഒരു ഐ. ററി. സി. കും തുടക്കംകുറിച്ചു. ഫാമിംഗ്, കാർപ്പെൻററി, വെൽഡിംഗ് എന്നീ ട്രേഡുകളിൽ ഇവിടെ പാവപ്പെട്ട കുട്ടികരംക്കു പരിശീലനം നല്കിവരുന്നു. പരിശീലനത്തിനു് എടുക്കുന്നവർക്കു് വിദ്യാഭ്യാസയോഗ്യതയോ പ്രായപരിധിയോ നിർബന്ധിതമല്ല.

## XVI സേവാസദൻ, തലയ്ത്തെങ്ങ്ഫായി

മണിപ്പൂർ സ്റ്റേററിൽ ഇംഫാൽ രൂപതയിൽപ്പെട്ട തലയ് ത്തെങ്ങ്ഫായി എന്ന സ്ഥലത്തു് 1988-ൽ ഈ ആശ്രമം നിലവിൽ വന്നു. അതേവർഷംതന്നെ ആശ്രമത്തോടുചേർന്നു് സെൻറ് തെരേസാസ് ഇംഗ്ലീഷ് സ്കൂളും സ്ഥാപിതമായി. 350 വിദ്യാർത്ഥികരം ഇവിടെ പഠിക്കുന്നുണ്ട്. 10 സ്റ്റാഫ് അംഗങ്ങളും ഉണ്ട്. നല്ല നിലയിൽ ഒരു ഐ. ററി. സി.യും ബോർഡിംഗും പ്രവർത്തിക്കുന്നു.

## XVII സെൻറ് പോൾസ് സ്കൂൾ ഗാംഗ്യാൽ–ജമ്മു

ജമ്മു-കാശ്മീർ സംസ്ഥാനത്തു് ജമ്മുവിൽ ഗാംഗ്യാലിൽ 1991–ൽ സി. എസ്. ററി. സഭ വകയായി ഈ സ്ഥാപനം ആരംഭിച്ചു. സി.എസ്.ററി. ബ്രദേഴ്സിൻെറ പൂർണ്ണ ചുമതലയിൽ നടത്തപ്പെടുന്ന ഈ വിദ്യാലയത്തിൽ 150 കുട്ടികരം പഠിക്കുന്നുണ്ട്. അഞ്ചു് അദ്ധ്യാപകരും ഉണ്ട്.

സി. എസ്. ററി. സഭ മിഷൻകേന്ദ്രങ്ങളിൽ നിർദ്ദിഷ്ടമായ മിഷൻപ്രവർത്തനങ്ങരംക്കു പുറമേ സാക്ഷരതാപ്രചാരണം, തൊഴിൽപരിശീലനം, ആരോഗ്യപരിപാലനം, ഗ്രാമശുചീകരണം, സാമൂഹ്യവികസനം മുതലായ പരിപാടികളിലും

ACHARYA PAL... KENDRAM LIBRARY 9940 AL...



ഏർപ്പെട്ടിരിക്കുന്നു. സഭയുടെ ഈവക പ്രവർത്തനങ്ങൾക്കെല്ലാം ഡിഫു, കൊഹിമ, ഇംഫാൽ, ജമ്മു–കാശ്മീർ രൂപതകളിലെ അഭിവന്ദ്യ മെത്രാന്മാരുടെയും ഇതര വൈദികനേതൃതത്തിൻെറയും അകമഴിഞ്ഞ പ്രോത്സാഹനങ്ങളും സഹായസഹകരണങ്ങളും ലഭിച്ചുകൊണ്ടിരിക്കുന്നു എന്ന വസ്തുതയും നന്ദിപൂർവ്വം പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

## ഇതരമേഖലകളിൽ

### എറണാകുളം ആർച്ച്ബിഷപ്സ് ഹൗസിൽ

സി. എസ്. ററി. സഭയിലെ ഒരു സീനിയർ ബ്രദറായ അസ്സീസി സഹോദരൻ എറണാകുളം അതിമെത്രാസന മന്ദിരത്തിൽ നോട്ടറിയായി സേവനം അനുഷ്ഠിച്ചുവരുന്നു. മൂക്കന്നൂർ അനാഥശാല ഡിപ്പോയുടെ ഡയറക്ടറും കൂടിയാണദ്ദേഹം.

### ഉപരിപഠനത്തിൽ

സി.എസ്.ററി. സഭാംഗങ്ങളായ നാലു സഹോദരന്മാർ റോമിൽ ഉപരിപഠനം നടത്തുന്നുണ്ട്. അവരുടെ സൗകര്യാർത്ഥം കോൺഗ്രിഗേഷൻ ഓഫ് സെൻറ് തെരേസ് എന്ന പേരിൽ റോമിൽ സഭവകയായി 1992–ൽ ഒരു ആശ്രമവും ആരംഭിച്ചിട്ടുണ്ട്.

കൂടാതെ ബാംഗ്ലൂരിൽ വിവിധ പഠനകോഴ്സുകളിലായി അഞ്ചു സഹോദരന്മാരും മദ്രാസിൽ ഒരാളും ഉപരിപഠനത്തിലേർപ്പെട്ടിരിക്കുന്നു.

### വൈദിക ശുശ്രൂഷകർ

വിഭജനശേഷം സഭാംഗങ്ങളുടെ ആധ്യാത്മികാവശ്യങ്ങൾക്കും വൈദികശുശ്രൂഷകൾക്കും ആശ്രമങ്ങൾ സ്ഥിതിചെയ്യുന്ന അതതു രൂപതകളിൽപ്പെട്ട വൈദികർക്കു പുറമേ വിൻസെൻഷ്യൻ സഭയിലെയും സി.എം.ഐ. സഭയിലെയും മററും വൈദികരുടെ സേവനം നിർല്ലോഭമായി ലഭിച്ചുകൊണ്ടിരിക്കുന്നുവെന്നുള്ള വസ്തുത അത്യന്തം അഭിമാനകരവും ശുഭോദർക്കവുമായ ഒരു ആദ്ധ്യാത്മിക സഹായസഹകരണമായി സഭാംഗങ്ങൾ കണക്കാക്കുന്നു. യഥാസമയം വൈദികരുടെ സാന്നിദ്ധ്യവും ശുശ്രൂഷാദികളും ലഭിക്കാത്തുള്ള ബുദ്ധിമുട്ടും അസൗകര്യവും സി. എസ്. ററി. സഭയ്ക്ക്, വിഭജനശേഷം ഇന്നോളം ഒരിക്കലും ഒരിടത്തും അനുഭവപ്പെടുകയുണ്ടായിട്ടില്ലെന്ന് സഭാംഗങ്ങൾ കൃതജ്ഞതയോടും ചാരിതാർത്ഥ്യത്തോടും കൂടി അനുസ്മരിക്കുന്നു.

DVK Library
*11062534*
K87 K132

# സി.എസ്.റ്റി സഭാചരിത്രം



Indic Digital Archive Foundation
gpura.org